# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2021 ഏപ്രിൽ വോള്യം: 9 ലക്കം: 8

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള

കോവിഡ്19 മഹാമാരിയേയും തങ്ങളുടെ ജീവനോപാധികളുടേയും അവകാശങ്ങളുടേയും സേവന വ്യവസ്ഥകളുടെ മേലേ ഭരണാധികാരികളും ദല്ലാളുമാരും നടത്തുന്ന ആക്രമണങ്ങളേയും ധീരമായി നേരിടുന്ന ലോകത്തെ തൊഴിലാളികളോടും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളോടും സിഐടിയു ഐക്യദാർഢ്യം രേഖപ്പെടുത്തുന്നു. 07

സിഐടിയു മേയ് ദിന മാനിഫെസ്റ്റോ

41 വാരണാസി സിവിൽ കോടതി വിധി
കെ.ടി. കുഞ്ഞിക്കണ്ണൻ



വർഗീയവൽക്കരണം തീവ്രമാക്കും

പൊതുമേഖലാ ആസ്തികൾ വിൽക്കുവാനും
സ്വത്ത് നികുതി ചുമത്താതിരിക്കാനുമുള്ള 12



ലജ്ജാകരമായ നീക്കം
പ്രഭാത് പട്നായിക്

43 സി പി ചന്ദ്രശേഖർ / ജയതി ഘോഷ്




ലോകത്താകെ കൂലി വരുമാനത്തിന്റെ
അവസ്ഥ കൂടുതൽ മോശമാകുന്നു



ലേബർ കോഡുകൾ
തൊഴിലാളികളെ
എങ്ങനെ ബാധിക്കുന്നു 18

മനുഷ്യത്വരഹിത മുതലാളിത്ത സമ്പദ്
വ്യവസ്ഥയുടെ കാലം അസ്തമിക്കാറായി
45 പോരാട്ടം തുടരുക
എൻ. പത്മലോചനൻ

അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് &
പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# മറക്കരുത് - നാം സമരത്തിലാണ്

വർഗ വിഭജിതമാണ് വർത്തമാനകാല സമൂഹം. ചൂഷക ചൂഷിത വർഗങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലാണ് ലോകമെങ്ങും നടക്കുന്നത്. വർഗരഹിതമായ ഒരു സമൂഹ സൃഷ്ടിവരെ, ഈ സമരത്തിന് അന്ത്യമില്ല. ഒളിഞ്ഞും തെളിഞ്ഞുമുള്ള ഈ വർഗസമരങ്ങൾക്ക് വ്യത്യസ്ത മുഖങ്ങളും ഭാവങ്ങളുമുണ്ടാവാം. എന്നാൽ സാംരാംശത്തിൽ മാറ്റമില്ല. പരസ്പരം കീഴ്പ്പെടുത്താൻ വിരുദ്ധ താല്പര്യങ്ങളുള്ള വർഗങ്ങളുടെ വർഗ സമരങ്ങൾക്ക് നൂറ്റാണ്ടുകളുടെ ചരിത്രമുണ്ട്. ഏറ്റ മിറക്കങ്ങളുടെ ചരിത്രമുണ്ട്. നിലക്കാത്തതായി ഉള്ളത് വർഗ സമരം എന്ന സത്യം മാത്രമാണ്.

സമ്പത്തിന്മേൽ ചൂഷക വർഗം ആധിപത്യം സ്ഥാപിച്ച കാലം തൊട്ട്, അത് നിലനിർത്താനും ചൂഷണം തീവ്രമാക്കാനും, 'ഉടമ' വർഗം കിണഞ്ഞു ശ്രമിച്ച് വരുന്നു. ഈ വർഗത്തിന്റെ താല്പര്യം സംരക്ഷിക്കാൻ അവർ സൃഷ്ടിച്ച ഭരണകൂടം സർവ കഴിവും വിനിയോഗിക്കും. പട്ടാളം, ആയുധങ്ങൾ എന്നിവ മാത്രമല്ല മറ്റ് നിരവധി ഉപാധികളും അവർ ഉപയോഗിക്കും. ചരിത്രം, സാഹിത്യം, സംസ്കാരം, മാധ്യമം തുടങ്ങിയ എല്ലാറ്റിനെയും സ്വന്തം വർഗ താല്പര്യ സംരക്ഷണത്തിനായി ഉടമ വർഗം ഉപയോഗിക്കും. ഇതിനെയെല്ലാം നേരിട്ട് കൊണ്ട് മാത്രമെ, എണ്ണത്തിൽ ഭൂരിപക്ഷമാണെങ്കിലും അധ്വാനിക്കുന്ന വർഗത്തിന് മുന്നേറാൻ സാധിക്കൂ. സമകാലീന വർഗ സമരങ്ങളിൽ മേൽപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിലേ നമുക്ക് ശത്രുവർഗത്തെ നേരിടാനാവൂ.

ശാസ്ത്ര സാങ്കേതിക രംഗങ്ങളിലെ വിപ്ലവകരമായ മുന്നേറ്റങ്ങൾ മനുഷ്യ രാശിയുടെ മുമ്പിൽ അനന്തമായ സാധ്യകൾ തുറന്ന് വെച്ചിട്ടുണ്ട്. ദാരിദ്ര്യം നിരക്ഷരത രോഗങ്ങൾ തുടങ്ങിയവയെല്ലാം നിർമാർജനം ചെയ്ത് ജീവിതം പൂർണ സൗന്ദര്യത്തോടെ ആസ്വദിക്കാനുള്ള അവസരം ലഭ്യമായിട്ടുണ്ട്. എന്നിട്ടും ലോക ജനതയിൽ ഭൂരിപക്ഷവും ദാരിദ്ര്യത്തിലും നിരക്ഷരതയിലുമാണ്. യുദ്ധങ്ങളും വർഗീയ വംശീയ കലാപങ്ങളും അടിച്ചമർത്തലുകളും മനുഷ്യരെ വേട്ടയാടുന്നു. ഒരു പിടി ആളുകൾ സമ്പന്നതയുടെ ഉത്തുംഗതയിൽ എത്തിയപ്പോഴും മഹാഭൂരിപക്ഷം ജനങ്ങൾ ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ തന്നെയാണ്. ഒരു ഭാഷക്കും ഭാവത്തിനും സംസ്കാരത്തിനും ന്യായീകരിക്കാനാവാത്ത ഈ അവസ്ഥയെ മറച്ച് വെക്കാൻ സമ്പന്ന വർഗം ഭാഷയെയും സംസ്കാരത്തെയും വിശ്വാസങ്ങലെയും ബോധപൂർവ്വം ഉപയോഗിക്കുന്നു. വാർത്താ മാധ്യമങ്ങൾ ഈ കുപ്രചരണങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്നു.

ശാസ്ത്ര പുരോഗതി, മാധ്യമ മേഖലയുടെ അനന്തമായ സാധ്യതകൾ വികസിപ്പിച്ചിട്ടുണ്ട്. അച്ചടി, ദൃശ്യ മാധ്യമങ്ങൾക്ക് പുറമെ ഇന്റർനെറ്റിനെ ഉപയോഗിച്ചുള്ള വാർത്താ വിനിമയ ഉപാധികളും വികസിച്ചിട്ടുണ്ട്. നാൾക്ക് നാൾ മാധ്യമ മേഖല പുതിയ വികസന സാധ്യതകൾ തേടിക്കൊണ്ടിരിക്കുകയാണ്. ഒരു നൂറ്റാണ്ട് മുമ്പ് മനുഷ്യന് ചിന്തിക്കാൻ പോലും കഴിയാത്ത, രൂപ ഭാവങ്ങളാണ് മാധ്യമരംഗം നേടിയിരിക്കുന്നത്. ഈ കഴിവിനെയെല്ലാം ഉപയോഗിച്ചാണ് ഭരണ വർഗങ്ങൾ ശത്രു വർഗങ്ങളെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നത്.

ചൂഷണ മുക്തമായ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥയെക്കുറിച്ച് മനുഷ്യൻ ചിന്തിക്കാൻ തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. മനുഷ്യസ്നേഹം, സാഹോദര്യം, സമാധാനം തുടങ്ങിയ ഉൽകൃഷ്ട ആശയങ്ങൾ വിവിധ മത പ്രബോധകന്മാരും മുന്നോട്ടു വെച്ചിട്ടുണ്ട്. എന്നാൽ സോഷ്യലിസം എന്ന ആശയം ശാസ്ത്രീയമായി ആവിഷ്കരിച്ച് ലോകത്തിന് മുന്നിൽ അവതരിപ്പിച്ചത് കാറൽമാർക്സും ഫ്രെഡറിക് എംഗൽസും ചേർന്നാണ്. 1848 ലെ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലൂടെയാണ് അവർ ഇത് അവതരിപ്പിച്ചത്. ഇരുവരും ചേർന്ന് വികസിപ്പിച്ച "വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദം", "മാർക്സിയൻ അർത്ഥശാസ്ത്രം" തുടങ്ങിയ ശാസ്ത്രീയ സിദ്ധാന്തങ്ങൾ ലോകത്തെ ഇളക്കിമറിച്ചു. ലോകത്തെമ്പാടുമുള്ള അധ്വാനിക്കുന്ന ജനത ആവേശപൂർവം അതേറ്റെടുത്തു. ഇരുപതാം നൂറ്റാണ്ട്, സോഷ്യലിസ്റ്റ് വിപ്ലവങ്ങളാൽ ചരിത്രം കുറിച്ചു. സോവിയറ്റ് യൂണിയനും മറ്റ് സോഷ്യലിസ്റ്റ് രാജ്യങ്ങളും ലോക ചരിത്രഗതിയെ മാറ്റിമറിച്ചു. മനുഷ്യജീവിതത്തിന്റെ പൂർണ സൗന്ദര്യം ആസ്വദിക്കാനുള്ള അവസ്ഥയിലേക്കുള്ള മനുഷ്യരാശിയുടെ മുന്നേറ്റങ്ങൾക്ക് തുടക്കം കുറിച്ചു.

അപ്പോഴും 'വർഗസമരം' എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നുണ്ടായിരുന്നു. മാർക്സിസത്തിന്റെ ഈ പാഠം അനുസരിച്ച് മുന്നേറുന്നതിലുണ്ടായ പിശക് സോഷ്യലിസ്റ്റ് ലോകത്ത് തിരിച്ചടിയുണ്ടാക്കി. ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യമാവുമ്പോഴേക്കും മുതലാളിത്ത ശക്തികൾ ലോക രാഷ്ട്രീയത്തിൽ

വീണ്ടും പ്രാമുഖ്യം നേടി. മനുഷ്യ സമുദായത്തിന്, പുത്തൻ സൂര്യോദയത്തിലേക്ക് വഴികാട്ടിയായി പ്രവർത്തിച്ച സോഷ്യലിസത്തിന് മേൽ, താൽകാലികമായെങ്കിലും മേൽകൈ നേടാൻ മുതലാളിത്തത്തിന് കഴിഞ്ഞത്, 'വർഗസമര'ത്തിന് ഏറ്റ തിരിച്ചടിയാണ്. വർഗ സമരത്തിന്റെ സാരാംശം മനസിലാക്കി പ്രവർത്തിക്കാൻ കഴിഞ്ഞില്ലെങ്കിൽ നമുക്ക് ഭാവിയിലും ഇത്തരം തിരിച്ചടികൾ ഏൽക്കേണ്ടി വരും.

വർത്തമാനകാല രാഷ്ട്രീയ സാഹചര്യം വിലയിരുത്തേണ്ടത്, മുകളിൽ വിവരിച്ച പശ്ചാത്തലത്തിലാണ്. കൊളോണിയൻ ഭരണ കാലത്ത് ഇന്ത്യയിൽ രൂപം കൊണ്ട തൊഴിലാളി വർഗ പ്രസ്ഥാനവും, കമ്യൂണിസ്റ്റ് പാർടിയും ഇന്ത്യൻ ജനതയെ കൊളോണിയൻ ആധിപത്യത്തിൽ നിന്ന് മാത്രമല്ല എല്ലാ വിധ ചൂഷണങ്ങളിൽ നിന്നും മോചിപ്പിക്കുക എന്ന ലക്ഷ്യമാണ് മുന്നോട്ടു വച്ചത്. അതുകൊണ്ടു തന്നെ ബ്രിട്ടീഷ് ഭരണാധികാരികൾ കമ്യൂണിസ്റ്റ് പാർടിയെ മറ്റ് പാർടികളിൽ നിന്ന് വ്യത്യസ്തമായി കണ്ടു. പ്രവർത്തനം ആരംഭിച്ച കാലത്ത് തന്നെ നിരവധി ഗൂഢാലോചന കേസുകളിൽപെടുത്തി നേതാക്കന്മാരെ തടങ്കലിലാക്കുകയും പാർടിയെ അടിച്ചമർത്താൻ ശ്രമിക്കുകയും ചെയ്തു

സ്വാതന്ത്ര്യത്തിന് മുമ്പ് തന്നെ ശക്തിപ്പെട്ട അന്നത്തെ മലബാറിലെയും തിരുകൊച്ചി, തിരുവിതാംകൂർ പ്രദേശങ്ങളിലെയും കർഷക തൊഴിലാളി പ്രസ്ഥാനങ്ങളെ അതിക്രൂരമായി അടിച്ചമർത്തി. കയ്യൂർ രക്തസാക്ഷിത്വം, പുന്നപ്ര വയലാർ കൂട്ടക്കൊല, പൊലീസ് നരനായാട്ടുകൾ തുടങ്ങിയവയെല്ലാം ലക്ഷ്യം വെച്ചത് കമ്യൂണിസ്റ്റുകാരെ ഉന്മൂലനം ചെയ്യുക എന്നതായിരുന്നു. കമ്യൂണിസം ഒരു ഭീകര പ്രസ്ഥാനമാണെന്ന 'നുണ' പ്രചരണം അക്കാലത്തും ശക്തമായിരുന്നു.

സ്വാതന്ത്ര്യാനന്തരം രൂപം കൊണ്ട കേരള സംസ്ഥാനത്ത് 1957 ൽ കമ്യൂണിസ്റ്റ് പാർടിയുടെ നേതൃത്വത്തിൽ ഒരു സർക്കാർ രൂപം കൊണ്ട നാൾ മുതൽ ശത്രുക്കളുടെ ആക്രമണം ആരംഭിച്ചു. ജന്മിത്വ വ്യവസ്ഥയുടെ തായ്‌വേരറുക്കുന്ന നടപടി മുതൽ ആധുനിക കേരള സൃഷ്ടിക്കായി ആ സർക്കാർ കൈക്കൊണ്ട നടപടികൾ ശത്രുവർഗത്തിന് സഹിക്കാവുന്നതായിരുന്നില്ല. ഇഎംഎസ് സർക്കാരിനെ വീഴ്ത്താൻ അവർ പ്രയോഗിച്ച പ്രധാന ആയുധം 'നുണ' പ്രചരണമായിരുന്നു. 'സെൽ ഭരണം' മുതൽ 'നിരീശ്വരവാദികളുടെ' ഭരണം എന്നുവരെ വിളിച്ചു കൂവാൻ മനോരമ, മാതൃഭൂമി തുടങ്ങിയ മാധ്യമങ്ങൾ മത്സരിച്ചു. പാവപ്പെട്ട ജനങ്ങളിൽ ഒരു വിഭാഗത്തെപോലും തെറ്റിദ്ധരിപ്പിക്കാൻ അവർക്കു കഴിഞ്ഞു. എല്ലാ ആക്രമണങ്ങളെയും നേരിട്ട് മുന്നോട്ടു പോയ സർക്കാരിനെ കേന്ദ്ര അധികാരമുപയോഗിച്ച് പിരിച്ചുവിടുകയാണ് ചെയ്തത്. ആ കാലത്തും കമ്യൂണിസ്റ്റ് ശത്രുക്കൾ സർക്കാരിനെതിരെ 'അഴിമതി' ആരോപണം ഉന്നയിച്ചിരുന്നു. സഖാവ് കെ എസ് ജോർജിനെ മാത്രമല്ല ഇഎംഎസ്, എകെജി എന്നിവരെയും അധിക്ഷേപിക്കാൻ ശത്രുക്കൾ മടിച്ചില്ല.

ഇന്ത്യൻ ഭരണകൂടത്തിന്റെ നിയന്ത്രണമേറ്റെടുത്ത ബൂർഷ്വാ ഭൂപ്രഭു വർഗ കൂട്ടുകെട്ടിന്റെ രാഷ്ട്രീയ രൂപമായ കോൺഗ്രസിനെ ഒറ്റപ്പെടുത്തി 1967 ൽ വീണ്ടും കമ്യൂണിസ്റ്റു പാർടി നേതൃത്വം നൽകുന്ന സർക്കാർ രൂപം കൊണ്ടു. ശത്രുവർഗം അടങ്ങിയിരുന്നില്ല. അന്നത്തെ ഐക്യമുന്നണിയെ തകർത്തുകൊണ്ടാണ് ശത്രുവർഗം 1969 ൽ സംസ്ഥാന സർക്കാരിനെ വീഴ്ത്തിയത്.

ബംഗാൾ, കേരളം, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാരുകൾ കേന്ദ്ര സർക്കാർ നയങ്ങൾക്ക് ബദലുയർത്തി ശ്രദ്ധേയമായി പ്രവർത്തിച്ചു. ഒരു മന്ത്രിയുടെ പേരിലും അഴിമതി ആരോപണം ഉന്നയിക്കാനായില്ല. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, ഭൂപരിഷ്കരണം, തൊഴിലാളി ക്ഷേമം, അധികാരവികേന്ദ്രീകരണം എന്നീ രംഗങ്ങളിലെല്ലാം ഈ സർക്കാർ മികവ് തെളിയിച്ചു. എന്നാൽ മൂന്ന് സംസ്ഥാനങ്ങളിലും ശത്രുവർഗത്തിന്റെ പ്രധാന ആയുധം നുണപ്രചരണമായിരുന്നു. പുത്തൻ സാങ്കേതിക വിദ്യകളുടെ സഹായത്താൽ പുതിയ രൂപം പൂണ്ട 'ബൂർഷ്വാ മാധ്യമങ്ങൾ' ഇടതുപക്ഷ സർക്കാരുകൾക്കെതിരെ ഉറഞ്ഞു തുള്ളി.

ഇപ്പോൾ നടന്ന ബംഗാൾ സംസ്ഥാന അസംബ്ലി തെരഞ്ഞെടുപ്പ് വേളയിലാണ് തൃണമൂൽ കോൺഗ്രസ് വിട്ട് ബിജെപിയിൽ ചേർന്ന ഒരു നേതാവ് ഒരു സത്യം വെളിപ്പെടുത്തിയത്. നന്ദിഗ്രാമിലെ, ഇടതു ഭരണകാലത്തെ 'പോലീസ് അതിക്രമങ്ങൾ' ബോധപൂർവം സൃഷ്ടിക്കപ്പെട്ടതായിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. പോലീസ് വേഷമണിഞ്ഞ തൃണമൂൽ ഗുണ്ടകളാണ് അതിക്രമം കാണിച്ചതെന്ന് മമതാ ബാനർജിയാണ് അത് ആസൂത്രണം ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. നന്ദിഗ്രാമിലെ പൊലീസ് വെടിവയ്പിന്റെ പേരിലാണ് പശ്ചിമബംഗാളിൽ ഇടത് വലത് തീവ്രവാദ സംഘടനകൾ ഒന്നിച്ച് ചേർന്ന് ഇടതുപക്ഷ സർക്കാരിനെതിരെ വിഷലിപ്തമായ പ്രചരണം നടത്തിയത്.

സിംഗൂരിൽ വ്യവസായാവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനെതിരായും കള്ളപ്രചാരവേല സംഘടിപ്പി ച്ചു. ബൂർഷ്വാ മാധ്യമങ്ങൾ കള്ള പ്രചാരണത്തിന് മുഖ്യ പങ്ക് വഹിച്ചു. 2011 ലെ തിരഞ്ഞെടുപ്പിൽ ഇടതുപ ക്ഷം പരാജയപ്പെട്ടു. തൃണമൂൽ ഭരണത്തിലേറിയ ശേഷമുള്ള ബംഗാളിന്റെ അവസ്ഥയെ കുറിച്ച് ആരും ചർച്ച ചെയ്യുന്നില്ല.

ത്രിപുര സർക്കാരിനെതിരെ ബിജെപി, കോൺഗ്രസ്, ആദിവാസികൾക്കിടയിലെ ചില തീവ്രവാദ ഗ്രൂപ്പുകൾ എന്നിവരെല്ലാം കൈകോർത്താണ് 2016 ലെ തെരഞ്ഞെടുപ്പിൽ പ്രവർത്തിച്ചത്. അച്ചടി ദൃശ്യ മാധ്യമങ്ങൾക്കു പുറമെ കോടിക്കണക്കിന് പണം മുടക്കി കേന്ദ്ര ഭരണകക്ഷി സാമൂഹ്യ മാധ്യമങ്ങളെ യും ഉപയോഗിച്ചു. ഈ ഏറ്റുമുട്ടലിൽ കൂടുതൽ വിഭവശേഷി ഉണ്ടായിരുന്നവർക്ക് തൽക്കാലത്തേക്കെ ങ്കിലും ജയിക്കാനായി.

2016 ൽ അധികാരത്തിൽ വന്ന കേരളത്തിലെ എൽഡിഎഫ് സർക്കാർ എല്ലാ രംഗത്തും മികച്ച പ്ര വർത്തനമാണ് നടത്തിയത്. വികസന പദ്ധതികൾ, സാമൂഹ്യ ക്ഷേമം, തൊഴിലാളി ക്ഷേമം, അധികാര വികേന്ദ്രീകരണം തുടങ്ങിയ മേഖലകളിലെല്ലാം മികച്ച നേട്ടങ്ങൾ കൈവരിച്ചു. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം എന്നീ മേഖലകളിൽ വലിയ മുന്നേറ്റം നടത്തി. 2018 19 വർഷങ്ങളിലുണ്ടായ പ്രളയ ദുരന്ത ങ്ങൾ, ഓഖി, നിപ്പ ദുരന്തങ്ങൾ, 2020 ൽ നേരിട്ട കോവിഡ് വ്യാപനം എന്നീ ദുരന്തങ്ങളെയെല്ലാം പ്രശം സനീയമായ നിലയിൽ സർക്കാർ നേരിട്ടു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ലോകാരോഗ്യ സംഘടന ഉൾപ്പെടെയുള്ള അന്തർദേശീയ ഏജൻസികളുടെ പ്രശംസ പിടിച്ചുപറ്റി. മലയാളികളെല്ലാം അഭിമാനംകൊണ്ട നേട്ടങ്ങളാണ് പിണറായി വിജയൻ സർക്കാർ കൈവരിച്ചത്. 2020 ലെ തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പിൽ ജനങ്ങൾ എൽഡിഎഫിന് വൻ വിജയം നൽകി.

ശത്രുവർഗം തക്കം പാർത്തിരിക്കുകയായിരുന്നു. 2021 ൽ നടന്ന സംസ്ഥാന അസംബ്ലി തെരഞ്ഞെ ടുപ്പിനെ ലക്ഷ്യമാക്കിയായിരുന്നു അവരുടെ നീക്കങ്ങൾ. കേന്ദ്ര സർക്കാരിന്റെ നവ ഉദാരവൽക്കരണ നയങ്ങൾക്കും വർഗീയതക്കുമെതിരെ ബദൽ നയങ്ങൾ ഉയർത്തിപ്പിടിക്കാൻ ധൈര്യം കാണിക്കുന്ന ഒരു സർക്കാരിനെ ശത്രുക്കൾക്ക് സഹിക്കാനാവില്ല. സോവിയറ്റ് യൂണിയന്റെ തകർച്ചക്കു ശേഷം ലോക ത്താകെ സാമ്രാജ്യത്വ ശക്തികൾ അവരുടെ മേധാവിത്വം അടിച്ചേല്പിക്കാൻ ശ്രമിക്കുന്ന കാലത്ത് സാ മ്രാജ്യത്വ ഉദാരവൽക്കരണ നയങ്ങളെ വെല്ലുവിളിക്കാൻ ധൈര്യം കാണിക്കുന്ന കേരളത്തിലെ അധ്വാനി ക്കുന്ന വർഗങ്ങളുടെ നേതൃത്വത്തിലുള്ള ഒരു സർക്കാരിനെ എങ്ങനെ സഹിക്കും. സർവ ആയുധങ്ങളും തേച്ചു മിനുക്കി അവർ ഒന്നിച്ചണിനിരന്നു. സംഘപരിവാറും കോൺഗ്രസും കൈമെയ് മറന്ന് സഹക രിച്ച് പ്രവർത്തിച്ചു. ഈ കൗരവപ്പടക്കു മുന്നിൽ കാഹളമൂതിക്കൊണ്ട് ബൂർഷ്വാ മാധ്യമങ്ങൾ മനോരമ, മാതൃഭൂമി, മാധ്യമം തുടങ്ങിയ പത്രങ്ങളും, ഏഷ്യാനെറ്റ്, മനോരമ, മാതൃഭൂമി തുടങ്ങിയ ദൃശ്യമാധ്യമങ്ങളും നിലയുറപ്പിച്ചു. 'സ്വർണക്കടത്ത്, ലൈഫ് ഭവന പദ്ധതി' തുടങ്ങി ഓരോ വിഷയങ്ങൾ തെരഞ്ഞെടുത്ത് അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉയർത്തി ചർച്ചകൾ പൊടിപൊടിച്ചു.

കോവിഡ് കാലത്ത് തൊഴിലും വരുമാനവും നഷ്ടപ്പെട്ട ജനങ്ങൾക്ക് ഭക്ഷണവും ആശ്വാസവും നൽകാനും കോവിഡ് ബാധിച്ചവർക്ക് സൗജന്യമായി ചികിത്സ നൽകാനും കേരള സർക്കാർ ശ്രമിക്കു മ്പോൾ ആ സർക്കാരിനെ ഒരു തരത്തിലും സഹായിക്കരുതെന്ന് സംസ്ഥാനത്തെ പ്രതിപക്ഷം പരസ്യ മായി പറഞ്ഞു. പ്രതിപക്ഷത്തിന്റെ മനുഷ്യത്വ വിരുദ്ധമായ ഈ നിലപാടിനെ വിമർശിക്കാൻ പോലും ഈ മാധ്യമങ്ങൾ സന്നദ്ധമായില്ല. എല്ലാപേർക്കും വേണ്ടത് പിണറായി വിജയന്റെ രക്തമായിരുന്നു.

ഇതിൽനിന്നെല്ലാം നാം പഠിക്കേണ്ട ഒരു പാഠമുണ്ട്. വർഗ വിഭജിതമായ ഒരു സമൂഹത്തിൽ നട ക്കുന്ന അതി തീക്ഷ്ണമായ ഒരു വർഗ സമരത്തിന്റെ ഉൽപന്നമാണ് ഈ സാഹചര്യങ്ങൾ. മനുഷ്യർ സൃ ഷ്ടിക്കുന്ന സകല സമ്പത്തും കൈവശപ്പെടുത്തി വയ്ക്കാൻ ശ്രമിക്കുന്നവരും അധ്വാനിക്കുന്ന ജനതയും തമ്മിലുള്ള വർഗ സമരമാണ് ഇവിടെ നടക്കുന്നത്. ആ സമരത്തിന്റെ ഭാഗമാണ് ശത്രുവർഗം നമ്മുടെ വർഗത്തിനെതിരായി ആക്രമണങ്ങൾ നടത്തുന്നത്. ഈ സമരത്തിൽ ചൂഷക വർഗത്തിനെതിരെ നാം നടത്തുന്ന സമരം വിജയിക്കണമെങ്കിൽ അവർ നമുക്കെതിരെ ഉപയോഗിക്കുന്ന എല്ലാ ആയുധങ്ങളെ ക്കുറിച്ചും അടവുകളെ കുറിച്ചും നാം ബോധവാന്മാരാകണം. തൊഴിലാളി വർഗത്തിന്റെ പ്രത്യയശാസ്ത്രം കൊണ്ട് ആയുധമണിയണം. ചൂഷക വർഗത്തിന്റെ അന്ത്യം കൊണ്ടു മാത്രം നിർത്താവുന്ന ഒരു സമര ത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ് നമ്മളെന്ന ബോധം ഒരു നിമിഷനേരം പോലും വിസ്മരിക്കരുത്.





# സിഐടിയു മെയ്ദിന മാനിഫെസ്റ്റോ 2021

**ഒരു വശത്ത് കോവിഡ്19 മഹാമാരിയേയും മറുവശത്ത് തങ്ങളുടെ ജീവനോപാധികളുടേയും അവകാശങ്ങളുടേയും സേവന വ്യവസ്ഥകളുടെ മേലേ ഭരണാധികാരികളും അവരുടെ ദല്ലാളുമാരും നടത്തുന്ന ആക്രമങ്ങളേയും ധീരമായി നേരിടുന്ന ലോകത്തെ തൊഴിലാളികളോടും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളോടും സിഐടിയു ഐക്യ ദാർഢ്യം രേഖപ്പെടുത്തുന്നു.**

**വ്യക്തിപരമായി വമ്പിച്ച നഷ്ടം സഹിച്ചും, സ്വന്തം ജീവിതം തന്നെ അപായപ്പെടുത്തിയും, സമ്പദ്ഘടനയെ വീണ്ടും പൂർവ്വസ്ഥിതിയിലേക്ക് നയിക്കുന്നതിനും, അത് വഴി സഹജീവികളുടെ ജീവിതം കൂടി സംരക്ഷിക്കുന്നതിനും ശ്രമിക്കുന്ന ലോകമെമ്പാടുമുള്ള അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ സിഐടിയു അഭിവാദ്യം ചെയ്യുന്നു. കോവിഡ്19 മഹാമാരിയിൽ ജീവൻ നഷ്ടപ്പെട്ട ദശലക്ഷക്കണക്കായവരുടെ സുഹൃത്തുക്കളോടും അവരുടെ കുടുംബാംഗങ്ങളോടും അനുശോചനം രേഖപ്പെടുത്തുന്നു.**

2019 അവസാനത്തിൽ പ്രത്യക്ഷപ്പെട്ട കോവിഡ് 19 മാഹാമാരി കഴിഞ്ഞ ഒന്നര വർഷമായി അതിന്റെ സംഹാര താണ്ഡവം തുടർന്നുകൊണ്ടിരിക്കുകയാണ്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ അഭൂതപൂർവ്വമായ മുന്നേറ്റത്തിനിടയിലും ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റുന്നതിലും അവരുടെ ജീവന് സംരക്ഷണം നൽകുന്നതിലും ഈ വ്യവസ്ഥിതി അമ്പെ പരാജയപ്പെട്ടിരിക്കുന്നു. ഈ മഹാമാരിക്കാലത്ത് ദരിദ്ര തൊഴിലാളികളുടെ എണ്ണം വൻതോതിൽ വർദ്ധിച്ചിരിക്കുകയാണ്. പൊതു ആരോഗ്യ സംവിധാനങ്ങളെ പാടെ ഒഴിവാക്കി.

ഇന്ന് കോവിഡ് വാക്സിനുകളെ നിയന്ത്രിക്കുന്നതും അവയെ കൈയ്യടക്കിയിരിക്കുന്നതും ഏതാനും സമ്പന്ന രാഷ്ട്രങ്ങളാണ്. ദരിദ്ര രാഷ്ട്രങ്ങൾക്ക് വാക്സിനുകൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഈ കോവിഡ് മഹാമാരി, പണത്തിനും ലാഭത്തിനും മേലെ പൗരന്മാരെ പരിഗണിക്കുന്ന സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥിതിയുടെ മഹത്വം ഉയർത്തിക്കാട്ടിയിരിക്കുകയാണ്. സമയോചിതമായ ഇടപെടൽ വഴിയും, പൊതു ആരോഗ്യ രക്ഷാ സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിൽ വരുത്തിയും കോവിഡ്19 മഹാമാരിയുടെ വ്യാപനം ഫലപ്രദമായി തടഞ്ഞു നിർത്തുന്നതിനും, മരണ സംഖ്യ പരമാവധി കുറച്ചുകൊണ്ടുവരുന്നതിനും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്ക് സാധിച്ചു.

അവശേഷിച്ചിരുന്ന 98.99 മില്യൻ ഗ്രാമീണ നിവാസികളെ കൂടി 2021 ഫെബ്രുവരിയോടെ ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിച്ചതോടെ ചൈന ദാരിദ്ര്യത്തിന്മേൽ "സമ്പൂർണ്ണ വിജയം" കൈവരിച്ചിരിക്കുകയാണ്. ഐക്യരാഷ്ട്ര സഭയുടെ 2030 സുസ്ഥിര വികസന അജണ്ട (2030 Sustainable Development Target) എന്ന ദാരിദ്ര്യ നിർ

**ലോകമെമ്പാടും പ്രത്യേകിച്ചും ലാറ്റിൻ അമേരിക്ക, പാലസ്തീൻ, മധ്യപൂർവ്വ ഏഷ്യ പസഫിക്ക് ദേശങ്ങളിൽ തങ്ങളുടെ അധീശത്വം സ്ഥാപിക്കാൻ അമേരിക്കൻ സാമ്രാജ്യത്വം നടത്തുന്ന അക്രമണോത്സുക കടന്നാക്രമണങ്ങളെ സിഐടിയു ആശങ്കയോടെ വീക്ഷിക്കുന്നു. അമേരിക്കയുടെ ഏഴാം കപ്പൽ പടയുടെ (Americal Seventh Fleet) ഇന്ത്യൻ സമുദ്രത്തിൽ ഇന്ത്യൻ സ്വതന്ത്ര അതിർത്തിയിലേക്കുള്ള (India Exclusive Ecconomic Zone) കടന്നു കയറ്റം ഇന്ത്യയുടെ പരമാധികാരത്തോടുള്ള ധിക്കാരപൂർവ്വമായ വെല്ലുവിളിയാണ്.**




മ്മാർജ്ജന ലക്ഷ്യം 10 വർഷം മുമ്പേ തന്നെ ചൈനക്ക് പൂർത്തീകരിക്കാൻ സാധിച്ചിരിക്കുന്നു. ഈ മഹാമാരിയുടെ ദീർഘകാല ആഘാതം എന്ന നിലയിൽ 2030 ആകുമ്പോഴേക്കും ലോകമെമ്പാടുമുള്ള 207 ദശലക്ഷം ജനങ്ങൾ കൂടി ദാരിദ്ര്യത്തിന്റെ പടുകുഴിയിലകപ്പെടും എന്ന ഐക്യരാഷ്ട്ര സഭയുടെ വികസന വിഭാഗത്തിന്റെ (UNDP) കണക്ക് കൂട്ടലിന്റെ പശ്ചാത്തലത്തിൽ ചൈനയുടെ ഈ നേട്ടം കൂടുതൽ പ്രസക്തമാകുകയാണ്.

അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മനുഷ്യത്വരഹിതമായ ഉപരോധം ഉണ്ടായിട്ടുപോലും, ക്യൂബ ആ മഹാമാരിയെ നേരിടുന്നതിനും, അവശരായ ജനവിഭാഗത്തോട് ഐക്യദാർഢ്യം രേഖപ്പെടുത്തുന്നതിനും 51 രാജ്യങ്ങളിലേക്ക് തങ്ങളുടെ ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരേയും നിയോഗിക്കുകയുണ്ടായി.

വികസിത മുതലാളിത്ത രാഷ്ട്രങ്ങൾ അവർ വികസിപ്പിച്ചെടുത്ത കോവിഡ് വാക്സിനുകൾ മറ്റ് രാജ്യങ്ങൾക്ക് നൽകാൻ തയ്യാറാകാത്ത സമയത്തും, ചൈന 53 രാജ്യങ്ങൾക്ക് ഈ വാക്സിനുകൾ നൽകി വരുന്നുണ്ട്. ക്യൂബ, ഇറാനും വെനിസ്വേലയും അത്പോലെ മറ്റ് കോവിഡ് വാക്സിൻ ആവശ്യമുള്ള രാഷ്ട്രങ്ങൾക്കും വാക്സിനുകൾ നൽകി വരുന്നുണ്ട്.

ലോകമെമ്പാടും പ്രത്യേകിച്ചും ലാറ്റിൻ അമേരിക്ക, പാലസ്തീൻ, മധ്യപൂർവ്വ ഏഷ്യ പസഫിക്ക് ദേശങ്ങളിൽ തങ്ങളുടെ അധീശത്വം സ്ഥാപിക്കാൻ അമേരിക്കൻ സാമ്രാജ്യത്വം നടത്തുന്ന അക്രമണോത്സുക കടന്നാക്രമണങ്ങളെ സിഐടിയു ആശങ്കയോടെ വീക്ഷിക്കുന്നു. അവർ വികസ്വര രാജ്യങ്ങളുടെ മേൽ രാഷ്ട്രീയവും സാമ്പത്തികവുമായ സമ്മർദ്ദങ്ങൾ ഏൽപ്പിച്ച് അവരെ കീഴ്പ്പെടുത്താൻ ശ്രമിക്കുന്നു. ഏറ്റവും അവസാനത്തെയാണ് അമേരിക്കയുടെ ഏഴാം കപ്പൽ പടയുടെ (Americal Seventh Fleet) ഇന്ത്യൻ സമുദ്രത്തിൽ ഇന്ത്യൻ സ്വതന്ത്ര അതിർത്തിയിലേക്കുള്ള (India Exclusive Ecconomic Zone) കടന്നു കയറ്റം (ലക്ഷദ്വീപിനടുത്തായി കിടക്കുന്ന കടലിലേക്ക് ഇന്ത്യയുടെ സമ്മതമില്ലാതെ അവർ പ്രവേശിച്ചത്) ഇന്ത്യയുടെ പരമാധികാരത്തോടുള്ള ധിക്കാരപൂർവ്വമായ വെല്ലുവിളിയാണ്.

ലോകത്തിലെ വിവിധ രാജ്യങ്ങളിലെ ജനതയോടു സിഐടിയു ഐക്യദാർഢ്യം അറിയിക്കുന്നു; പ്രത്യേകിച്ചും തങ്ങളുടെ രാജ്യത്തിന്റെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കുത്സിത ശ്രമങ്ങളെ പരാജയപ്പെടുത്തി, തെരഞ്ഞെടുത്ത സർക്കാരുകളെ സംരക്ഷിച്ചു നിർത്തുന്ന ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ ജനങ്ങളോടും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് മെഡൂരോ സർക്കാരിനെ അസ്ഥിരപ്പെടുത്താൻ അമേരിക്ക നടത്തുന്ന കുതന്ത്രങ്ങളെ ചെറുത്ത് നിൽക്കുന്ന വെനിസ്വലയിലെ ജനങ്ങളോടുള്ള ഐക്യദാർഢ്യം സിഐടിയു രേഖപ്പെടുത്തുന്നു.

കോവിഡ് മഹാമാരിയും തുടർന്ന് നടപ്പിലാക്കിയ നിയന്ത്രണങ്ങളും ഇന്ത്യയിലെ ബഹുഭൂരിപക്ഷത്തിന്റെ ജീവിതോപാധികളും അതിജീവനവും അപകടത്തിലാകുമ്പോഴും നവലിബറൽ നയങ്ങൾ ശക്തിയായി നടപ്പിലാക്കി, ഭൂപ്രഭുമുതലാളിത്ത വർഗ്ഗത്തിന്റെ ലാഭക്കൊതി ശമിപ്പിക്കാനുള്ള സുവർണ്ണാവസരമായി ഈ സന്ദർഭത്തെ കരുതുന്ന ഇന്ത്യയിലെ ബിജെപി സർക്കാർ നടപടികളെ സിഐടിയു ശക്തിയായി അപലപിക്കുന്നു. ഈ സമയത്താണ് ബിജെപി സർക്കാർ 3 കാർഷിക ബില്ലുകൾ പാസാക്കിയെടുത്തത്. അതും വോട്ടെടുപ്പ് ആവശ്യപ്പെട്ട എംപി മാരെ സസ്പെന്റ് ചെയ്തുകൊണ്ട്. അതേപോലെ പ്രതിപക്ഷങ്ങൾ സഭയിൽ ഇല്ലാത്ത സമയത്താണ് 3 ലേബർ കോഡുകൾ പാസാക്കിയത്. പൊതുമേഖലാ സ്ഥാപനങ്ങളെ മൊത്തമായി തന്നെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കവുമായി ഈ സർക്കാർ മുന്നോട്ടുപോവുകയാണ്. തെറ്റിദ്ധരിപ്പിക്കുന്നതും വഞ്ചനാപരവുമായ ആത്മനിർഭർ ഭാരത് (സ്വാശ്രയഭാരതം) എന്ന മുദ്രാവാക്യത്തിന്റെ മറവിൽ ബിജെപി സർക്കാർ ഈ രാജ്യത്തെ

**ഈ മഹാമാരി കാലത്ത് പാസാക്കിയെടുത്ത ലേബർ കോഡുകൾ, Ease Of Doing Business പ്രമോട്ട് ചെയ്യാനെന്ന വ്യാജേന തൊഴിലാളികളെ നിർബാധം ചൂഷണം ചെയ്യുന്നതിന് ബിജെപി സർക്കാർ വൻകിട കോർപ്പറേറ്റുകൾക്ക് നൽകിയ സമ്മാനപ്പൊതികളാണ്. ഒരുവശത്ത് ഈ ലേബർ കോഡുകൾ നാളിതുവരെ നടത്തിയ നിയമ ലംഘനങ്ങളെ നിയമ വിധേയമാക്കുന്നു, മറുവശത്ത് അടിസ്ഥാനപരമായ ട്രേഡ് യൂണിയൻ അവകാശങ്ങളും തൊഴിൽ അവകാശങ്ങളും സംരക്ഷിക്കുന്നതിന് നടത്തുന്ന സംഘടിത പ്രവർത്തനങ്ങളെ ക്രിമിനൽ കുറ്റമാക്കുകയും ചെയ്യുന്നു.**

തന്നെ വിൽക്കുകയാണ്. വാക്സിൻ ഉല്പാദിപ്പിച്ചിരുന്ന മൂന്ന് പ്രമുഖ പൊതുമേഖലാ മരുന്നുല്പാദക കമ്പനികളെ നവലിബറൽ നയങ്ങൾ നടപ്പിലാക്കിയപ്പോൾ അടച്ചുപൂട്ടി, വാക്സിൻ നിർമ്മാണം പൂർണ്ണമായും സ്വകാര്യമേഖലയെ ഏൽപ്പിച്ചു.

ഒരു വർഷം മുമ്പ് നമ്മുടെ രാജ്യം ഹൃദയഭേദകമായ ഒരു കാഴ്ചക്ക് സാക്ഷ്യം വഹിച്ചു. പതിനായിരക്കണക്കിന് കുടിയേറ്റ തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും നിശബ്ദരായി പ്രതിഷേധിച്ചുകൊണ്ട് നടന്നുപോകുന്ന കാഴ്ച. പതിറ്റാണ്ടുകളായി അവരുടെ അദ്ധ്വാനം ചൂഷണം ചെയ്ത് സമ്പന്നരായ തൊഴിൽദാതാക്കൾ അവരെ പട്ടിണിയിലേക്കും ഭവനരാഹിത്യത്തിലേക്കും തള്ളിവിട്ടതിന്റെ പ്രതിഷേധം. കുടിയേറ്റ തൊഴിലാളികൾക്ക് അല്പമെങ്കിലും സംരക്ഷണം നൽകിയിരിക്കുന്ന The Inter State Migrant Welness Act 1979 റദ്ദ് ചെയ്യപ്പെട്ടിരിക്കുകയാണ്. പ്രത്യക്ഷത്തിൽ അത് Code on Occupational Safety, Health & Working Condition എന്ന കോഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ അതിന്റെ കാതലായ സംരക്ഷണ വകുപ്പുകൾ എല്ലാം ഒഴിവാക്കപ്പെടുത്തിയിരിക്കുന്നു.

ഈ മഹാമാരി കാലത്ത് പാസാക്കിയെടുത്ത ലേബർ കോഡുകൾ, Ease Of Doing Business പ്രമോട്ട് ചെയ്യാനെന്ന വ്യാജേന തൊഴിലാളികളെ നിർബാധം ചൂഷണം ചെയ്യുന്നതിന് ബിജെപി സർക്കാർ വൻകിട കോർപ്പറേറ്റുകൾക്ക് നൽകിയ സമ്മാനപ്പൊതികളാണ്. ഒരുവശത്ത് ഈ ലേബർ കോഡുകൾ നാളിതുവരെ നടത്തിയ നിയമ ലംഘനങ്ങളെ നിയമ വിധേയമാക്കുന്നു, മറുവശത്ത് അടിസ്ഥാനപരമായ ട്രേഡ് യൂണിയൻ അവകാശങ്ങളും തൊഴിൽ അവകാശങ്ങളും സംരക്ഷിക്കുന്നതിന് നടത്തുന്ന സംഘടിത പ്രവർത്തനങ്ങളെ ക്രിമിനൽ കുറ്റമാക്കുകയും ചെയ്യുന്നു. മെയ്ദിനത്തിന്റെ പര്യായമായ എട്ട് മണിക്കൂർ പ്രവർത്തി ദിവസമെന്ന സാർവ്വദേശീയമായി അംഗീകരിക്കപ്പെട്ട അവകാശത്തിൽ പോലും വെള്ളം ചേർക്കുകയാണ്.

രാജ്യത്തിന്റെ സ്വത്തായ പൊതുമേഖലാ സ്ഥാപനങ്ങളെ ബിജെപി അവരുടെ ദല്ലാളുമാർക്ക് കൈമാറുകയാണ്. കോടിക്കണക്കിന് തൊഴിലാളികൾക്ക് ജോലിയും കൂലിയും നഷ്ടപ്പെടും, അവരും കുടുംബാംഗങ്ങളും പട്ടിണിയുടെ പിടിയിലമർത്തപ്പെടും. ഇന്ത്യയുടെ മൊത്തം ദേശീയോല്പാദനം (ജിഡിപി) 7% ആകുമെന്ന് കണക്കാക്കിയ ഈ സമയത്ത് ഗൗതം അദാനിയുടെ സ്വത്ത് ഇരട്ടിയിലധികമായി. 20 സ്ഥാനങ്ങൾ മുകളിൽ കയറി അദ്ദേഹം ലോകത്തിലെ ഏറ്റവും സമ്പന്നമായവരുടെ പട്ടികയിൽ 48ാം സ്ഥാനക്കാരനായി ഇന്ത്യയിലെ സമ്പന്നരിൽ രണ്ടാമതായി. മുകേഷ് അമ്പാനിയുടെ സ്വത്ത് 24% വർദ്ധിച്ചു ലോക സമ്പന്നരിൽ 8ാം സ്ഥാനക്കാരനായി. ഈ മഹാമാരി കാലത്ത് ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ സമ്പത്ത് 35% കണ്ട് വർദ്ധിച്ചുവെന്ന് ഓക്സ്ഫാം റിപ്പോർട്ട് ചെയ്യുന്നു. ഇന്ത്യയിലെ ജനങ്ങളുടെ ചെലവിൽ ഈ രാജ്യത്തിന്റെ വിഭവങ്ങളും ഖജനാവും സാമ്പത്തിക മേഖലയും ദേശീയവും വിദേശീയവുമായ വൻകിട ബിസിനസ് കോർപ്പറേറ്റ് വർഗ്ഗത്തിന് കൊള്ളയടിക്കുന്നതിന് അവസരമൊരുക്കുന്ന സർക്കാരിന്റെ ഏകമനസ്സോടു കൂടിയ നിഷ്ഠൂര നയങ്ങളെയാണ് ഈ പ്രതിഭാസം വെളിപ്പെടുത്തുന്നത്.

അതുപോലെ ഇന്ത്യയിലെ സാധാരണക്കാർ അവരുടെ സമ്പാദ്യം നിക്ഷേപിക്കുന്ന പൊതുമേഖലാ ബാങ്കുകളുടേയും, പ്രതികൂല സാഹചര്യങ്ങളിൽ നിന്നും സംരക്ഷണം നേടാൻ തങ്ങളുടെ തുച്ഛ വരുമാനം നിക്ഷേപിക്കുന്ന പൊതുമേഖല ലൈഫ് ജനറൽ ഇൻഷുറൻസ് കമ്പനികളേയും കോർപ്പറേറ്റ് ഭീമന്മാർക്ക് കൈമാറാൻ പോവുകയാണ്. പ്രതിരോധ മേഖല, റെയിൽവെ, ടെലികോം, സിവിൽ വ്യോമയാനം, തുറമുഖങ്ങൾ, വൈദ്യുതി, സ്റ്റീൽ, ഖനികൾ തുടങ്ങിയവയും വിദേശ കുത്തകകൾ ഉൾപ്പെടെയുള്ള സ്വകാര്യ കോർപ്പറേറ്റുകൾക്ക് കൊടുക്കാൻ

തീരുമാനിച്ചിരിക്കുകയാണ്.

ഉല്പാദന സേവന മേഖലകൾ മാത്രമല്ല, മോദി നയിക്കുന്ന ബിജെപി സർക്കാർ കാർഷിക മേഖലയും കോർപ്പറേറ്റുകൾക്ക് പൂർണ്ണമായും തുറന്നു കൊടുത്തിരിക്കുകയാണ്. നാളിത് വരെ ചെറുകിട കർഷകരുടെ നിയന്ത്രണത്തിലായിരുന്ന കാർഷിക മേഖല കോർപ്പറേറ്റുകൾക്ക് കൈയ്യടക്കുന്നതിന് സൗകര്യമൊരുക്കുന്നതിന് വേണ്ടിയാണ് 3 കാർഷിക ബില്ലുകൾ പാസാക്കിയെടുത്തത്. ഈ നയങ്ങൾ കോർപ്പറേറ്റ് കൃഷി സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നു. കർഷകർക്ക് സംരക്ഷണം നൽകുന്ന താങ്ങുവിലയും കാർഷികോല്പന്ന സംഭരണവും നിർത്തലാക്കുന്നു. കർഷകരെ ലോക ഭക്ഷ്യ കമ്പോളത്തിന്റെ ചലനങ്ങൾക്ക് വിധേയരാക്കുന്നു. ഇത് ജനങ്ങളുടെ പ്രത്യേകിച്ചും ദരിദ്രരുടെ ഭക്ഷ്യസുരക്ഷക്ക് ഭീഷണിയാകുന്ന വിധത്തിൽ പൊതുവിതരണ സമ്പ്രദായത്തെയാകെ തകർക്കും.

**കാർഷിക മേഖലയും കോർപ്പറേറ്റുകൾക്ക് പൂർണ്ണമായും തുറന്നു കൊടുത്തിരിക്കുകയാണ്. ചെറുകിട കർഷകരുടെ നിയന്ത്രണത്തിലായിരുന്ന കാർഷിക മേഖല കോർപ്പറേറ്റുകൾക്ക് കൈയ്യടക്കുന്നതിന് സൗകര്യമൊരുക്കുന്നതിന് വേണ്ടിയാണ് 3 കാർഷിക ബില്ലുകൾ പാസാക്കിയെടുത്തത്. ഈ നയങ്ങൾ കോർപ്പറേറ്റ് കൃഷി സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നു.**

വൻകിട കോർപ്പറേറ്റ് ശക്തികളും ഭരണതലത്തിൽ അവരുടെ പ്രതിനിധികളായ മോഡി നയിക്കുന്ന ബിജെപി സർക്കാരും തൊഴിലാളികളുടെ അവകാശങ്ങളിന്മേലും അവരുടെ തൊഴിൽ വ്യവസ്ഥയിന്മേലും നടത്തുന്ന അക്രമങ്ങളെ ധീരമായും സ്ഥിരതയോടും നേരിടുന്ന തൊഴിലാളി വർഗത്തേയും സിഐടിയു അഭിനന്ദിക്കുന്നു. മഹാമാരിയും തുടർന്നുണ്ടാവുന്ന അടച്ചുപൂട്ടലും മൂലം തങ്ങളുടെ പ്രസ്ഥാനത്തിനും പ്രവർത്തനങ്ങൾക്കും ഉണ്ടായ എല്ലാ നിയന്ത്രണങ്ങളേയും അതിജീവിച്ച് സർക്കാരിന്റെ തൊഴിലാളി വിരുദ്ധ, ജനവിരുദ്ധ നയങ്ങൾക്കെതിരെ ശബ്ദമുയർത്താനുള്ള എല്ലാ അവസരങ്ങളേയും തൊഴിലാളി വർഗം പ്രയോജനപ്പെടുത്തി. ലോക്ക് ഡൗണിന്റെ ഉച്ചസ്ഥായിയിൽ പുരപ്പുറത്തും ബാൽക്കണിയിലും നിന്നു കൊണ്ടു ശബ്ദമുയർത്തിയത് മുതൽ ക്രമേണ, പുറത്തേക്കിറങ്ങി വന്ന് സമരത്തിന്റെ തീവ്രത വർദ്ധിപ്പിക്കുകയും മഹാമാരിയുടെ കടുത്ത നിയന്ത്രണങ്ങൾക്കിടയിലും 2020 നവംബർ 26ന് വിജയകരമായ ദേശീയ പണിമുടക്കിലേക്ക് നീങ്ങുകയും ചെയ്തു. ഈ പ്രതിഷേധം ഉയർത്തിക്കൊണ്ടു വന്നതിൽ സിഐടിയു വഹിച്ച പങ്കിൽ നാം അഭിമാനം കൊള്ളുന്നു.

ദേശത്തിന്റെ സമ്പത്തുൽപാദന രംഗത്തെ പ്രധാനപ്പെട്ട രണ്ടു അദ്ധ്വാന വർഗ്ഗങ്ങളായ കർഷകരുടേയും തൊഴിലാളികളുടെയും ഇടയിൽ വളർന്നുവരുന്ന ഐക്യദാർഢ്യം അങ്ങേയറ്റം പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണ്. തൊഴിലാളികളുടേയും കർഷകരുടെയും ഇടയിൽ ഐക്യവും ഐക്യദാർഢ്യവും വളർത്തിയെടുക്കാൻ സിഐടിയു നിരന്തരം ശ്രമിച്ചു വരികയായിരുന്നു.

ഭരണ വർഗ്ഗത്തിന്റെ താല്പര്യങ്ങളെ സംരക്ഷിക്കുന്നതിന് ജാതി വർഗീയ ശക്തികൾ ജനങ്ങളുടെ ഐക്യത്തെ തകർക്കാൻ ഒരുമ്പെട്ടിരിക്കുകയാണ്. ഇവരുടെ വിഭാഗീയ ശ്രമങ്ങളെ മറികടന്ന് കൊണ്ടു തൊഴിലാളികളും കർഷകരും മറ്റ് അധ്വാനിക്കുന്ന ജനവിഭാഗങ്ങളും തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്താൻ സിഐടിയു ആഹ്വാനം ചെയ്യുന്നു.

തങ്ങളുടെ നയങ്ങൾക്കെതിരെ ഉയരുന്ന ഭിന്നാഭിപ്രായങ്ങളേയും എതിർപ്പുകളേയും വഞ്ചനാപരമായ മാർഗ്ഗത്തിൽ അടിച്ചമർത്താനുള്ള ബിജെപി സർക്കാരിന്റെ ശ്രമങ്ങളെ സിഐടിയു ശക്തിയായി അപലപിക്കുന്നു. ജനങ്ങളുടെ ജനാധിപത്യപരവും ഭരണഘടനാപരവുമായ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു. പാർലിമെന്ററി നടപടിക്രമങ്ങൾ ലംഘിക്കപ്പെടുന്നു. തങ്ങളുടെ നയങ്ങൾക്കെതിരെ പ്രതിഷേധിക്കുന്നവരേയും അവരുടെ പ്രവർത്തനങ്ങളെ എതിർക്കുന്നവരേയും ഭീഷണിപ്പെടുത്തുന്നു, ഭയപ്പെടുത്തുന്നു, അറസ്റ്റ് ചെയ്യാനും പീഡനങ്ങൾക്ക് ഇരയാക്കാനും ബിജെപി സർക്കാർ UAPA, NSA പോലുള്ള കരിനിയമങ്ങളേയും ED, ആദായനികുതി, CBI, അവരുടെ നിയന്ത്രണത്തിലുള്ള ഡെൽഹി പോലീസ് എന്നിവയിലെ തങ്ങളുടെ പ്രവർത്തന സംവിധാനങ്ങളേയും ഉപയോഗിക്കുന്നു. നൂറുകണക്കിന് വിദ്യാർത്ഥികളേയും സ്ത്രീകളേയും മാധ്യമപ്രവർത്തകരേയും ട്രേഡ് യൂണിയൻ പ്രവർത്തകരേയും മനുഷ്യാവകാശ പ്രവർത്തകരേയും UAPA, NSA തുടങ്ങിയ നിയമങ്ങൾ അനുസരിച്ച് ജയിലിടക്കുകയും വർഷങ്ങൾ ഏറെ

കഴിഞ്ഞിട്ടും ജാമ്യം കിട്ടാതെ ജയിലിൽ നരകിക്കുകയും ആണ്. സുപ്രീം കോടതി പോലുള്ള സ്ഥാപനങ്ങൾ പോലും സർക്കാരിന്റെ നിലപാടുകളിലേക്ക് ചുവടുമാറ്റുന്നത് അങ്ങേയറ്റം ദുഃഖകരമാണ്. ഈ അടുത്ത കാലത്ത്, അഞ്ച് നിയമസഭകളിലേക്ക് നടത്തേണ്ട തെരഞ്ഞെടുപ്പിന്റെ കാര്യത്തിൽ ഇലക്ഷൻ കമ്മീഷന്റെ ഭാഗത്ത് നിന്നുണ്ടായ സംഭവവികാസങ്ങളും കാണിക്കുന്നത്,  ഇലക്ഷൻ കമ്മീഷനും ഇതേ നിലപാട് തുടരുന്നു എന്നതാണ്.

മുതലാളിത്ത വ്യവസ്ഥ നേരിടുന്ന ഈ തുടർ തകർച്ചയുടെ പ്രതികരണമെന്നോണം നിരാശരായ ഭരണ വർഗ്ഗം മറ്റുപോംവഴികൾ ഒന്നും കാണാനാകാതെ ഭരണം കൂടുതൽ കൂടുതൽ കേന്ദ്രീകൃതമാക്കുന്നതിനും സ്വേഛാധിപത്യവൽക്കരിക്കുന്നതിനും ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഫാസിസ്റ്റ് ചിന്തയോടെ അവർ ജനാധിപത്യത്തിന്റെ എല്ലാ ഘടകങ്ങളേയും നശിപ്പിച്ചുകൊണ്ടേയിരിക്കുന്നു. വ്യവസായ മേഖല മുഴുവനായും, ആരോഗ്യം, വിദ്യാഭ്യാസം ഉൾപ്പെടുന്ന സേവന മേഖലയും ധാതു വിഭവങ്ങളും അടിസ്ഥാന സൗകര്യമേഖലയും ഇന്ന് സ്വകാര്യകുത്തകകളുടെ അനിയന്ത്രിതമായ നിയന്ത്രണത്തിൽ ആയിരിക്കുന്നു.

തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ഈ വ്യവസ്ഥിതി എത്രത്തോളം പരാജയപ്പെട്ടിരിക്കുന്നു എന്ന കാര്യം ലോകമെമ്പാടുമുള്ള തൊഴിലാളികൾ മനസ്സിലാക്കി വരികയാണ്. ഇന്ത്യയിൽ ബിജെപി സർക്കാരിന്റെ കോർപ്പറേറ്റ് വിധേയത്വം കൂടുതൽ ജനവിഭാഗങ്ങൾ മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. ഒരു വലിയ വിഭാഗം ജനങ്ങളിലും അദ്ധ്വാനിക്കുന്നവരിലും അവരുടെ ദൈനംദിന പ്രശ്നങ്ങളും കാലാകാലങ്ങളിൽ കേന്ദ്രം ഭരിക്കുന്ന സർക്കാരുകളുടെ നയങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി അവബോധം വളർത്തിയെടുക്കാനുള്ള സമയമാണിത്. ആരാണ് ശത്രു ആരാണ് മിത്രം എന്ന് തിരിച്ചറിഞ്ഞ്, ശത്രുവിനെതിരെ മിത്രങ്ങൾ ഒന്നിച്ച് ചേർന്ന് പടപൊരുതാൻ അവരെ അണിനിരത്താനുള്ള സമയം.

ജനങ്ങളുടെ, സമ്പദ് ഘടനയുടെ, ജനാധിപത്യത്തിന്റെ, വ്യവസ്ഥയുടെ, സാമൂഹ്യ ഐക്യത്തിന്റെ, ദേശീയോദ്ഗ്രഥനത്തിന്റെ മേൽ നടക്കുന്ന സമഗ്രമായ ആക്രമണങ്ങൾക്കെതിരെയുള്ള വർഗ്ഗ സമരത്തിലൂന്നിയുള്ള തൊഴിലാളി വിഭാഗത്തിന്റെ പോരാട്ടവും ആ ആക്രമണത്തിന്റെ വിവിധ ഭാഗങ്ങൾ തിരിച്ചറിഞ്ഞ്, അവയെ പരസ്പരം ബന്ധപ്പെടുത്തി, സമഗ്രസ്വഭാവത്തിലുള്ളതുമായിരിക്കണം. ഈ സമരം മറ്റ് ജനവിഭാഗങ്ങളോടൊന്ന് ചേർന്ന് കൊണ്ട് തൊഴിലാളികളുടെ അവകാശങ്ങളും ആത്മാഭിമാനവും ജീവനോപാധികളും സംരക്ഷിക്കുന്നതിനുള്ള ഐക്യസമരമാകണം. ജനാധിപത്യ വ്യവസ്ഥിയും അതിന്റെ മൂല്യങ്ങളും സംരക്ഷിക്കുന്നതിന് വേണ്ടിയാകണം. രാജ്യത്തിന്റെ സമ്പദ് ഘടനയേയും അതിന്റെ വിഭവങ്ങളേയും സംരക്ഷിക്കുന്നതിന് വേണ്ടിയാകണം. എല്ലാറ്റിനുമുപരിയായി ജനങ്ങളുടെ ഐക്യം സംരക്ഷിക്കുന്നതിനുള്ള സമരമായിരിക്കണം. അതിന് മുതലാളിത്ത വ്യവസ്ഥിതിയുടെ അന്തർലീനമായിരിക്കുന്ന ചൂഷണ സ്വഭാവത്തേയും അതിന്റെ മനുഷ്യത്വരഹിതമായ ഗൂഢ തന്ത്രങ്ങളേയും അവയെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ സംവിധാനത്തേയും തുറന്ന് കാണിക്കുന്ന സ്ഥിരതയും നൈരന്തര്യവുമുള്ള പരിശ്രമം ആവശ്യമാണ്.

> **മുതലാളിത്ത വ്യവസ്ഥിതിയുടെ അന്തർലീനമായിരിക്കുന്ന ചൂഷണ സ്വഭാവത്തേയും അതിന്റെ മനുഷ്യത്വരഹിതമായ ഗൂഢ തന്ത്രങ്ങളേയും അവയെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ സംവിധാനത്തേയും തുറന്ന് കാണിക്കുന്ന സ്ഥിരതയും നൈരന്തര്യവുമുള്ള പരിശ്രമം ആവശ്യമാണ്. ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങളും കേന്ദ്രം ഭരിക്കുന്ന സർക്കാരുകളുടെ നയങ്ങളും തമ്മിലുള്ള ബന്ധത്തെപ്പറ്റി അവബോധം വളർത്തിയെടുക്കാനുള്ള സമയമാണിത്. ആരാണ് ശത്രു ആരാണ് മിത്രം എന്ന് തിരിച്ചറിഞ്ഞ്, ശത്രുവിനെതിരെ മിത്രങ്ങൾ ഒന്നിച്ച് ചേർന്ന് പടപൊരുതാൻ അവരെ അണിനിരത്താനുള്ള സമയം.**

**സൗജന്യ കോവിഡ്  19 വാക്സിനും,**
**സാർവ്വത്രികമായ സൗജന്യ ആരോഗ്യ പരിപാലനത്തിനും വേണ്ടി, പൊരുതി നേടിയ അവകാശങ്ങളുടെ മുകളിലും മുതലാളിത്തം നടത്തുന്ന കടന്നാക്രമണങ്ങളെ ചെറുക്കാൻ സംഘടിക്കൂ.**

**ജനാഭിമുഖ്യമുള്ള ബദലിന് വേണ്ടി,**

**തൊഴിലാളികളെയും ജനങ്ങളേയും ഭിന്നിപ്പിക്കാനുള്ള ഭരണവർഗ ശ്രമങ്ങൾക്കെതിരെ,**

**മെയ് ദിനം നീണാൾ വാഴട്ടെ**
**തൊഴിലാളി വർഗ ഐക്യം നീണാൾ വാഴട്ടെ**
**തൊഴിലാളി കർഷക ഐക്യം നീണാൾ വാഴട്ടെ**
**സോഷ്യലിസം നീണാൾ വാഴട്ടെ**
**മുതലാളിത്തം തുലയട്ടെ.** ●



പ്രഭാത് പട്നായിക്

# പൊതുമേഖലാ ആസ്തികൾ വിൽക്കുവാനും സ്വത്ത് നികുതി ചുമത്താതിരിക്കാനുമുള്ള

# ലജ്ജാകരമായ നീക്കം

**പൊതുമേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള മോഡി സർക്കാരിന്റെ ഉദ്ദേശം, രാഷ്ട്രത്തിന്റെ കണ്ണിൽ നയതന്ത്രപരാജയവും, സർക്കാർ അവകാശപ്പെടുന്ന രീതിയിലുള്ള സാമ്പത്തിക അടിത്തറയില്ലാത്തതുമാണ്. അസമത്വം ഇനിയും വർധിപ്പിക്കാനായി, ഗവണ്മെന്റ് ചിലവുകൾക്കുള്ള ധനസമാഹരണത്തിനായി, സ്വത്ത് നികുതി ചുമത്തുന്നതിനു പകരമായി പൊതുമേഖലയെ വിൽക്കുന്നത് ലജ്ജാകരമാണ്. സ്വത്ത് നികുതി ചുമത്താൻ വിമുഖതയെങ്കിൽ, ചുരുക്കം ലാഭത്തിനു മേലുള്ള നികുതിയെങ്കിലും ഏർപ്പെടുത്തി സാമ്പത്തിക അസമത്വത്തെ പിടിച്ചു നിർത്തുകയും ചെയ്യാം.**




ഇന്ത്യൻ പൊതുമേഖലയെ, തങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന കോർപ്പറേറ്റ് ഭീമൻമാർക്കും വിദേശ ബഹുരാഷ്ട്ര കമ്പനികൾക്കും തീറെഴുതി കൊടുക്കുവാനുള്ള നരേന്ദ്ര മോഡി സർക്കാരിന്റെ ഉദ്ദേശം ഇന്ന് രഹസ്യമല്ല. എന്നാൽ ഇതെല്ലാം തന്നെ ഏതെങ്കിലും സാമ്പത്തിക വാദത്തിന്റെ പിൻബലത്തേക്കാളും, സർക്കാരിന്റെ ചിലവുകൾക്കുള്ള വിഭവസമാഹരണത്തിനേക്കാളും, സാമ്പത്തികശാസ്ത്രത്തിലുള്ള അറിവില്ലായ്മയും, ചങ്ങാത്ത മുതലാളിത്ത ശക്തികളെ പ്രീതിപ്പെടുത്താനുമുള്ളതാണ്.

കോളനിവൽക്കരണത്തിനെതിരെയുള്ള സമരങ്ങളുടെ ഭാഗമായാണ് ഇന്ത്യയുടെ പൊതുമേഖല തന്നെ ഉയർന്നു വന്നത്.

കോളനിവൽക്കരണമെന്നാൽ, വിദേശശക്തികൾക്കുള്ള കേവലം രാഷ്ട്രീയാധികാരം മാത്രമല്ല, ഒരു രാജ്യത്തിന്റെ പ്രകൃതിവിഭവങ്ങൾക്ക് മേലുള്ള വിദേശകുത്തകകളുടെ നിയന്ത്രണം കൂടെയാണ്. കോളനിവൽക്കരണം അവസാനിപ്പിക്കുന്നത് വെറും രാഷ്ട്രീയാധികാരം തിരിച്ചുപിടിക്കുന്നത് മാത്രമല്ല,

പക്ഷെ അതിനേക്കാളുപരിയായി സാമ്പത്തിക മായ, അതായത് ഒരു രാജ്യം, ജനങ്ങൾക്ക് വേണ്ടി, അതിന്റെ വിഭവങ്ങളുടെ മേലുള്ള നിയന്ത്രണം, വിദേശ മൂലധനശക്തികളുടെ കൈകളിൽനിന്നും തിരിച്ചുപിടിക്കുക കൂടെ യാണ്. യഥാർഥത്തിൽ, മറ്റൊരു സംവിധാനത്തിനും തന്നെ ഇതുപോലൊരു പങ്ക് വഹിക്കാനും സാധ്യമല്ല.

മെട്രോപൊളിറ്റൻ മൂലധനത്തിന്റെ കെട്ടുപിണർപ്പിൽ നിന്നും, സമ്പദ് വസ്ഥയെ ഒഴിവാക്കുമ്പോൾ, ജനങ്ങളുടെ താല്പര്യത്തിൽ ഇതിനെല്ലാം പകരം നിർത്താനാകുന്ന സംവിധാനം പൊതുമേഖല മാത്രമാണ്. ഇന്ത്യയുടെ സ്വകാര്യമേഖലക്ക് മെട്രോപൊളിറ്റൻ മൂലധനത്തിന്റെ സ്ഥാനത്ത് വരാനാകുകയില്ല. സാങ്കേതികവിദ്യയുടെ സഹായത്തോടെയും, സംയുക്ത സംരംഭങ്ങളിലൂടെയും ഒരുപക്ഷെ, മെച്ചപ്പെടുത്താനാവുമെങ്കിലും, മെട്രോപൊളിറ്റൻ മൂലധനത്തിന്റെ ആധിപത്യത്തിനു പകരമാകുവാൻ കഴിയില്ല. പക്ഷേ, പൊതുമേഖലയെ സംബന്ധിച്ചു ഇത്തരം അനുമാനവാദങ്ങളൊക്കെ ഉപരിതലത്തിൽ മാത്രമാണ്. യഥാർത്ഥത്തിലുള്ള വാദമെന്നാൽ, പൊതുമേഖലയെ മാത്രമാണ്പാർലമെന്ററി സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കാനാവുന്നത്, ജനങ്ങൾക്ക് വേണ്ടി.

ബാങ്കുകളുടെ ദേശസാൽക്കരണത്തിന് ശേഷമുള്ള സ്വഭാവം തന്നെ നിരീക്ഷിക്കുകയാണെങ്കിൽ, അതുവരെ ബാങ്കുകൾ അവരുടെ ഉടമകളായ കോർപ്പറേറ്റ് ഹൗസുകളുടെ വെറും വിഭവസമാഹകരായി പ്രവർത്തിക്കുകയായിരുന്നെങ്കിൽ, വലിയ തോതിൽ നിക്ഷേപങ്ങൾ സ്വീകരിക്കാനും, അതുവഴി ഇൻസ്ടിട്യൂഷണൽ ക്രെഡിറ്റിൽ നിന്നും അന്നോളം മാറ്റിനിർത്തപ്പെട്ട ചെറുകിട ഉത്പാദകർക്കും, കർഷകർക്കും വായ്പ വിതരണക്കാരായി മാറുകയും ചെയ്തു.

കർഷകർക്കും, ചെറുകിട ഉത്പാദകർക്കും വായ്പകൾ വലിയൊരളവിൽ വിതരണം ചെയ്തതിനാൽ, ബാങ്കുകൾ, അതുവരെ കോർപ്പറേറ്റ് ഹൗസുകളുടെ അനുബന്ധം മാത്രമായിരുന്നെങ്കിൽ, പിന്നീട് സാമ്പത്തിക സംവിധാനത്തിന്റെ ഘടകമായി, അതും ലോകം അന്നുവരെ കാണാത്ത രീതിയിൽ. ഇതാണ് ഇന്ത്യയെ ഹരിതവിപ്ലവത്തിലേക്ക് നയിച്ചതും, രാജ്യത്തിനു പര്യാപ്തമായ ഒരു ഭക്ഷ്യസുരക്ഷ നൽകിയതും.

ഇതെല്ലാം നമ്മളെല്ലാം അറിയേണ്ടതും, അറിയുന്നതുമാണ്. എന്നാൽ ഭരണത്തിലിരിക്കുന്ന ബിജെപിയെ പോലെ, കോളനിശക്തികൾക്ക് എതിരെയുള്ള സമരത്തിൽ പങ്കെടുക്കാത്ത, രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യത്തെ കുറിച്ച് മനസ്സിലാക്കുകയോ, അനുമോദിക്കുകയോ ചെയ്യാത്ത ( കാർഷിക നിയമങ്ങളിലൂടെ രാജ്യത്തെ ഭക്ഷ്യ സാമ്രാജത്യ ത്തിനു തുറന്നിടാനുള്ള ഇപ്പോഴത്തെ ശ്രമങ്ങളിൽ നിന്നും വ്യക്തമാണത് ) പാർട്ടിയെ ഓർമിപ്പിക്കാനായി, ഇതെല്ലാം ആവർത്തിക്കുന്നതിലും കാര്യമുണ്ട്.

മോഡി സർക്കാർ അധികാരത്തിലെരുന്നതിനും മുൻപേ തന്നെ, നവഉദാരവൽക്കരണ നയങ്ങളിലൂടെ പൊതുമേഖലയെ തകർക്കാനായി ശ്രമം തുടങ്ങിയതാണ്. ഈ മേഖലയെ കുറിച്ച് വ്യക്തമായ ധാരണയില്ലാത്തവരാണ്, പൊതുമേഖല, സ്വകാര്യമേഖലയെ പോലെ ലാഭം തരുന്നില്ലെന്നും, 'കാര്യക്ഷമമല്ല' എന്നുമുള്ള വാദം ഉന്നയിക്കുന്നത്. ( ഇത് പൊതുമേഖലയെന്നാൽ എന്നും

**മോഡി സർക്കാർ അധികാരത്തിൽ വരുന്നതിനും മുൻപേ തന്നെ, നവഉദാരവൽക്കരണ നയങ്ങളിലൂടെ പൊതുമേഖലയെ തകർക്കാനായി ശ്രമം തുടങ്ങിയതാണ്. ഈ മേഖലയെ കുറിച്ച് വ്യക്തമായ ധാരണയില്ലാത്തവരാണ്, പൊതുമേഖല, സ്വകാര്യമേഖലയെ പോലെ ലാഭം തരുന്നില്ലെന്നും, 'കാര്യക്ഷമമല്ല' എന്നുമുള്ള വാദം ഉന്നയിക്കുന്നത്.**

നഷ്ടം മാത്രമായിരിക്കണമെന്ന് പറയാനുമല്ല )

പിന്നെ, അങ്ങേയറ്റം അസംബന്ധവും യുക്തിരഹിതവുമായ വാദമാണ്, ധനകമ്മി ഒഴിവാക്കാനും, സർക്കാരിന്റെ ചിലവുകൾക്കുമായി, പൊതുമേഖലയുടെ ഇക്വിറ്റി വിൽക്കുന്നതാണ് ഏറ്റവും സുരക്ഷിതമായ മാർഗമെന്നത്. മോഡി സർക്കാറാവട്ടെ, ഈ വാദം അപ്പടി വിഴുങ്ങി, അവർ തന്നെ ഉണ്ടാക്കി വച്ച, ധനക്കെടുതിയിൽ നിന്നും രക്ഷനേടാനായി, പൊതുമേഖലയുടെ തെല്ലൊരു പങ്കും സ്വകാര്യമേഖലക്ക് വിൽക്കാനായി ആസൂത്രണം ചെയ്തിരിക്കുന്നു.

ഈ വാദം എങ്ങനെ അസംബന്ധമാകുന്നുവെന്ന് കാണാം. സർക്കാർ അധികമായി ഒരു



**അങ്ങേയറ്റം അസംബന്ധവും യുക്തിരഹിതവുമായ വാദമാണ്, ധനക്കമ്മി ഒഴിവാക്കാനും, സർക്കാരിന്റെ ചിലവുകൾക്കുമായി, പൊതുമേഖലയുടെ ഇക്വിറ്റി വിൽക്കുന്നതാണ് ഏറ്റവും സുരക്ഷിതമായ മാർഗമെന്നത്. മോഡി സർക്കാറാവട്ടെ, ഈ വാദം അപ്പടി വിഴുങ്ങി, അവർ തന്നെ ഉണ്ടാക്കി വച്ച, ധനക്കെടുതിയിൽ നിന്നും രക്ഷനേടാനായി, പൊതുമേഖലയുടെ തെല്ലൊരു പങ്കും സ്വകാര്യമേഖലക്ക് വിൽക്കാനായി ആസൂത്രണം ചെയ്യിരിക്കുന്നു.**

നൂറുരൂപ ചിലവാക്കുകയാണെന്ന് കരുതുക, അതും ബാങ്കുകളിൽ നിന്നും വായ്പയെടുത്തുകൊണ്ട്. പിന്നെ അവിടെ ആകെത്തുകയായുള്ള (aggregate) ഡിമാൻഡിന്റെ തോത് കൂടുകയും, അതുവഴി ഉത്പാദനവും, വരുമാനവും വർധിക്കുകയും ചെയ്യും. ഒന്നുകൂടി ലളിതമായി വിശദീകരിക്കാനായി വിദേശവിനിമയങ്ങൾ അവഗണിക്കുകയാണെങ്കിൽ, ഈ പ്രക്രിയയിലൂടെയുള്ള വരുമാനോല്പാദനം അധികവരുമാനത്തിലൂടെ അധികനിക്ഷേപം ഉണ്ടാക്കുന്നത് വരെ തുടരും. അങ്ങനെ അധികമായ സ്വകാര്യനിക്ഷേപത്തിലേക്കുള്ള അധികമായ തുക, സ്വകാര്യ നിക്ഷേപ (ഈ കാലയളവിൽ ഇതിൽ മാറ്റമൊന്നുമില്ലെങ്കിൽ) ത്തെ മറികടന്ന് ഈ 100 രൂപക്ക് തുല്യമാവുകയും ചെയ്യും. സർക്കാരിന് ഈ 100 രൂപ ബോണ്ടുകൾ വിൽക്കുന്നതിലൂടെ വാങ്ങാനും, ആ പണം ബാങ്കുകൾക്ക് തിരിച്ചു നൽകാനുമാകും. പൊതുമേഖലയുടെ ആസ്തികൾ വിൽക്കുമ്പോഴും, ഇതേ പ്രക്രിയ തന്നെയാണ് ഉണ്ടാകുന്നത്, അവിടെ ബോണ്ടുകൾക്ക് പകരം പൊതുമേഖലയുടെ ഇക്വിറ്റിയാണ് ഈ രൂപക്കായി വിൽക്കുന്നതെന്ന് മാത്രം.

പ്രൈവറ്റ് മേഖലക്ക് വിൽക്കുന്ന ഗവണ്മെന്റ് രേഖകൾ, അഥവാ ബോണ്ടെന്നും, ഇക്വിറ്റിയെന്നുമുള്ള വ്യത്യാസമല്ലാതെ, ഈ രണ്ട് കേസുകളും തമ്മിൽ വലിയ അന്തരമില്ല. അവയുടെ മാക്രോ ഇക്കണോമിക് പ്രത്യാഘാതമെടുക്കുകയാണെങ്കിൽ,സർക്കാർ ചെലവുകൾക്കായി ധനക്കമ്മിയിൽ നിന്നുള്ളതും, പൊതുമേഖലയുടെ സ്വകാര്യവൽക്കരണത്തിൽ നിന്നുള്ള ധനസമാഹരണവും തമ്മിൽ ഒരു വ്യത്യാസവും ഇല്ല. പക്ഷെ, രണ്ടാമത്തേതിൽ, ഗവണ്മെന്റ്, സമ്പദ് വ്യവസ്ഥയുടെ ഏറ്റവും നിർണായകമായ മേഖലകളെ രാജ്യത്തിനകത്തും, പുറത്തുമുള്ള കോർപ്പറേറ്റ് ഒലിഗാർക്കികൾക്ക് വിട്ടുനൽകുന്നു.

ഇന്റർനാഷണൽ മോണിറ്ററി ഫണ്ടും (IMF), പൊതുവെ ഫിനാൻസ് മൂലധനവും ഈ രണ്ട് രീതിയിലുള്ള ധനസമാഹരണവും കാണുന്നത് വ്യത്യസ്തമായാണ്. പൊതുമേഖല ആസ്തികളുടെ വില്പന ധനക്കമ്മി ഇല്ലാതാക്കാനുള്ള ഒരു മാർഗമായി അവർ കാണുന്നില്ല. എങ്കിലും ഇതിനോട് യോജിക്കുന്നതാണ് അവരുടെ നിലപാട്. അത്, സാമ്പത്തിക കാരണങ്ങളെക്കാളും, പ്രത്യയശാസ്ത്രപരമാണ്. എന്തെന്നാൽ, പൊതുമേഖല ഇല്ലാതാവുക എന്നാൽ,സാമ്രാജത്യത്തിനെതിരെ നിൽക്കുന്ന ഒരു ശക്തമായ തടയണ ഇല്ലാതാവും.

നവഉദാരവൽക്കരണ നയങ്ങളാൽ തന്നെ ഒരു പഴയ രീതിയിലല്ലെങ്കിലും, പൊതുമേഖല ഇന്നും അവർക്കെതിരെ ഒരു തടയണ പണിയുന്നു.

ചില ഔദ്യോഗികവക്താക്കൾ ഉയർത്തി കാണിക്കുന്നത് കടരഹിതമായ വിഭവസമാഹരണത്തിനായി പൊതുമേഖലയെ വിൽക്കുന്നതാണ് ഏറ്റവും മികച്ചരീതിയിലുള്ള ധനസമാഹരണമെന്നാണ്. അത് പക്ഷെ വലിയ അർത്ഥമില്ലാത്തതാണ്. പൊതുമേഖല ആസ്തിയുടെ വില്പന എന്ന് പറയുമ്പോൾ അതിൽ നിന്നും ഭാവിയിൽ ലഭിക്കാനുള്ള ലാഭം ഉണ്ടാവില്ല, ഇത് ധനകമ്മി ഇല്ലാതാക്കാനായി വില്ക്കുന്ന ഗവണ്മെന്റ് ബോണ്ടുകളുടെ പലിശക്ക് തുല്യമായി വരും.

ധനക്കമ്മിയോട് കൂടിയ ഗവണ്മെന്റ് ചിലവുകൾക്കുള്ള ധനശേഖരണപ്രശ്നം സാധാരണ ഫിനാൻസ് മൂലധനത്തിന്റെ വക്താക്കൾ അവകാശപെടുന്നതല്ല. പ്രശ്നമെന്താണെന്ന് വച്ചാൽ ഇത് സ്വകാര്യ ധനസമ്പത്ത് സ്വമേധയാ കൂട്ടുമെന്നാണ്. ഉദാഹരണമായി, ഗവണ്മെന്റ് 100 രൂപ ചിലവഴിക്കുകയും, ചിലവുകൾ കാരണം, സ്വകാര്യമേഖലക്ക് കൈവന്ന നിക്ഷേപം തുടച്ച് നീക്കാനായി ബോണ്ടുകൾ വിൽക്കുകയും ചെയ്താൽ, ഈ കൂട്ടി വയ്ക്കുന്ന നിക്ഷേപം അവരുടെ മടിയിൽ വന്നു വീഴുന്നതാണ്, അവരൊന്നും ചെയ്യുന്നില്ലെങ്കിൽ കൂടിയും. ഈ നിക്ഷേപങ്ങൾ എല്ലാം തന്നെ സ്വകാര്യസമ്പത്ത് വർധിക്കാൻ കാരണമാകും, അതായത് സമ്പന്നരുടെ സമ്പത്ത് മാത്രം. കാരണം തൊഴിലാളികളധികവും സമ്പാദിക്കുന്ന പണമെല്ലാം ഉപയോഗിക്കുന്നതിനാൽ നിക്ഷേപത്തിനായൊന്നും ബാക്കി വരില്ല. ഈ നൂറുരൂപ എന്നാൽ, അതിസമ്പന്നരുടെ കയ്യിൽ നിന്നും നികുതിയായി പിരിച്ചാലും, അവരിപ്പോ എവിടെയാണോ അതുപോലെ തന്നെയായിരിക്കും തുടർന്നും, അതായത് അവരുടെ സമ്പത്തിൽ വലിയ കുറവുകൾ വരുന്നില്ല.

ധനക്കമ്മി നികത്തുന്നതിനു പകരമായി പൊതുമേഖലയെ, സ്വകാര്യമേഖലക്ക് നൽകുന്നത്, അധികമായ നിക്ഷേപം കൂടെ ധനികർക്ക് കൈമാറുകയെന്നാണ്. അത് പണക്കാരെ വീണ്ടും പണക്കാരാക്കാകുകയും, സാമ്പത്തിക അസമത്വം കൂടാനിടയാക്കുകയും ചെയ്യും. ഇവരിൽ നിന്നും ഒരു 100 രൂപയെങ്കിലും, നികുതി ചുമത്തുമെങ്കിൽ ഇതൊഴിവാക്കാനാകും. ബോണ്ടുകൾ വിൽക്കുന്നതിനേക്കാളും, പൊതുമേഖലയെ തീറെഴുതുമ്പോഴാണ് അസമത്വം കൂടുന്നത്. അത്രത്തോളം തുച്ഛമായ വിലക്കാണ് പലപ്പോഴും പൊതുമേഖലയെ വിൽക്കുന്നത്.

അങ്ങേയറ്റത്തെ സാമ്പത്തിക അസമത്വം നിലനിൽക്കുന്ന ഒരു മൂന്നാം ലോകരാഷ്ട്രത്തിന്റെ സർക്കാർ തന്നെ, ആ അസമത്വം ഇനിയും വർധിപ്പിക്കാനായി, ഗവണ്മെന്റ് ചിലവുകൾക്കുള്ള ധനസമാഹരണത്തിനായി, സ്വത്ത് നികുതി ചുമത്തുന്നതിനു പകരമായി പൊതുമേഖലയെ വിൽക്കുന്നത് ലജ്ജാകരമാണ്. സ്വത്ത് നികുതി ചുമത്താൻ ഗവണ്മെന്റിന് വിമുഖതയെങ്കിൽ, ചുരുക്കം ലാഭത്തിനു മേലുള്ള നികുതിയെങ്കിലും ഏർപ്പെടുത്തുകയും, അതുവഴി സാമ്പത്തിക അസമത്വത്തെ കുറച്ചെങ്കിലും പിടിച്ചു നിർത്തുകയും ചെയ്യാം.

ഇനി, ഉയർന്ന നിരക്കിലുള്ള ലാഭനികുതി സർക്കാരിന്റെ പരിമിതികൾക്കപ്പുറമാണെങ്കിൽ, ആഡംബരവസ്തുക്കൾക്ക് (മുതലാളികളും, അവരോട് ചേർന്ന് നിൽക്കുന്നവരും ഉപയോഗിക്കുന്നതുമായ) മേലുള്ള ചരക്ക് സേവന നികുതി (ജിഎസ്ടി) നിരക്ക്, സംസ്ഥാനങ്ങളുമായി കൂടിയാലോചിച്ച് ഉയർത്താവുന്നതാണ്. ഇത് വസ്തുക്കളുടെ വിലയിടിയാനും, അതുവഴി സാഹചര്യങ്ങളിൽ വലിയ വ്യത്യാസമില്ലാതെ സർക്കാരിന്റെ ചിലവുകൾക്കുള്ള പണം കണ്ടെത്താനും സാധിക്കും. ഇത് പക്ഷെ, ധനക്കമ്മി പോലെയോ, പൊതുസ്വത്തിന്റെ വില്പന പോലെയോ, മുതലാളിമാർക്ക് യാതൊന്നും അധികമായി നൽകുകയില്ല.

**ധനക്കമ്മി നികത്തുന്നതിനു പകരമായി പൊതുമേഖലയെ, സ്വകാര്യമേഖലക്ക് നൽകുന്നത്, അധികമായ നിക്ഷേപം കൂടെ ധനികർക്ക് കൈമാറുകയെന്നാണ്. അത് പണക്കാരെ വീണ്ടും പണക്കാരാക്കാകുകയും, സാമ്പത്തിക അസമത്വം കൂടാനിടയാക്കുകയും ചെയ്യും. ബോണ്ടുകൾ വിൽക്കുന്നതിനേക്കാളും, പൊതുമേഖലയെ തീറെഴുതുമ്പോഴാണ് അസമത്വം കൂടുന്നത്. അത്രത്തോളം തുച്ഛമായ വിലക്കാണ് പലപ്പോഴും പൊതുമേഖലയെ വിൽക്കുന്നത്.**

പൊതുമേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള മോഡി സർക്കാരിന്റെ ഉദ്ദേശം, രാഷ്ട്രത്തിന്റെ കണ്ണിൽ നയതന്ത്രപരാജയവും, സർക്കാർ അവകാശപ്പെടുന്ന രീതിയിലുള്ള സാമ്പത്തിക അടിത്തറയില്ലാത്തതുമാണ്. ●




# അമേരിക്ക ഇന്ത്യയുടെ സമുദ്രാതിർത്തി ലംഘിച്ചു

**ഇന്ത്യയുടെ പരമാധികാരം നഗ്നമായി ലംഘിച്ചുകൊണ്ടുള്ള നടപടിയായിരുന്നു അമേരിക്കയുടെ ഏഴാം കപ്പൽപട ഇന്ത്യൻ സമുദ്രാതിർത്തി ലംഘിച്ചത്. ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയിൽ കടന്നു കയറി നാവികാവകാശങ്ങളും സ്വാതന്ത്ര്യവും സ്ഥാപിച്ചെടുത്തുവെന്നും ഇന്ത്യയുടെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെയാണ് ഇത് ചെയ്തതെന്നും അമേരിക്കൻ നാവിക സേന ഒരു പ്രസ്താവനയിലൂടെ അറിയിക്കുകയായിരുന്നു.**

ഏപ്രിൽ ഏഴിനാണ് അമേരിക്കയുടെ ഏഴാം കപ്പൽപട ഇന്ത്യൻ സമുദ്രാതിർത്തി ലംഘിച്ചത്. ഇന്ത്യയുടെ പരമാധികാരം നഗ്നമായി ലംഘിച്ചു കൊണ്ടുള്ള നടപടിയായിരുന്നു അമേരിക്കയുടേത്. യുദ്ധ സമാനമായ ഈ നീക്കം നടത്തിയതിനു ശേഷം അത് അഹങ്കാരത്തോടെ ഇന്ത്യയുടെ പരമാധികാരം നഗ്നമായി ലംഘിച്ചുകൊണ്ടുള്ള നടപടിയായിരുന്നു അമേരിക്കയുടേത്. യുദ്ധസമാനമായ ഈ നീക്കം നടത്തിയതിനു ശേഷം അത് അഹങ്കാരത്തോടെ ഇന്ത്യയെ അറിയിച്ചതും അമേരിക്കൻ നാവിക സേന തന്നെ. ഏപ്രിൽ ഏഴിന് യുഎസ്എസ് ജോൺപോൾ ജോൺസ് ഇന്ത്യയുടെ പ്രത്യേക സാമ്പത്തിക മേഖലയിൽ കടന്നു കയറി നാവികാവകാശങ്ങളും സ്വാതന്ത്ര്യവും സ്ഥാപിച്ചെടുത്തുവെന്നും ഇന്ത്യയുടെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെയാണ് ഇത് ചെയ്തതെന്നും അമേരിക്കൻ നാവിക സേന ഒരു പ്രസ്താവനയിലൂടെ അറിയിക്കുകയായിരുന്നു. സമുദ്രാതിർത്തിയുടെ കാര്യത്തിൽ ഇന്ത്യയുടെ 'അതിരുവിട്ട അവകാശവാദങ്ങൾ വെല്ലുവിളിച്ചുവെന്നും ഏഴാം കപ്പൽപട അവകാശപ്പെട്ടു.

ഇതിൽ അമേരിക്ക സൂചിപ്പിക്കുന്ന അന്താരാഷ്ട്ര നിയമം യുഎൻ കൺവെൻഷൻ ഓൺ ലോ ഓഫ് സീസ് 1982 ആണ്. 1994 ൽ നിലവിൽ വന്ന ഈ നിയമത്തിന് ഇന്ത്യ ഉൾപ്പെടെ 168 രാഷ്ട്രങ്ങൾ ഇതിനകം അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ ഒപ്പിടാതെ ഏത് സമുദ്ര മേഖലയിലും കടന്നു കയറാൻ തങ്ങൾക്ക് അധികാരമുണ്ടെന്ന് ആവർത്തിക്കുന്ന അമേരിക്കയാണ് അന്താരാഷ്ട്ര നിയമം നടപ്പാക്കുകയാണ് ചെയ്യതെന്ന് അവകാശപ്പെടുന്നത്. ഈ ശുദ്ധ അസംബന്ധത്തെ തുറന്നു കാണിക്കാൻ പോലും മോഡി സർക്കാരിന് കഴിയുന്നില്ല.

ഇന്ത്യൻ പരമാധികാരത്തെ തുറന്ന് വെല്ലുവിളിച്ചിരിക്കുകയാണ് അമേരിക്ക. ഇന്ത്യാ മഹാസമുദ്രം ഇന്ത്യയുടേത് മാത്രമല്ലെന്നും ലക്ഷദ്വീപിൽ ഇന്ത്യക്കുള്ള പരമാധികാരത്തെ അംഗീകരിക്കില്ലെന്നുമുള്ള സൂചനയും ഈ കടന്നാക്രമണം നൽകുന്നുണ്ട്. ശക്തനായ നേതാവ് മോഡിയുടെ നേതൃത്വത്തിലുള്ള സർക്കാരിന് ഈ കടന്നു കയറ്റത്തോട് പ്രതികരിക്കാൻ ഏപ്രിൽ ഒമ്പതുവരെ രണ്ട് ദിവസത്തോളം കാത്തിരിക്കേണ്ടി വന്നു. ബ്രിട്ടീഷ് കോളനി മേധാവിത്വത്തിനെതിരെ അബദ്ധത്തിൽ പോലും ശബ്ദമുയർത്താത്ത ആർഎസ്എസിന്റെ പ്രചാരക പ്രധാനമന്ത്രിയായതുകൊണ്ടു തന്നെ അമേരിക്കൻ നടപടിയിൽ ഉൽക്കണ്ഠ അറിയിക്കുക മാത്രമാണ് ചെയ്യത്. എന്തൊരു വിധേയത്വം! ചൈനയെ തളയ്ക്കുക ലക്ഷ്യമാക്കി അമേരിക്ക രൂപീകരിച്ച, ജപ്പാനും ഓസ്ട്രേലിയയും ഇന്ത്യയും അംഗങ്ങളായ ക്വാഡ് നേതൃതല യോഗം കഴിഞ്ഞ് ദിവസങ്ങൾക്കകമാണ് ഇന്ത്യൻ സമുദ്രാതിർത്തി ലംഘിക്കാൻ അമേരിക്ക തയാറായത്.

## അമേരിക്കയിൽ നിന്ന് ക്രൂഡ് ഓയിൽ വാങ്ങുന്നതിൽ ഇന്ത്യ ഒന്നാമത്

അമേരിക്കയിൽ നിന്ന് ഏറ്റവും കൂടുതൽ ക്രൂഡ് ഓയിൽ വാങ്ങുന്ന രാജ്യം ഇന്ത്യ. 2021 ൽ അമേരിക്കയിൽ നിന്ന് ക്രൂഡ് ഓയിൽ വാങ്ങുന്ന വിവിധ രാജ്യങ്ങളിൽ ഇന്ത്യ ഒന്നാം സ്ഥാനത്തെത്തി. 2020 ൽ ഇന്ത്യ രണ്ടാം സ്ഥാനത്തായിരുന്നു. ഇന്ത്യയാണ് ലോകത്ത് എണ്ണ ഉപഭോഗത്തിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്നത്. ഇന്ത്യക്ക് ആവശ്യമായ എണ്ണയുടെ 85% വും ഇറക്കുമതി ചെയ്യുകയാണ്.

ഇന്ത്യയിൽ ക്രൂഡ് ഓയിൽ വാങ്ങി ശുദ്ധീകരിച്ച് പെട്രോളും ഡീസലും മറ്റും ഉൽപാദിപ്പിക്കുന്ന കമ്പനികൾ 2020 കലണ്ടർ വർഷം ശരാശരി ഒരു ദിവസം അമേരിക്കയിൽ നിന്ന് വാങ്ങിയിരുന്നത് 2,87,000 ബാരൽ ക്രൂഡ് ആണ്.

എന്നാൽ 2021 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലം പരിശോധിച്ചാൽ ഇന്ത്യ അമേരിക്കയിൽ നിന്ന് ശരാശരി വാങ്ങിക്കൊണ്ടിരിക്കുന്നത് 4,21,000 ബാരൽ ക്രൂഡാണ്. ഇന്ത്യ ക്രൂഡ് ഇറക്കുമതിയിൽ ഈ സ്ഥിതിയിലേക്ക് എത്തിയത് ഇന്ത്യയിലെ സാമ്പത്തിക സ്വാതന്ത്ര്യം തന്നെ അമേരിക്കക്ക് അടിയറ വച്ചതിന്റെ ഫലമാണ്.

ഇന്ത്യ ഏറ്റവും കൂടുതൽ ക്രൂഡ് ഏറ്റവും കുറഞ്ഞ വിലക്ക് ഇറക്കുമതി ചെയ്യിരുന്നത് ഇറാനിൽ നിന്നാണ്. അമേരിക്കയുടെ നിർദേശം മൂലം അതിപ്പോൾ ഏതാണ്ട് പൂർണമായി നിർത്തി. അതുപോലെ സൗദി അറേബ്യയുമായുള്ള ചെറിയൊരു തർക്കത്തിന്റെ ഫലമായി അവിടെ നിന്നുള്ള ക്രൂഡിന്റെ ഇറക്കുമതിയും കുറച്ചുകൊണ്ടിരിക്കുകയാണ്. ഇറാക്ക് ഉൾപ്പെടെയുള്ള പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള ക്രൂഡ് ഇറക്കുമതി കുറവ് ചെയ്യുകൊണ്ടിരിക്കുകയാണ്. അങ്ങനെയാണ് അമേരിക്കൻ എണ്ണ വാങ്ങുന്ന സ്ഥിതിയിലേക്ക് ഇന്ത്യ എത്തുന്നത്.

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്ന് എണ്ണ ഇറക്കുമതി ചെയ്യുന്നതാണ് ഇന്ത്യക്ക് ഏറ്റവും ഗുണകരം. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ ക്രൂഡിന്റെ ഗുണനിലവാരം പൊതുവെ മെച്ചപ്പെട്ടതാണ്. അതുപോലെ ഇന്ത്യയുടെ ഏറ്റവും അടുത്ത പ്രദേശവും ഗതാഗത ചെലവ് ഏറ്റവും കുറവും പശ്ചിമേഷ്യയിൽ നിന്നുള്ള ക്രൂഡിനാണ്. അമേരിക്കയിലേക്കുള്ള ദൂരം പശ്ചിമേഷ്യയേക്കാൾ 8 ഇരട്ടിയാണ്. ഗതാഗത ചെലവിലും ക്രൂഡ് ഇന്ത്യയിലേക്ക് എത്തിക്കാനുള്ള സമയവും വളരെ കൂടുതലാണ്. ഇന്ത്യയുടെ താൽപര്യങ്ങൾ ഒന്നും പരിഗണിക്കാതെ ദേശസ്നേഹം പറയുന്ന ബിജെപി സർക്കാർ അമേരിക്കൻ താൽപര്യങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതിന്റെ പല ഉദാഹരണങ്ങളിൽ ഒന്നു മാത്രമാണിത്. ●

**ഇന്ത്യാ മഹാസമുദ്രം ഇന്ത്യയുടേത് മാത്രമല്ലെന്നും ലക്ഷദ്വീപിൽ ഇന്ത്യക്കുള്ള പരമാധികാരത്തെ അംഗീകരിക്കില്ലെന്നുമുള്ള സൂചനയും ഈ കടന്നാക്രമണം നൽകുന്നുണ്ട്. ചൈനയെ തളയ്ക്കുക ലക്ഷ്യമാക്കി അമേരിക്ക രൂപീകരിച്ച, ജപ്പാനും ഓസ്ട്രേലിയയും ഇന്ത്യയും അംഗങ്ങളായ ക്വാഡ് നേതൃതല യോഗം കഴിഞ്ഞ് ദിവസങ്ങൾക്കകമാണ് ഇന്ത്യൻ സമുദ്രാതിർത്തി ലംഘിക്കാൻ അമേരിക്ക തയാറായത്.**



# ലേബർ കോഡുകൾ തൊഴിലാളികളെ എങ്ങനെ ബാധിക്കുന്നു

( സിഐടിയു ആൾ ഇന്ത്യ സെന്റർ തയാറാക്കിയ കുറിപ്പുകൾ )

**29 ലേബർ നിയമങ്ങൾ നാലു ലേബർ കോഡുകളാക്കി കേന്ദ്ര ബിജെപി സർക്കാർ മാറ്റി കഴിഞ്ഞു. അതിൽ (1) കോഡ് ഓൺ വേജസ് (2) ഓക്യുപേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടിഷൻസ് കോഡ് (3) സാമൂഹ്യ സുരക്ഷാ കോഡ് ഇവ സംബന്ധിച്ച് സിഐടിയു ആൾ ഇന്ത്യ സെന്റർ തയാറാക്കിയ കുറിപ്പുകളാണ് വരും പേജുകളിൽ.**

●

**നാലാമത്തെ കോഡായ വ്യവസായ ബന്ധങ്ങൾ സംബന്ധിച്ച കോഡിന്റെ വിവരങ്ങൾ അടുത്ത ലക്കം സന്ദേശത്തിൽ നൽകുന്നതാണ്.**

●

കോഡുകൾ സംബന്ധിച്ച അടിസ്ഥാന ധാരണയും അത് തൊഴിലിടങ്ങളിലും തൊഴിലാളികൾക്കും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ മനസിലാക്കാനാണ് സിഐടിയു സെന്റർ ഈ കുറിപ്പുകൾ തയാറാക്കിയിരിക്കുന്നത്. ഇത് മനസിലാക്കാതെ തൊഴിലാളി പ്രവർത്തനം നല്ല നിലയിൽ നടത്താനാവില്ല.

# വേതനം സംബന്ധിച്ച കോഡിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന നിയമങ്ങൾ

- പേയ്മെന്റ് ഓഫ് വേജസ് നിയമം
- മിനിമം വേജസ് നിയമം
- പേയ്മെന്റ് ഓഫ് ബോണസ് നിയമം
- തുല്യ വേതന നിയമം

നിർവ്വചനങ്ങൾ സംബന്ധിച്ച അധ്യായത്തിന്റെ ആരംഭം തൊട്ട് തൊഴിലുടമകളുടെ നിയമ ലംഘനം പ്രോത്സാഹിപ്പിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ ആണുള്ളത്.

## നിർവ്വചനങ്ങൾ



ലേബർ കോഡുകൾ തൊഴിലാളികളെ എങ്ങനെ ബാധിക്കുന്നു



1. **ജീവനക്കാരൻ (എംപ്ലോയി) സെക്ഷൻ 2 (കെ) പ്രകാരം തൊഴിലാളി എന്നത്**

   - വേതനത്തിന് വേണ്ടി ഏതെങ്കിലും സ്ഥാപനത്തിൽ നൈപുണ്യമുള്ളതോ അർദ്ധ നൈപുണ്യമുള്ളതോ നൈപുണ്യമില്ലാത്തതോ ശാരീരികമായതോ പ്രാവർത്തികമായതോ മാനേജർ പദവിയിലുള്ളതോ ഭരണപരമായതോ സാങ്കേതികമായതോ ക്ലറിക്കൽ ആയതോ ആയ ജോലിക്കു വേണ്ടി പ്രതിഫലത്തോടെ ജോലി ചെയ്യുന്ന ഏതു വ്യക്തിയും (1961 ലെ അപ്രന്റീസ് നിയമത്തിനു കീഴിൽ അപ്രന്റീസ് അല്ലാത്ത) ഏതു വ്യക്തിയും.
   - തൊഴിലിന്റെ വ്യവസ്ഥകൾ തുറന്നു പറയുകയോ പരോക്ഷമായി അറിയിക്കുകയോ ചെയ്യാം.
   - ഉചിതമായ ഗവൺമെന്റുകൾ തൊഴിലാളി ആയി പ്രഖ്യാപിച്ച വ്യക്തിയും ഇതിലുൾപ്പെടും.

   കേന്ദ്ര സർക്കാരിന്റെ സൈന്യത്തിലെ ഒരാളും ഇതിൽ ഉൾപ്പെടുന്നില്ല.

2. **വർക്കർ (തൊഴിലാളി): സെക്ഷൻ 2 (1) തൊഴിലാളിയെ ഇങ്ങനെ നിർവചിക്കുന്നു.**

   - ഏതെങ്കിലും വ്യവസായത്തിൽ മാന്വൽ, സ്കിൽഡ്, ടെക്നിക്കൽ, ഓപറേഷനൽ, ക്ലെറിക്കൽ, അല്ലെങ്കിൽ സൂപ്പർവൈസറി മേഖലകളിൽ വേതനം അല്ലെങ്കിൽ പാരിതോഷികം പറ്റി തൊഴിലെടുക്കുന്ന ഏതു വ്യക്തിയും (1961 ലെ അപ്രന്റീസ് നിയമത്തിനു കീഴിൽ അപ്രന്റീസ് അല്ലാത്ത)
   - തൊഴിലിന്റെ വ്യവസ്ഥകൾ തുറന്നു പറയുകയോ പരോക്ഷമായി അറിയിക്കുകയോ ആവാം.







## ഇതിൽ ഉൾപ്പെടുന്നവർ

- വർക്കിങ് ജേർണലിസ്റ്റ്സ് ആൻഡ് അദർ ന്യൂസ് പേപ്പർ എംപ്ലോയീസ് (കണ്ടിഷൻസ് ഓഫ് സർവീസ് ആൻഡ് മിസ്അലെനിയസ് പ്രൊവിഷൻസ് നിയമത്തിനു കീഴിലുള്ള വർക്കിങ് ജേർണലിസ്റ്റുകൾ )
- സെയിൽസ് പ്രമോഷൻ ജീവനക്കാർ
- വ്യവസായ തർക്ക നിയമവുമായി ബന്ധപ്പട്ടവർ ,
- വ്യവസായ തർക്കത്തിന്റെ പ്രത്യാഘാതം എന്ന നിലയ്ക്ക് ഡിസ്മിസ് ചെയ്യപ്പെട്ടവരോ, ഡിസ്ചാർജ് ചെയ്യപ്പെട്ടവരോ അല്ലെങ്കിൽ സ്ഥിരമായി പുറത്താക്കപ്പെട്ടവരോ ആയ അത്തരം വ്യക്തികൾ.
- വ്യവസായ തർക്കത്തിലേക്ക് നയിക്കും വിധം ഡിസ്മിസൽ, ഡിസ്ചാർജ്, സ്ഥിരമായ പുറത്താക്കൽ എന്നിവയ്ക്ക് ഇടയായ വ്യക്തികൾ

## ഇനി പറയുന്നവർ നിർവചനത്തിൽ ഉൾപ്പെടുന്നില്ല

- സൈനിക സേവനത്തിൽ ഉൾപ്പെട്ടവർ
- പോലീസ് സേനയിൽ ഉള്ളവർ
- ജയിലിലെ ഓഫീസറോ ജീവനക്കാരനോ
- മാനേജീരിയൽ, അഡ്മിനിസ്ട്രേറ്റീവ് ചുമതലകൾ വഹിക്കുന്നവർ
- സൂപ്പർവൈസർ പദവിയിൽ 15000 രൂപയിൽ കൂടുതലോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെ അതാതു സമയത്തെ വിജ്ഞാപന പ്രകാരമുള്ള തുകയോ വേതനമായി ലഭിക്കുന്നവർ.

തൊഴിലാളി (വർക്കർ) എന്നും ജീവനക്കാർ (എംപ്ലോയീ) എന്നുമുള്ള സംജ്ഞകൾ കോഡിൽ പരസ്പരം മാറ്റത്തക്കവിധം ഉപയോഗിച്ചിട്ടുണ്ട്. ഇത് ദുർവ്യാഖ്യാനത്തിനു ഇടവയ്ക്കുകയും തൊഴിലാളികൾക്കും ജീവനക്കാർക്കുമിടയിൽ വിവേചനം പ്രോത്സാഹിപ്പിക്കുകയും നിയമലംഘകർക്ക് രക്ഷാമാർഗം ഒരുക്കുകയും ചെയ്യും.

ഈ പ്രയോഗം നിർവചനത്തിൽ സൃഷ്ടിക്കുന്ന അവ്യക്തത ഒഴിവാക്കണമെന്നു തൊഴിൽ മന്ത്രാലയ സ്റ്റാന്റിംഗ് കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ നിർദേശം സർക്കാർ അവഗണിച്ചു. സെയിൽസ് പ്രമോഷൻ ജീവനക്കാരെയും വർക്കിങ് ജേർണലിസ്റ്റുകളെയും ആണ് ഇത് ബാധിക്കുക. സൂപ്പർവൈസറി പദവി എന്തെന്ന് കോഡ് നിർവചിക്കുന്നുമില്ല.

**3. വേതനം. സെക്ഷൻ 2 (y) ആണ് വേതനത്തെ നിർവചിക്കുന്നത്. മിനിമം വേതനം, പേയ്മെന്റ് ഓഫ് വേജസ്, പേയ്മെന്റ് ഓഫ് ബോണസ് എന്നിവയ്ക്കാണ് ഇത് ബാധകം.**

- കോഡ് പ്രകാരം വേതനത്തിൽ അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും റീറ്റെയ്നിങ് അലവൻസ് ഉണ്ടെങ്കിൽ അതുമാണ് ഉൾപ്പെടുന്നത്.

**താഴെ പറയുന്ന കാര്യങ്ങൾ വേതനത്തിൽ ഉൾപ്പെടുന്നില്ല.**

- ഓവർടൈം അലവൻസ്
- ലീവിന്റെ ശമ്പളം
- നിർവചനത്തിൽ ഉള്ള അവധി വേതനവും മറ്റും.

റദ്ദാക്കപ്പെട്ട പേയ്മെന്റ് ഓഫ് വേജസ് നിയമത്തിന്റെ വേതനം എന്ന നിർവചനത്തിൽ ഇവയെല്ലാം ഉൾപ്പെട്ടിരുന്നു. ഈ വേതനം നിയമപരമായി ഉറപ്പു വരുത്തുകയും ചെയ്തിരുന്നു.

- വേതനം എന്ന നിർവചനത്തിൽ നിന്ന് ഇവയെല്ലാം ഛേദിച്ചു കളഞ്ഞു അത് എല്ലാ കോഡിലും ഉൾപ്പെടുത്തി എന്നതുമാണ് ഏറ്റവും ദാരുണമായ അവസ്ഥ.

**4. മിനിമം വേതനം:**

കോഡ് മിനിമം വേതനം നിർവചിക്കുകയോ അത് കണക്കാക്കാനുള്ള മാനദണ്ഡം അതിൽ ഉൾച്ചേർക്കുകയോ ചെയ്യുന്നില്ല. മിനിമം വേതനം കണക്കാക്കുന്ന രീതി നിർദേശിക്കുന്ന പ്രകാരമായിരിക്കും എന്ന് മാത്രമാണ് സെക്ഷൻ 6(5) പറയുന്നത്.

വേതനത്തിന്റെ കുറഞ്ഞ നിരക്ക് മണിക്കൂറിനും ദിവസത്തിനും മാസത്തിനും അതുമല്ലെങ്കിൽ പീസ് നിരക്കിലും എത്രയെന്നു നിശ്ചയിക്കാനുള്ള അധികാരം അതാത് സർക്കാരുകൾക്ക് നൽകുകയാണ് ഈ കോഡ്.

പ്രതിദിന തൊഴിൽ സമയം എത്രയെന്നു കോഡിൽ നിർവചിക്കുന്നില്ല. അതുകൊണ്ട് തന്നെ അതാത് സർക്കാരുകളാണ് തീരുമാനമെടുക്കുക.

**ട്രേഡ് യൂണിയനുകളിൽ നിന്നുള്ള സമ്മർദ്ദം കാരണം,**

- സാധാരണ തൊഴിൽ സമയം എട്ടു മണിക്കൂർ ആയിരിക്കും.
- മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം പതിനഞ്ചാം ഐ എൽ സിയുടെയും റാപ്റ്റക്കോസ് ബ്രെറ്റ് കേസിൽ സുപ്രിംകോടതിയുടെയും ശുപാർശകൾ കേന്ദ്ര വേതന നിയമത്തിന്റെ കരടിൽ ഉൾച്ചേർത്തിട്ടുണ്ട്.

**സെക്ഷൻ ആറു പ്രകാരം മിനിമം വേതനം നിർണ്ണയിക്കുന്നതിന് വേണ്ടി അതാത് സർക്കാരുകൾക്ക്**

- തൊഴിലാളികളുടെ നൈപുണി, അൺസ്കിൽഡ്, സ്കിൽഡ്, സെമി സ്കിൽഡ്, ഹൈലി സ്കിൽഡ് എന്നിങ്ങനെയുള്ള വിഭാഗങ്ങളാക്കിയോ ഭൂമിശാസ്ത്ര പരമായ പ്രദേശം കണക്കാക്കിയോ രണ്ടും ചേർത്ത് കണക്കാക്കിയോ തീരുമാനിക്കാം.
- (b) ചില വിഭാഗങ്ങളിൽ പെട്ട തൊഴിലാളികൾക്ക് വേതനത്തിന്റെ കുറഞ്ഞ നിരക്ക് നിശ്ചയിക്കുമ്പോൾ കൂടിയ ചൂടിലും ഈർപ്പമുള്ള അവസ്ഥയിലും അസഹനീയവും അപകടകരവും ക്ലേശകരവുമായ ചുറ്റുപാടിൽ തൊഴിലെടുക്കുന്ന സാഹചര്യം കൂടി കണക്കിലെടുക്കണം.













### 5. മിനിമം വേതനം നിർണയിക്കുന്ന പ്രക്രിയ:

മിനിമം വേതനം ആദ്യമായി നിശ്ചയിക്കുന്നതിനും പിന്നീട് അവ പുതുക്കുന്നതിനും അനിവാര്യമായ ശുപാർശകൾ സമർപ്പിക്കുന്നതിന് അതാത് സർക്കാരുകൾക്കു ആവശ്യമായത്ര കമ്മിറ്റികളെ നിയമിക്കാമെന്ന് കോഡ് നിർദേശിക്കുന്നു. ഈ കമ്മിറ്റികളിൽ തൊഴിലാളികളിൽ നിന്നും തൊഴിലുടമകളിൽ നിന്നും തുല്യമായ എണ്ണം പ്രതിനിധികൾ വേണം. കമ്മിറ്റികളിൽ ഉൾപ്പടുത്തുന്ന സ്വതന്ത്ര അംഗങ്ങളുടെ എണ്ണം മൊത്തം അംഗങ്ങളുടെ മൂന്നിൽ ഒന്നിൽ കൂടാൻ പാടില്ല.

കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഉള്ള മിനിമം വേതന ഉപദേശക ബോർഡുമായി ബന്ധപ്പെട്ട സർക്കാരുകൾക്ക് ചർച്ച നടത്താം. എന്നാൽ ചർച്ച കൊണ്ട് എന്തെങ്കിലും ഫലമുണ്ടാകാനോ അതിന്റെ ഫലമായി സമിതിയുടെ ശുപാർശകൾ പാലിക്കുന്നതിന് സർക്കാർ നിർബന്ധിതമാകുന്നതിനോ ഉള്ള സാധ്യതകൾ വിരളമാണ്. അപ്രകാരം നിശ്ചയിക്കപ്പെടുന്ന മിനിമം വേതനം അഞ്ചു വർഷത്തേക്ക് മാറ്റമില്ലാതെ തുടരുകയും ചെയ്യും.

### 6. ദേശീയ ഫ്ളോർ ലെവൽ വേതനം:

ഫ്ളോർ ലെവൽ വേതനം നിർണയിക്കാൻ കേന്ദ്ര സർക്കാരിന് കോഡ് അധികാരം നൽകുന്നു. അപകടകരമായ ഈ നിർദേശത്തെ എല്ലാ കേന്ദ്ര തൊഴിലാളി സംഘടനകളും എതിർത്തുവെങ്കിലും ആ എതിർപ്പ് സർക്കാർ ചെവിക്കൊണ്ടില്ല.

### 7. നാഷണൽ ഫ്ളോർ ലെവൽ വേജ് സംബന്ധിച്ച സർക്കാർ അവകാശവാദം

വഞ്ചനാപരമാണ്. അത് ഓരോ മേഖലകളിലും വ്യത്യസ്തമാണ്. അതിൽ ദേശീയമായ ഒന്നുമില്ല. മാത്രവുമല്ല, ഐഎൽസി തയ്യാറാക്കിയ ഫോർമുല പ്രകാരം നാഷണൽ ഫ്ളോർ ലെവൽ വേതനം നിർണയിക്കുമെന്ന ഒരു ഉറപ്പും ലഭിക്കുന്നുമില്ല.

### 8. മിനിമം വേതനവും കേന്ദ്ര സംസ്ഥാന ഉപദേശക സമിതികളും:

കേന്ദ്ര സംസ്ഥാന തലങ്ങളിൽ മിനിമം വേതന ത്രികക്ഷി ഉപദേശക സമിതികൾ രൂപീകരിക്കണമെന്നാണ് സെക്ഷൻ 42 വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ

- ബോർഡിലെ സ്വതന്ത്ര അംഗങ്ങളുടെ എണ്ണം മൊത്തം അംഗങ്ങളുടെ മൂന്നിൽ ഒന്നിനോട് സംസ്ഥാന സർക്കാരിന്റെ അഞ്ചു നോമിനികളുടെ എണ്ണവും കൂട്ടിയ സംഖ്യയേക്കാൾ കൂടാൻ പാടില്ല. അതോടെ ബോർഡിൽ സർക്കാർ നോമിനികളുടെ എണ്ണം തൊഴിലാളികളുടെയും തൊഴിലുടമകളുടെയും എണ്ണത്തിലും വർധിക്കും.

- ത്രികക്ഷി ഉപദേശക സമിതികൾ നൽകുന്ന ശുപാർശകൾ അംഗീകരിക്കാൻ അതാത് സർക്കാരുകൾ ബാധ്യസ്ഥമല്ല.

## 9. പേയ് മെന്റ് ഓഫ് വേജസ്:

നേരത്തെ പരാമർശിച്ച പോലെ, റദ്ദാക്കപ്പെട്ട പേയ്മെന്റ് ഓഫ് വേജസ് നിയമത്തിലെ വേതനം സംബന്ധിച്ച സമഗ്രമായ നിർവചനം ഈ കോഡിൽ ഒഴിവാക്കപ്പെട്ടിരിക്കുന്നു. അത് കൊണ്ടുതന്നെ അവധി വേതനം ലഭിക്കാനുള്ള തൊഴിലാളികളുടെ നിയമപ്രകാരമായ അവകാശം റദ്ദാക്കപ്പെടുന്നു.

- പേയ്മെന്റ് ഓഫ് വേജസ് ആക്റ്റിന് ബാധകമാകും വിധം വേതനം സംബന്ധിച്ച ഉയർന്ന പരിധി (ഇപ്പോഴത് പ്രതിമാസം 24000 രൂപയാണ്) നേരത്തെ ഉണ്ടായിരുന്നു. ഇത് കോഡ് ഓൺ വേജസിൽ നിന്ന് എടുത്തു മാറ്റിയിരിക്കുന്നു.

സമരകാലത്തെ വേതനം തൊഴിലാളികളിൽ നിന്ന് പിടിക്കാൻ ഈ കോഡ് തൊഴിലുടമകൾക്ക് അധികാരം നൽകുന്നു. പത്തോ അതിലധികം തൊഴിലാളികൾ ഒരുമിച്ച് മുൻകൂർ നോട്ടീസ് ഇല്ലാതെ ജോലിക്ക് ഹാജരാകാതിരുന്നാൽ എട്ടു ദിവസത്തെ വേതനം പിടിച്ചു വയ്ക്കാനുള്ള വ്യവസ്ഥ കോഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**താഴെ പറയുന്ന സാഹചര്യങ്ങളിൽ ആണ് വേതനം കുറയ്ക്കുക**

- തൊഴിലാളികൾക്ക് മേൽ ചുമത്തുന്ന പിഴകൾ
- ജോലിയിൽ ഹാജരാകാതിരിക്കൽ
- സാധനങ്ങൾക്കുണ്ടാകുന്ന നാശമോ പണത്തിനുണ്ടാകുന്ന നഷ്ടമോ
- സൗകര്യങ്ങൾക്കും സേവനങ്ങൾക്കും വേണ്ടി
- മുൻകൂറായി പണം വാങ്ങിയാൽ
- വായ്പയും മറ്റും

പിഴയുടെ ആകെ തുക വേതനത്തിന്റെ മൂന്നിലൊന്നിൽ കവിയാൻ പാടില്ല

## 10. ബോണസ്: ദീർഘകാലമായുള്ള തൊഴിലാളികളുടെ ആവശ്യങ്ങളാണ്

- വേതനത്തിന്റെ കുറഞ്ഞ പരിധി എടുത്തു കളയണം (പ്രതിമാസം 21,000)
- ബോണസ് അളവിന്റെ ഉയർന്ന പരിധി (Rs. 7000 = 8.33%) എടുത്തു കളയുക.

ഈ രണ്ടു ആവശ്യങ്ങളും പരിഗണിച്ചില്ലെന്നു മാത്രമല്ല ഈ രണ്ടു നിരക്കുകളും നിലനിർത്തുകയും ചെയ്തു.

**ഇതുകൂടാതെ തൊഴിലാളികളുടെയും ട്രേഡ് യൂണിയനുകളുടെയും നിലവിലുള്ള അവകാശങ്ങളിൽ താഴെ പറയുംപ്രകാരം വെള്ളം ചേർക്കുകയും ചെയ്തു.**

- ഓഡിറ്റ് ചെയ്ത അകൗണ്ടുകൾ ചോദ്യം ചെയ്യാൻ തൊഴിലാളികൾക്ക് അവകാശമില്ല
- ബാലൻസ് ഷീറ്റ് നോക്കി ബോണസിനു അളവ് നിശ്ചയിക്കാൻ ആവശ്യമായ നീക്കിവച്ച ലാഭം എത്രയെന്നു പരിശോധിക്കാൻ തൊഴിലാളികൾക്കു കഴിയില്ല.











- ഇരുപതും അതിലധികവും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ മാത്രമാണ് ബോണസ് ബാധകം. എന്നാൽ മൊത്തം കോഡ് ഓൺ വേജസിൽ എങ്ങും തൊഴിലാളികളുടെ എണ്ണത്തിന്റെ കുറഞ്ഞ പരിധി പറയുന്നില്ല. ബോണസ് ഇല്ലാതാക്കാനും തൊഴിലാളികൾക്ക് ബോണസ് ഉറപ്പു നല്കാതിരിക്കാനുമാണ് കോഡ് ഓൺ വേജസിന്റെ ഊന്നൽ അത്രയും.

### 11. പരിശോധന:

പരിശോധകരുടെ പുതിയ പേര് ഇൻസ്പെക്ടർസ് കം ഫെസിലിറ്റേറ്റർ എന്നാണ്. പരിശോധനയും അതിന്റെ നിർവഹണവും തൊഴിലുടമകൾക്ക് ബാധകമാണെന്ന സവിശേഷത ഇല്ലാതാക്കുകയും പ്രസക്തമായ വ്യവസ്ഥകൾ പ്രായോഗിക തലത്തിൽ അർഥശൂന്യമാക്കുകയും ചെയ്തിരിക്കുന്നു.

- അതാതു സർക്കാരുകൾ പരിശോധനയുടെ ഒരു പദ്ധതി തയ്യാറാക്കുകയും വെബ് അധിഷ്ഠിത പരിശോധന ആരംഭിക്കാവുന്നതുമാണ്.
- കേന്ദ്രത്തിന്റെ വേതന ചട്ടത്തിൽ പരിശോധന പദ്ധതിക്കായി ഒരു നിർദേശവും ഇല്ല.
- മിനിമം കൂലിയോ വേതന വിതരണമോ നിഷേധിക്കപ്പെടുകയോ യഥാസമയം നഷ്ടപ്പെടാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ സർക്കാരിന്റെ അനുമതിയോടു കൂടി മാത്രമേ പരിശോധന നടത്തുവാനാകൂ.

### 12. തെറ്റായ അവകാശവാദങ്ങൾ:

തൊഴിലാളികൾക്ക് സാർവത്രികമായി മിനിമം വേതനം ഉറപ്പ് വരുത്തുമെന്ന ബിജെപി സർക്കാരിന്റെ അവകാശ വാദങ്ങൾ പൂർണമായും തെറ്റാണെന്നു വ്യക്തമായിരിക്കുന്നു. പരിശോധനകളും അതിന്റെ നിർവഹണവും ഏറെക്കുറെ ഇല്ലാതാകുന്നതോടെ ഈ കോഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർണമായും തൊഴിലുടമകൾക്ക് വേണ്ടിയാണെന്ന് വ്യക്തമായിരിക്കുന്നു.

### 13. ഉപസംഹാരം:

സ്വകാര്യവൽക്കരണവും കാർഷിക നിയമങ്ങളും പോലെ തൊഴിൽ നിയമങ്ങളുടെ ഭേദഗതിയും കോഡുകൾ ആക്കലും നവലിബറൽ പാക്കേജിന്റെ ഭാഗമാണ്. ബിസിനസ് സുഗമമാക്കൽ പ്രക്രിയയുടെ പേരിൽ മുതലാളി വർഗ്ഗത്തിന്റെ ലാഭം പരമാവധിയാക്കാനും വൻകിട കോർപറേറ്റുകളുടെ സ്വത്ത് വർധിപ്പിക്കാനും ആണ് ലക്ഷ്യമിടുന്നത്. അതേക്കുറിച്ചു വ്യക്തമായ ധാരണ ഉണ്ടാകണം. താഴെ തട്ടിൽ ഇതേക്കുറിച്ചു കൃത്യമായ ധാരണ ഉണ്ടാക്കണം. ഓരോ സെക്ടറിലും ഇതിനെതിരെ വമ്പിച്ച ചെറുത്തുനിൽപ്പ് സംഘടിപ്പിക്കണം.

# ഒക്കുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് ആന്റ് വർക്കിംഗ് കണ്ടീഷൻസ് കോഡ്

( OSHWC Code)

**ഈ നിയമം നിലവിൽ വരുന്നതോടെ താഴെ പറയുന്ന 13 നിയമങ്ങൾ ഇല്ലാതാകും.**

1. ഫാക്ടറീസ് ആക്ട്
2. കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആന്റ് അബോളിഷൻ) ആക്ട്
3. ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് (കണ്ടീഷൻസ് ഓഫ് സർവീസ്) ആക്ട്
4. സെയിൽസ് പ്രൊമോഷൻ ( എംപ്ലോയീസ് കണ്ടീഷൻസ് ഓഫ് സർവീസ്) ആക്ട്
5. ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ) ആക്ട്
6. മോട്ടോർ ട്രാൻസ്പോർട് വർക്കേഴ്സ് ആക്ട്
7. സിനി വർക്കേഴ്സ് ആന്റ് സിനിമാ തിയേറ്റർ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ്) ആക്ട്
8. പ്ലാന്റേഷൻ ലേബർ ആക്ട്
9. മൈൻസ് ആക്ട്
10. വർക്കിംഗ് ജേർണലിസ്റ്റ് ആന്റ് അദർ ന്യൂസ് പേപ്പർ എംപ്ലോയീസ് (കണ്ടീഷൻസ് ഓഫ് സർവീസ്) ആന്റ് മിസലേനിയസ് പ്രോവിഷൻസ് ആക്ട്
11. വർക്കിംഗ് ജേർണലിസ്റ്റ്സ് (ഫിക്സേഷൻ ഓഫ് വേജസ്) ആക്ട്
12. ബീഡി ആന്റ് സിഗാർ വർക്കേഴ്സ് (കണ്ടീഷൻസ് ഓഫ് എംപ്ലോയ്മെന്റ് ) ആക്ട്
13. ഡോക് വർക്കേഴ്സ് (സേഫ്റ്റി ഹെൽത്ത് ആന്റ് വെൽഫെയർ) ആക്ട്.

ഓരോ മേഖലകളുടെയും പ്രത്യേകതകൾ, തൊഴിൽ ബന്ധങ്ങൾ, സുരക്ഷ, തൊഴിൽ വ്യവസ്ഥകൾ അവയുമായി ബന്ധപ്പെട്ട രീതികൾ, പ്രശ്നങ്ങൾ ഇവയൊക്കെ കണക്കിലെടുത്ത് രൂപം നൽകിയതാണ് ഈ നിയമങ്ങളെല്ലാം. ഓരോ മേഖലയിലെയും തൊഴിലാളികൾക്ക് പരിമിതമായ സുരക്ഷയെങ്കിലും ഇവ ഉറപ്പാക്കിയിരുന്നു.







ഈ നിയമങ്ങളെല്ലാം ഇല്ലാതാക്കി 'ഒരു മാതൃക എല്ലാവർക്കും' എന്ന രീതിയിൽ വ്യവസ്ഥപ്പെടുത്തുകയാണ് ഒസിഎസ്എച്ച്ഡബ്ല്യുസി കോഡിലൂടെ ചെയ്തിട്ടുള്ളത്.

ഇതിന്റെ വ്യാപ്തി പുതിയ വിഭാഗങ്ങളിലെത്തുന്നില്ല. ഇത് പുതിയ സുരക്ഷാ മാർഗങ്ങൾ ഉറപ്പാക്കുന്നില്ല. ആരോഗ്യ സംരക്ഷണമില്ല. തൊഴിലാളികളുടെ തൊഴിൽ വ്യവസ്ഥകൾ പരിഷ്കരിക്കുന്ന ഒന്നും ഇതിലില്ല.

## ഈ നിയമത്തിലൂടെ

- (ആനുകൂല്യങ്ങളുടെ) വ്യാപ്തി വെട്ടിച്ചുരുക്കുന്നു.
- നിർമാണ തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ, കരാർ തൊഴിലാളികൾ, ബീഡി, സിഗാർ, മോട്ടോർ തുടങ്ങി പത്ര പ്രവർത്തകരിൽ ഒരു വലിയ വിഭാഗം വരെയുള്ള തൊഴിലാളികളുടെ തൊഴിൽ സാഹചര്യം കൂടുതൽ ദുരിത പൂർണമാക്കുന്നു.
- ഇവരുടെയെല്ലാം തൊഴിൽ സ്ഥിതി സംബന്ധിച്ച് തൊഴിലുടമകൾക്ക് 'ബന്ധപ്പെട്ട സർക്കാരിനും' ഏകപക്ഷീയമായി വ്യാഖ്യാനിച്ച് അടിച്ചേൽപിക്കാൻ അവസരമേകുന്നു.



ലേബർ കോഡുകൾ തൊഴിലാളികളെ എങ്ങനെ ബാധിക്കുന്നു



## എങ്ങനെ ഇതു നടപ്പാക്കുന്നു?

### 1. നിർവചനങ്ങൾ

ഈ കോഡിലെ 'വർക്കർ' 'എംപ്ലോയി' എന്നിവ ആശയക്കുഴപ്പം സൃഷ്ടിക്കാവുന്ന രീതിയിലാണ് നിർവചിച്ചിട്ടുള്ളത്. ഉദാഹരണത്തിന് അധ്യായം 5 ലും 6 ലും സുരക്ഷ തൊഴിൽ വ്യവസ്ഥ, ക്ഷേമം എന്നിവയിൽ എംപ്ലോയീ എന്ന വിശേഷണം നൽകുമ്പോൾ അധ്യായം 7 ൽ തൊഴിൽ സമയത്തെപ്പറ്റി പറയുമ്പോൾ അവിടെ 'വർക്കർ' എന്ന വിശേഷണമാണ് നൽകിയിട്ടുള്ളത്. അധ്യായം 5 ലും 6 ലും 'എംപ്ലോയി'യും അധ്യായം 7 ൽ വർക്കറും എന്ന് ചേർത്തത് ആശയക്കുഴപ്പമുണ്ടാക്കാനല്ലെങ്കിൽ മറ്റെന്തിനാണ്?

### 2. കവറേജ്

ഈ കോഡ് കൂടുതൽ തൊഴിലാളികള സംരക്ഷണ വലയത്തിൽ നിന്ന് പുറത്താക്കിയിരിക്കുന്നു. ഇതിലെ സെക്ഷൻ 2(ഡബ്ല്യൂ) പ്രകാരം വൈദ്യുതി ഉപയോഗിച്ച് ഉൽപാദനം നടത്തുന്ന ഫാക്ടറികളിൽ 20 തൊഴിലാളികൾ വൈദ്യുതി ഉപയോഗിക്കാത്തിടത്ത് 40 തൊഴിലാളികൾ എന്നതാണ് ഫാക്ടറികളെ നിർവചിച്ചിട്ടുള്ളത്. ഈ രണ്ടു പരിധികളും ഇരട്ടിയാക്കിയിരിക്കുന്നു.

രാജ്യത്തെ മീഡിയം, ചെറുകിട യൂണിറ്റുകൾ (എംഎസ്എംഇ) മിക്കതും വൈദ്യുതി ഉപയോഗിക്കുന്നതും 40 ൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്നതുമാണ്. ഇത്തരം യൂണിറ്റുകളിലെ തൊഴിലാളികളുടെയെല്ലാം സുരക്ഷയും ആരോഗ്യ പരിരക്ഷണവും തൊഴിൽ വ്യവസ്ഥകളും ഈ കോഡിന്റെ പരിധിക്കു പുറത്താകും. വ്യവസായ

രംഗത്തെ തൊഴിൽ ശക്തിയുടെ ഗണ്യമായ വിഭാഗം ഇങ്ങനെ ഒഴിവാക്കപ്പെടുന്നു.

### 3. കരാർ തൊഴിലാളികൾ

കോഡിന്റെ ഒന്നാം ഭാഗത്തെ അധ്യായം 9 കരാർ തൊഴിലാളികളെ പരാമർശിക്കുന്നു. ഉപേക്ഷിച്ച കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആന്റ് അബോളിഷൻ) ആക്ടിൽ നിലനിന്ന ഒട്ടനേകം ക്ഷേമ വ്യവസ്ഥകൾ ഈ കോഡിൽ ഒഴിവാക്കി. പകരം ഇതുവരെ നിയമ വിരുദ്ധമായിരുന്ന വ്യവസ്ഥകൾ നിയമവിധേയമാക്കി.

- 50 ൽ താഴെ തൊഴിലാളികളെ പണിയെടുപ്പിക്കുന്ന കോൺട്രാക്ടർ ഇനിമേൽ ലൈസൻസ് എടുക്കേണ്ടതില്ല. ഇല്ലാതാക്കിയ നിയമ പ്രകാരം ഇത് 20 പേരായിരുന്നു.
- ഒരു വ്യവസ്ഥയും നിയന്ത്രണവുമില്ലാതെ ബഹുഭൂരിപക്ഷം കോൺട്രാക്ടർമാർക്കും തൊഴിലാളികളെ നിഷ്ക്കരുണം ചൂഷണം ചെയ്യാൻ കഴിയും.
- സ്ഥിരവും തുടർച്ചയുള്ളതുമായ തൊഴിലുകളിൽ കരാർ തൊഴിലാളികളെ നിയമിച്ചുകൂട എന്ന വ്യവസ്ഥ അപ്രത്യക്ഷമായി. പകരം 'കോർ' (മുഖ്യം) എന്നാക്കി. എന്നാൽ കോഡിൽ ഏതൊക്കെയാണ് 'കോർ' വിഭാഗത്തിൽ വരുന്നതെന്ന് പറഞ്ഞിട്ടുമില്ല. ഇത് 'ബന്ധപ്പെട്ട സർക്കാരിന്റെ' തീരുമാനത്തിന് വിട്ടിരിക്കുന്നു. തൊഴിലാളികൾക്കോ, അവരുടെ സംഘടനകൾക്കോ ഒരു പങ്കുമില്ല എന്നർത്ഥം.
- തൊഴിലാളിയുടെ ക്ഷേമവും നിയമപ്രകാരമുള്ള വേതനവും ഉറപ്പാക്കുന്നതിൽ മുഖ്യ തൊഴിൽദായകനുള്ള ബാധ്യത പൂർണമായും ദുർബലമാക്കി.
- കോൺട്രാക്ട് ലേബർ നിയമത്തിലും സുപ്രീം കോടതി ഉത്തരവു പ്രകാരവും വ്യവസ്ഥപ്പെടുത്തിയ സ്ഥിരം തൊഴിലാളികൾക്കു നൽകുന്ന അതേ വേതനവും മറ്റാനുകൂല്യങ്ങളും കരാർ തൊഴിലാളികൾക്കും നൽകണമെന്ന നിർദേശത്തെപ്പറ്റി ഒരു പരാമർശം പോലും ഈ കോഡിലില്ല.
- കരാർ തൊഴിലാളികളുടെ പരാതികൾ പരിശോധിക്കുന്നതിനായി നിലവിലുണ്ടായിരുന്ന ത്രികക്ഷി സെൻട്രൽ അഡ്വൈസറി കോൺട്രാക്ട് ലേബർ ബോർഡ് വേണ്ടെന്നു വച്ചു.

ഇന്ന്, രാജ്യത്തെ പൊതുമേഖലയിൽ പണിയെടുക്കുന്നവരിൽ 50% കരാർ തൊഴിലാളികളാണ്. സ്വകാര്യ മേഖലയിൽ ഇവരുടെ എണ്ണം 70% നു മുകളിലാണ്. അതിലധികം പേരും സ്ഥിരവും തുടർച്ചയുള്ളതുമായ ഒഴിവുകളിൽ വർഷങ്ങളായി പണിയെടുക്കുന്നവരുമാണ്.

### ചുരുക്കത്തിൽ

- ഈ കോഡിന്റെ പരിധിയിൽ നിന്നും വലിയ വിഭാഗം തൊഴിലാളികൾ ഒഴിവാക്കപ്പെടുന്നു.
- കരാർ തൊഴിലിൽ ലൈസൻസില്ലാതെ ഇരട്ടിയിൽ കൂടുതൽ പേരെ പണിയെടുപ്പിക്കാൻ കോൺട്രാക്ടർക്ക് അവകാശം ലഭിച്ചിരിക്കുന്നു.



**ലേബർ കോഡുകൾ തൊഴിലാളികളെ എങ്ങനെ ബാധിക്കുന്നു**









ഈ രണ്ടു വ്യവസ്ഥകളും നടപ്പിലാകുമ്പോൾ വ്യവസായ മേഖലയിലെ തൊഴിൽ ശക്തിയിൽ 90 ശതമാനത്തോളം പേരും സർവീസ് മേഖലയിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികളാകെയും തൊഴിൽ വ്യവസ്ഥ, തൊഴിലുമായി ബന്ധപ്പെട്ട സുരക്ഷ, ആരോഗ്യ പരിരക്ഷ എന്നിവ സംബന്ധിച്ച നിയമ വ്യവസ്ഥകളിൽ നിന്ന് പുറത്താക്കപ്പെടും.

## 4. കുടിയേറ്റ തൊഴിലാളികൾ

1979 ലെ മൈഗ്രന്റ് വർക്കേഴ്സ് നിയമത്തിലെ വ്യവസ്ഥകളൊന്നും ഇതിലുൾപ്പെടുത്തിയിട്ടില്ല. ഈ കോഡിന്റെ ഭാഗം 2 അധ്യായം 9 ൽ സംസ്ഥാനാനന്തര കുടിയേറ്റം പരാമർശിക്കുന്നു. കുടിയേറ്റ തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുന്ന ഒന്നും തന്നെ അതിലില്ല.

- ഈ കോഡിന്റെ പരിധിയിൽ സംസ്ഥാനാന്തര കുടിയേറ്റ തൊഴിലാളി ഉൾപ്പെടുന്നതിന് 10 തൊഴിലാളികൾ എങ്കിലുമുണ്ടായിരിക്കണം. മുൻപ് 5 പേർ എന്നായിരുന്നു വ്യവസ്ഥ.
- അതു മാത്രമല്ല, ബഹുഭൂരിപക്ഷം കുടിയേറ്റ തൊഴിലാളികളും ജോലിക്കെത്തുന്നത് കരാറുകാരനിലൂടെയാണ്. അതിനാൽ സംസ്ഥാനാനന്തര കുടിയേറ്റ തൊഴിലാളി' കരാർ തൊഴിലാളി എന്ന നിർവചനത്തിൻ കീഴിലാണ് വരുന്നത്. 50 തൊഴിലാളികളെ വരെ ലൈസൻസില്ലാതെ കരാറുകാരന് പണിചെയ്യിക്കാമെന്നിരിക്കെ ഈ വിഭാഗം തൊഴിലാളികളെ ലൈസൻസില്ലാതെ നിയന്ത്രണങ്ങളില്ലാതെ ഇഷ്ടാനുസരണം കരാറുകാരന് ചൂഷണം ചെയ്യാൻ കഴിയുന്നു.
- ഇല്ലാതായ നിയമ പ്രകാരം മുഖ്യ തൊഴിൽദായകനും കരാറുകാരനും ഒരു നിശ്ചിത ഫോറത്തിൽ അവർ തൊഴിലെടുപ്പിക്കുന്ന കുടിയേറ്റ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ നൽകണമായിരുന്നു. അവരുടെ ഫോട്ടോ പതിച്ച പാസ്ബുക്കും അവർക്ക് നൽകണം. പുതിയ കോഡിൽ അത്തരം വ്യവസ്ഥകളൊന്നുമില്ല.
- കുടിയേറ്റ തൊഴിലാളികളുടെ രജിസ്റ്റർ സൂക്ഷിക്കണമെന്നത് 'ബന്ധപ്പെട്ട ഗവൺമെന്റി'ന്റെ അല്ലെങ്കിൽ 'ബന്ധപ്പെട്ട ഗവൺമെന്റ്' തീരുമാനം പ്രകാരം എന്നാക്കി.

## 5. തൊഴിൽ വ്യവസ്ഥകൾ

- തൊഴിൽ സമയം "ഏതു സ്ഥാപനത്തിലും ഏത് വിഭാഗത്തിൽപെടുന്ന സ്ഥാപനങ്ങളിലും ഒരു തൊഴിലാളി ഒരു ദിവസം 8 മണിക്കൂറിൽ കൂടുതൽ പണിയെടുക്കാൻ ആവശ്യപ്പെട്ടുകൂടാ" എന്ന് ഈ കോഡിന്റെ സെക്ഷൻ 25 (1) (എ) യിൽ പറയുന്നു. പക്ഷേ അതിനു തൊട്ടു താഴെ 25 (1) (ബി) യിൽ അതിനെ തകിടം മറിച്ച് 25 (എ)യിൽ പറയുന്ന ജോലി സമയം അതിൽ പറയുന്ന മണിക്കൂറിലധികം കടക്കാതെ വേണ്ട രീതിയിലുള്ള ഇടവേളകളിലൂടെ ബന്ധപ്പെട്ട ഗവ

ണ്മെന്റിന്റെ വിജ്ഞാപന പ്രകാരം തീരുമാനിക്കാമെന്നും എഴുതി ചേർത്തിരിക്കുന്നു. ജോലിയുടെ സമയം, ഒരാഴ്ചയിലെ ജോലി എത്ര മണിക്കൂർ, അതിന്റെ വിഭജനം, വിശ്രമ സമയം, ഓവർടൈം ജോലി സമയം പരിധി തുടങ്ങിയവയൊന്നും കോഡിൽ നിർവചിക്കപ്പെടാതെ വിട്ടിരിക്കുന്നു. അവയെല്ലാം 'ബന്ധപ്പെട്ട സർക്കാരിന്' വേണ്ട രീതിയിൽ തീരുമാനിക്കാമത്രെ.

- നിലനിന്നിരുന്ന ഫാക്ടറീസ് ആക്ടിലെ വ്യവസ്ഥ ഉപേക്ഷിച്ച് പുതിയ കോഡിന്റെ റൂൾ 28 'ബന്ധപ്പെട്ട ഗവണ്മെന്റി'ന് 12 മണിക്കൂർ 'സ്പ്രീഡ് ഓവർടൈം' ആയി നിശ്ചയിക്കാം എന്ന് വ്യവസ്ഥപ്പെടുത്തി. അതിന് ഫാക്ടറി ചീഫ് ഇൻസ്പെക്ടറുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണം തുടങ്ങിയ വ്യവസ്ഥകൾ ഒഴിവാക്കയും ചെയ്തു. കൂടാതെ ജോലി സമയം 12 മണിക്കൂറിലധികം നീട്ടാൻ കഴിയും വിധം നിയന്ത്രണങ്ങളേതുമില്ലാതെ അധികാരം ബന്ധപ്പെട്ടവരിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു.
- ഓവർടൈം ജോലി: ഇല്ലാതായ ഫാക്ടറീസ് ആക്ടിൽ നിശ്ചിത ഓവർടൈം ജോലി സമയം നിർവചിച്ചിരുന്നു. പുതിയ കോഡ് അതൊഴിവാക്കി. ഓവർ ടൈം ജോലി സമയം നിശ്ചയിക്കാനുള്ള അധികാരം 'ബന്ധപ്പെട്ട ഗവണ്മെന്റിന്' നൽകിയിരിക്കുന്നു. മൂന്നു മാസക്കാലത്ത് പരമാവധി ഓവർടൈം 125 മണിക്കൂർ എന്നാണ് ഇതിന്റെ കരടു റൂളിൽ പറഞ്ഞിട്ടുള്ളത്. ഓവർടൈം ജോലി ചെയ്യാൻ ഓരോ തൊഴിലാളിയുടെയും സമ്മതം വേണമെന്നതും ഓവർടൈം ജോലി നിരസിക്കാൻ തൊഴിലാളിക്കുള്ള അവകാശവും ഇല്ലാതാക്കി. തുടർച്ചയായി ഓവർടൈം പണി ചെയ്തു കൊള്ളണമെന്ന് നിർബന്ധം പിടിക്കാൻ നിയന്ത്രണങ്ങളില്ലാത്ത അവകാശം ഇതിലൂടെ തൊഴിലുടമക്ക് നൽകിയിരിക്കുന്നു. ഓവർടൈം ജോലിക്ക് സാധാരണ വേതനത്തിന്റെ ഇരട്ടി നൽകണമെന്നും ശമ്പളത്തോടെ വാർഷിക അവധി അനുവദിക്കണമെന്നും കോഡിൽ വ്യവസ്ഥയുണ്ടെങ്കിലും 'വേതനം' എങ്ങനെ എന്ന നിർവചനമേ അതിലില്ല. 1936 ലെ പെയ്മെന്റ് ഓഫ് വേജസ് ആക്ടിൽ 'വേതനം' എന്തെന്ന് നിർവചിച്ചിട്ടുണ്ട്. ആ വ്യവസ്ഥയുള്ള നിയമം ഇല്ലാതാക്കിയപ്പോൾ പുതിയ കോഡിൽ 'വേതനം' സംബന്ധിച്ച നിർവചനം തന്നെ ഒഴിവാക്കി.
- ആഴ്ചയിലെ ജോലി സെക്ഷൻ 26 (1) ൽ പറയുന്നതിങ്ങനെ "ഒരാഴ്ചയിൽ ആറു ദിവസത്തിൽ കൂടുതൽ ഒരു തൊഴിലാളിയെക്കൊണ്ടും പണിയെടുപ്പിച്ചുകൂട". എന്നാൽ അതിനു തൊട്ടു താഴെ 26 (2) പ്രകാരം ബന്ധപ്പെട്ട ഗവണ്മെന്റിന് തോന്നുന്നതനുസരിച്ച് തൊഴിലാളികളെ ആദ്യം പറഞ്ഞ വ്യവസ്ഥയിൽ നിന്നും ഒഴിവാക്കാമെന്നും എഴുതി ചേർത്തിരിക്കുന്നു. അവധി നിഷേധിക്കപ്പെടുന്ന തൊഴിലാളിക്ക് രണ്ടു മാസത്തിനുള്ളിൽ പകരം കോമ്പൻസേറ്ററി അവധി നൽകിയാൽ മതിയാകും.



ലേബർ കോഡുകൾ
തൊഴിലാളികളെ
എങ്ങനെ ബാധിക്കുന്നു









- മാത്രമല്ല മോട്ടോർ ട്രാൻസ്പോർട് സ്ഥാപനത്തിലെ തൊഴിലാളികൾ ട്രാൻസ്പോർട്ട് സർവീസിന് ഭംഗം വരാതിരിക്കാൻ പത്തു ദിവസം വരെ തുടർച്ചയായി ഡ്യൂട്ടിയിൽ തുടരാൻ ആവശ്യപ്പെടാനും ഈ കോഡിൽ അനുവാദം നൽകിയിട്ടുണ്ട്.

### 6. ഇൻസ്പെക്ഷൻ

ഫാക്ടറിയിലെ തൊഴിൽ സ്ഥിതിയുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളിലും തൊഴിലിടങ്ങളിൽ പതിവായി ലേബർ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന കർശന വ്യവസ്ഥ അനിവാര്യമാണ്. ഇവിടെ കോഡിൽ പരിശോധനയിലും അതിനുള്ള ഉദ്യോഗസ്ഥരുടെ ചുമതലയിലും വെള്ളം ചേർത്തിരിക്കുന്നു.

- എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ പേരുമാറ്റി അത് ഇൻസ്പെക്ടർ കം ഫെസിലിറ്റേറ്റർ എന്നാക്കി. പരിശോധനയുടെ രീതി 'ബന്ധപ്പെട്ട സർക്കാർ' തീരുമാനിക്കും വിധം എന്ന് വ്യവസ്ഥപ്പെടുത്തി.
- ഐഎൽഒ കൺവെൻഷൻ പ്രകാരം ഏതൊരു സ്ഥാപനത്തിലും ഏതു സമയത്തും ഇടവിട്ടിടവിട്ട് നോട്ടീസ് നൽകാതെ പരിശോധനാ ഉദ്യോഗസ്ഥന് പരിശോധന നടത്താൻ കഴിയേണ്ടതാണ്. കോഡിൽ അത് നിഷേധിച്ചിരിക്കുന്നു. ബന്ധപ്പെട്ട സർക്കാരിന്റെ അനുമതിയോടെ മാത്രമെ ഇൻസ്പെക്ടർ കം ഫെസിലിറ്റേറ്റർ ഏതു ഫാക്ടറിയിലും പരിശോധന നടത്താവൂ എന്നാണ് കോഡിലെ വ്യവസ്ഥ.
- തൊഴിലാളികളുടെയോ യൂണിയന്റെയോ പരാതിയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തുന്നതല്ല.
- രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ ചിലതിനെ അവയുടെ ലിസ്റ്റിൽ നിന്ന് തെരഞ്ഞെടുക്കുന്ന രീതിയിലാകും പരിശോധന. അതിന് തയാറാക്കുന്ന പോർട്ടലിൽ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ 40 ശതമാനത്തിൽ താഴെ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ചുരുക്കത്തിൽ ഭൂരിഭാഗം സ്ഥാപനങ്ങളും ഫലത്തിൽ പരിശോധനയുടെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെടും.
- നിയമ വ്യവസ്ഥകളുടെ കൃത്യമായ നടപ്പാക്കലല്ല അവയുടെ ലംഘനമാണ് കോഡ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാണ്.

### 7. വനിതാ തൊഴിലാളികൾ

എല്ലാ സ്ഥാപനങ്ങളിലും എല്ലാ തരത്തിലുമുള്ള ജോലികൾ ചെയ്യാനും, രാത്രി ജോലിയിലടക്കം അവരുടെ സമ്മതത്തോടെ സുരക്ഷ, അവധി ദിവസങ്ങൾ, ജോലി സമയം എന്നിവ പാലിച്ചും വനിതാ തൊഴിലാളികളെ പണി ചെയ്യിക്കാം എന്ന് വ്യവസ്ഥപ്പെടുത്തിയതിനൊപ്പം അതെല്ലാം 'ബന്ധപ്പെട്ട ഗവണ്മെന്റ്' നിശ്ചയി

ക്കുന്ന പ്രകാരം എന്നും എഴുതി ചേർത്തിട്ടുണ്ട്. ആവശ്യമനുസരിച്ച് വേണ്ട മുൻകരുതൽ എടുക്കണമെന്ന് തൊഴിലുടമയോട് ബന്ധപ്പെട്ട സർക്കാരിന് ആവശ്യപ്പെടാം. വനിതാ തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന സംഘടനകൾക്ക് അതിൽ ഒരു പങ്കും ഉണ്ടാവില്ല.

**8. പരാതി പരിഹാരം**

ഈ കോഡിനു കീഴിലുള്ള വ്യവസ്ഥകളിൽ ഇടപെടാൻ സിവിൽ കോടതികൾക്ക് അധികാരമില്ല. അധികൃതരുടെ ഉത്തരവിന്മേൽ പരാതിയുള്ള പക്ഷം സർക്കാർ രൂപീകരിക്കാൻ പോകുന്ന അഡ്മിനിസ്ട്രേറ്റീവ് അതോറിറ്റിക്ക് മുന്നിൽ അവ ഉന്നയിക്കാം. തർക്കം പരിഹരിക്കാനുള്ള നിയമപരമായ അധികാരം ഇവിടെ ലഭ്യമല്ല. കോഡിലെ വ്യവസ്ഥകൾ തെറ്റായി വ്യാഖ്യാനിച്ചാൽ അവ ലംഘിച്ചാൽ അതെപ്പറ്റിയുള്ള പരാതി പരിഹരിക്കാൻ തൊഴിലാളിക്ക് ഉള്ള അവകാശം ഇവിടെ നിഷേധിക്കപ്പെട്ടിരിക്കുന്നു.

**9. തൊഴിലുമായി ബന്ധപ്പെട്ട സുരക്ഷ, ആരോഗ്യം.**

**ഇവിടെ തൊഴിലാളിക്ക് ലഭിക്കാൻ പോകുന്നത്**

- നാഷണൽ ഓക്കുപ്പേഷണൽ സേഫ്റ്റി ആന്റ് ഹെൽത്ത് അഡൈ്വസറി ബോർഡ് എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കുന്നു. ഇതൊരു ത്രികക്ഷി സ്ഥാപനമാണങ്കിലും അതിന്റെ ഘടന പ്രകാരം 'ഉന്നത വ്യക്തികൾ' എന്ന പേരിൽ പുറത്തുനിന്നുള്ളവർക്ക് അംഗത്വം നൽകുന്നു.
- ഈ ബോർഡ് കൺസ്ട്രക്ഷൻ വർക്കേഴ്സ് അഡൈ്വസറി ബോർഡ് അടക്കം നിലവിലുണ്ടായിരുന്ന 6 സ്റ്റാറ്റിയൂട്ടറി ബോർഡുകൾക്കു പകരമാണ് .
- ആരോഗ്യവും സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും സർക്കാരാണ് തീരുമാനിക്കുന്നത് (സെക്ഷൻ 16 23) കോഡിൽ അതിന്റെ ഘടനയെക്കുറിച്ചും ഓരോ മേഖലയും പാലിക്കേണ്ട മാനദണ്ഡങ്ങളെ കുറിച്ചും സൂചിപ്പിക്കുന്നുണ്ടെങ്കിലും, പ്രത്യേകിച്ച് ഓരോ മേഖലക്കും വ്യവസായങ്ങൾക്കും വേണ്ട മാനദണ്ഡങ്ങളെക്കുറിച്ച് പരാമർശമില്ല.
- എന്നാൽ 13 മേഖലകൾ/ വ്യവസായങ്ങൾ സംബന്ധിച്ച് നിലവിലുണ്ടായിരുന്ന ആരോഗ്യം, സുരക്ഷാ മാനദണ്ഡങ്ങൾ തുടങ്ങിയ വ്യവസ്ഥകൾ വിശദമായി ഉൾപ്പെടുത്തിയ റൂളുകളാണ് എടുത്തു കളഞ്ഞത്. ഇപ്പോൾ ഇവിടെ ആരോഗ്യം, സുരക്ഷ എന്നിവയിൽ ഒരു ശൂന്യതയാണ് നിലനിൽക്കുന്നത്. പുതിയ റൂളുകൾ അതെ പറ്റി നിശബ്ദത പാലിക്കുന്നു. വ്യവസായ അപകടങ്ങളോ തൊഴിലുമായി ബന്ധപ്പെട്ട രോഗങ്ങളോ ഇപ്പോൾ ഉണ്ടായാൽ അടിസ്ഥാന ആരോഗ്യ സുരക്ഷാ മാനന്ദണങ്ങൾ പാലിക്കാത്ത തൊഴിലുടമകൾക്ക് അനായാസം അവരുടെ വീഴ്ചകളിൽ നിന്ന് ഒഴിഞ്ഞു മാറാൻ കഴിയുന്ന സ്ഥിതിയാണുള്ളത്.









**ലേബർ കോഡുകൾ തൊഴിലാളികളെ എങ്ങനെ ബാധിക്കുന്നു**



- ആരോഗ്യവും സുരക്ഷയുമടക്കം കോഡ് നടപ്പാക്കുന്നതിന് റൂളുകൾ ഉണ്ടാക്കുന്നതിൽ അതിവിപുലമായ അധികാരമാണ് സർക്കാരിന് ഇതിനുള്ളത്.
- ഇല്ലാതായ ഫാക്ടറീസ് ആക്ടിലെ സുരക്ഷാ കമ്മിറ്റി രൂപീകരിക്കണമെന്ന വ്യവസ്ഥ ഇപ്പോൾ സർക്കാരിന്റെ വിവേചന പ്രകാരം വേതനമെങ്കിൽ ആകാം എന്നാക്കി.
- കോഡിലെ വ്യവസ്ഥകളിൽ നിന്നും ഒരു മുഴം മുന്നിലാണ് അതു നടപ്പാക്കാൻ തയാറാക്കിയ റൂളുകൾ. 500 ഓ അതിൽ കൂടുതലോ തൊഴിലാളികളുള്ള ഫാക്ടറികളിലും സ്ഥാപനങ്ങളിലും മാത്രം സുരക്ഷാ കമ്മിറ്റികൾ മതിയാകും എന്നാണ് റൂൾ 19 പറയുന്നത്. അങ്ങനെ വരുമ്പോൾ അത്തരത്തിലുള്ള 90 ശതമാനം ഫാക്ടറികളിലും സ്ഥാപനങ്ങളിലും സുരക്ഷാ കമ്മിറ്റികൾ ഉണ്ടാക്കാനുള്ള ബാധ്യതയിൽ നിന്നും തൊഴിലുടമകൾ ഒഴിവാക്കപ്പെടും.
- 500 ൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്ന ഫാക്ടറികളിലും കെട്ടിടങ്ങളിലും സുരക്ഷാ ഓഫീസിൽ വേണമെന്ന വ്യവസ്ഥയും ഒഴിവാക്കി..
- 500 നു മുകളിൽ തൊഴിലാളികൾ ഉണ്ടെങ്കിൽ മാത്രം ആംബുലൻസ് സൗകര്യം ഉറപ്പാക്കേണ്ടതുള്ളൂ.
- 250 ൽ താഴെ തൊഴിലാളികളുള്ളിടത്ത് വെൽഫെയർ ഓഫീസറെ നിയമിക്കേണ്ടതില്ല.
- 100 ൽ താഴെയാണ് തൊഴിലാളികളുടെ എണ്ണമെങ്കിൽ അവിടെ കാന്റീൻ സൗകര്യത്തിന് വ്യവസ്ഥയില്ല.
- തൊഴിലാളികൾ 50നു മുകളിലാണെങ്കിൽ മാത്രമേ അവിടെ ക്രഷേ സൗകര്യം ഏർപ്പെടുത്തേണ്ടതുള്ളൂ.
- അതുപോലെ 50 തൊഴിലാളികളുണ്ടെങ്കിൽ മാത്രം ലഞ്ച് റൂമും റെസ്റ്റ് റൂമും വേണ്ടതുള്ളൂ എന്നാണ് വ്യവസ്ഥ.

ഒസിഎസ്എച്ച്ഡബ്ല്യൂസി കോഡും മറ്റു കോഡുകളും നടപ്പാക്കുന്നതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കുകയും നേട്ടങ്ങൾ പ്രദാനം ചെയ്യുകയുമാണ് ലക്ഷ്യമെന്ന ബിജെപി സർക്കാരിന്റെ വാദം ശുദ്ധ പൊളിയാണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

തൊഴിൽ നിയമങ്ങൾ കോഡുകളാക്കിയതും ഭേദഗതികൾ ഏർപ്പെടുത്തിയതുമെല്ലാം 'നവലിബറൽ പരിഷ്കാര' പാക്കേജിന്റെ ഭാഗമാണ്. സ്വകാര്യവൽക്കരണവും, കർഷക നിയമങ്ങളും അതിന്റെ ഭാഗമാണ്. ബിസിനസ് എളുപ്പമാക്കുക എന്ന പേരിൽ കോർപറേറ്റുകളുടെ സമ്പത്ത് വർധിപ്പിക്കാനും മുതലാളി വർഗത്തിന്റെ ലാഭം കൂടുതൽ കൂടുതൽ ഉയർത്താനും വേണ്ടിയുള്ള പദ്ധതികളാണ്. ഇത് ശരിയായ അർത്ഥത്തിൽ തിരിച്ചറിഞ്ഞ് ഓരോ മേഖലയിലും ഏറ്റവും താഴെ തട്ടു വരെ എത്തിച്ച് അവയെ നേരിടാനും പ്രതിരോധിക്കാനും കഴിയും വിധം തൊഴിലാളികളെ തയാറെടുപ്പിക്കാൻ കഴിയേണ്ടതുണ്ട്. ●

# സാമൂഹ്യ സുരക്ഷാ കോഡ്

കേന്ദ്ര സർക്കാർ തയാറാക്കിയ താഴെ പറയുന്ന 9 നിയമങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടാണ് സാമൂഹ്യ സുരക്ഷാ കോഡ് 2020 ന് രൂപം നൽകിയിരിക്കുന്നത്.

1. തൊഴിലാളി നഷ്ടപരിഹാര നിയമം 1923
2. തൊഴിലാളി സ്റ്റേറ്റ് ഇൻഷുറൻസ് നിയമം 1948
3. തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ടുമായും മറ്റ് പലവക വകുപ്പുകളുമായും ബന്ധപ്പെട്ട നിയമം
4. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (ഒഴിവുകൾ നിർബന്ധമായും വിജ്ഞാപനം ചെയ്യുന്നതുമായി ബന്ധപ്പെട്ട) നിയമം 1959
5. പ്രസവാനുകൂല്യ നിയമം 1961
6. ഗ്രാറ്റുവിറ്റി വിതരണ നിയമം 1972
7. സിനിമാ തൊഴിലാളി ക്ഷേമനിധി നിയമം 1981
8. കെട്ടിട/ ഇതര നിർമാണ തൊഴിലാളി സെസ് നിയമം 1996.
9. അസംഘടിത മേഖലാ തൊഴിലാളി സാമൂഹ്യ സുരക്ഷാ നിയമം 2008.

### പരിവർത്തന കാല ക്രമീകരണങ്ങൾ

- സാമൂഹ്യ സുരക്ഷാ കോഡ് പാസാക്കിയതോടെ മേൽ സൂചിപ്പിച്ചിരിക്കുന്ന നിയമങ്ങൾ റദ്ദാക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു എങ്കിലും അവയ്ക്കു പകരം വരുന്ന ചട്ടങ്ങളും വിജ്ഞാപനങ്ങളും പദ്ധതികളും ഉത്തരവുകളും അതുപോലെ തന്നെ പ്രസ്തുത നിയമങ്ങൾ പ്രകാരം അനുവദിച്ചിരുന്ന ആനുകൂല്യങ്ങളും അവ പുതിയ കോഡിലെ വ്യവസ്ഥകൾക്ക് എതിരായി വരുന്നില്ല എങ്കിൽ പ്രാബല്യത്തിൽ ഉണ്ടായിരിക്കും.
- അതുപോലെ തന്നെ തൊഴിലാളി പ്രോവിഡന്റ്ഫണ്ടുമായും മറ്റ് പലവക വകുപ്പുകളുമായും ബന്ധപ്പെട്ട നിയമം 1952നു ശേഷം രൂപീകരിക്കപ്പെട്ട കേന്ദ്ര സമിതി, എക്സിക്യൂട്ടീവ് സമിതി, തൊഴിലാളി സ്റ്റേറ്റ് ഇൻഷുറൻസ് കോർപറേഷൻ, തൊഴിലാളി സ്റ്റേറ്റ് ഇൻഷുറൻസ് നിയമം 1948 പ്രകാരം നിലവിൽ വന്ന സ്റ്റാന്റിംഗ് മെഡിക്കൽ ആനുകൂല്യ കമ്മിറ്റികൾ തുടങ്ങിയ പുതിയ കോഡിലെ 153-ാം വകുപ്പിന് അനുസൃതമായ പുനഃസംഘടിപ്പിക്കപ്പെടുന്നതുവരെ നിലവിലുള്ള രീതിയിൽ പ്രവർത്തിക്കുന്നതുമായിരിക്കും.

### എന്താണ് 'സാമൂഹ്യ സുരക്ഷ'

പുതിയ കോഡിനു കീഴിൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന അവകാശങ്ങളിലൂടെയും വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന വ്യവസ്ഥകളിലൂടെയും തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷയും വരുമാന സുരക്ഷയും പ്രത്യേകിച്ച് തൊഴിലില്ലായ്മ, ശാരീരിക ദൗർബല്യം, തൊഴിലിടങ്ങളിൽ സംഭവിക്കുന്ന പരിക്ക്, പ്രസവകാലം, കുടുംബനാഥ



ലേബർ കോഡുകൾ
തൊഴിലാളികളെ
എങ്ങനെ ബാധിക്കുന്നു



ന്റെ മരണം, തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളിൽ, ഉറപ്പാക്കുന്ന തിനായി എടുക്കപ്പെടുന്ന സംരക്ഷണ നടപടികളെയാണ് കോഡിൽ "സാമൂഹ്യ സുരക്ഷ" എന്ന് നിർവചിച്ചിരിക്കുന്നത്.

### കോഡിന്റെ പരിധിയിൽ വരുന്നതാരൊക്കെയാണ്?

താത്കാലിക തൊഴിലാളികൾ, സ്ഥിരമായി നിയമിക്കപ്പെടാത്ത തൊഴിലാളികൾ, അവർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ എണ്ണത്തിനോ അളവിനോ അനുസൃതമായി മാത്രം കൂലി ലഭിക്കുന്ന തൊഴിലാളികൾ, ഗിഗ് തൊഴിലാളികൾ (ഭക്ഷണ വസ്തുക്കൾ ഉൾപ്പെടെയുള്ള ഉപഭോഗ സാധനങ്ങൾ ഓർഡർ അനുസരിച്ച് വീടുകളിൽ എത്തിക്കുന്നവരും), യൂബർ, ഒല മുതലായ കമ്പനികൾക്കു കീഴിൽ ടാക്സി, ഓട്ടോ ഡ്രൈവർമാരായി പണിയെടുക്കുന്നവരും ഈ വിഭാഗത്തിൽപെടുന്ന തൊഴിലാളികളാണ്. പാതയോര തൊഴിലാളികൾ, കരാർ തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ, സ്വന്തം ഭവനങ്ങളിൽ ഇരുന്ന് ജോലി ചെയ്യുന്ന തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, തുടങ്ങിയവർ ഉൾപ്പെടുന്ന സംഘടിത/ അസംഘടിത മേഖലകളിലെ എല്ലാ തൊഴിലാളികളും കോഡിന്റെ പരിധിയിൽ വരും.

എന്നാൽ കോഡിന്റെ പരിധിയിൽ വരുന്ന എല്ലാ തൊഴിലാളികളും സമാനമായ ആനുകൂല്യങ്ങൾക്ക് തുല്യമായി അർഹരാകണമെന്നില്ല. കോഡിൽ വിഭാവന ചെയ്യപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഓരോ സ്ഥാപനത്തിലേക്കും ജീവനക്കാരുടെ എണ്ണത്തിന്റെ കാര്യത്തിൽ ഇന്ന് നിലവിലുള്ള പരിധി നിലനിർത്തിയിരിക്കുന്നതിനാൽ സാർവത്രികമായ സാമൂഹ്യ സുരക്ഷ എന്നത് ഊതിവീർപ്പിക്കപ്പെട്ട വാഗ്ദാനമായി പരിഗണിച്ചിരിക്കുകയാണ്.

തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ടുമായി ബന്ധപ്പെട്ട കോഡിന്റെ 30ാം വകുപ്പ് ഇരുപതോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്കേ ബാധകമാകുന്നുള്ളൂ.

- പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളെ തൊഴിലാളി സ്റ്റേറ്റ് ഇൻഷുറൻസ് പദ്ധതിയെക്കുറിച്ചു പറയുന്ന കോഡിലെ 18ാം വകുപ്പിന്റെ പരിധിയിൽ വരികയുള്ളൂ.
- വിതരണത്തെ കുറിച്ച് കോഡിന്റെ 53ാം വകുപ്പു പ്രകാരം പത്തോ അതിലധികമോ തൊഴിലാളികൾ ഉള്ള സ്ഥാപനങ്ങൾ മാത്രം ഗ്രാറ്റുവിറ്റി ആനുകൂല്യം നൽകിയാൽ മതി.
- സ്ഥാപനത്തിൽ പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട് എങ്കിലെ അവിടെ കോഡിന്റെ 53ാം വകുപ്പ് പ്രകാരം പ്രവസാനുകൂല്യങ്ങൾ നൽകേണ്ടതുള്ളൂ.
- കെട്ടിട / ഇതര നിർമാണ മേഖലയിൽ സാമൂഹ്യ സുരക്ഷ ആനുകൂല്യങ്ങൾ പത്തോ അതിലധികമോ തൊഴിലാളികൾ പണിയെടുക്കുകയാണെങ്കിൽ മാത്രം ലഭ്യമാക്കിയാൽ മതി.

കോഡിലെ 138-ാം വകുപ്പു പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ തൊഴിലാളികൾ സ്വയം രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷന് ആധാർ കാർഡ് നിർബന്ധമാണ്.



ലേബർ കോഡുകൾ
തൊഴിലാളികളെ
എങ്ങനെ ബാധിക്കുന്നു



ആനുകൂല്യങ്ങളെ ആധാർ കാർഡുമായി ബന്ധിപ്പിച്ചിരിക്കുന്നത് കാർഡില്ലാത്ത അസംഘടിത മേഖലയിലെ നിരവധി തൊഴിലാളിക്ക് അവ ലഭിക്കാത്ത സാഹചര്യം സൃഷ്ടിക്കും. ആധാർ കാർഡുമായി ബന്ധിപ്പിച്ചാലെ തൊഴിൽ നിയമങ്ങൾക്കു കീഴിലെ ആനുകൂല്യങ്ങൾക്ക് തൊഴിലാളികൾ അർഹരാക്കുകയുള്ളൂ എന്നത് മുൻപ് കേട്ടുകേൾവി പോലുമില്ലാത്ത നിബന്ധനയാണ്.

**അതുകൊണ്ട് 50 കോടിയോളം തൊഴിലാളികൾക്ക് സാർവത്രികമായി സാമൂഹ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുമെന്ന സർക്കാരിന്റെ അവകാശ വാദം വെറും കബളിപ്പിക്കലാണ്.**

## സാമൂഹ്യ സുരക്ഷ ലഭ്യമാക്കുന്നതിനായി വിഭാവന ചെയ്തിട്ടുള്ള സംവിധാനത്തിന്റെ ഘടന

കോഡിന്റെ കീഴിൽ രൂപീകരിക്കപ്പെടുന്ന പദ്ധതികളുടെ നിർവഹണ ചുമതല താഴെ പറയുന്ന സമിതികൾക്കായിരിക്കും.

- പ്രോവിഡന്റ് ഫണ്ട് പദ്ധതിയുടെ നടത്തിപ്പിനായി രക്ഷാധികാരികളുടെ കേന്ദ്ര സമിതി (വകുപ്പ് 4)
- തൊഴിലാളി സ്റ്റേറ്റ് ഇൻഷുറൻസ് പദ്ധതിക്കായി ഒരു കോർപറേഷൻ (വകുപ്പ് 5)
- ഗ്രാറ്റുവിറ്റി ഫണ്ടിന്റെ നോക്കി നടത്തിപ്പിനായി രക്ഷാധികാരികളുടെ സമിതി (വകുപ്പ് 59)
- അസംഘടിത മേഖലാ തൊഴിലാളികൾക്കായി ദേശീയ സാമൂഹ്യ സുരക്ഷാ സമിതി (വകുപ്പ് 6)
- ഗിഗ് തൊഴിലാളികൾക്കു വേണ്ടി ഒരു ദേശീയ സാമൂഹ്യ സുരക്ഷാ സമിതി (വകുപ്പ് 114-6)
- അസംഘടിത മേഖലാ തൊഴിലാളികൾക്കായി സംസ്ഥാന തല സാമൂഹ്യ സുരക്ഷാ സമിതികൾ (വകുപ്പ് 6(9))
- സംസ്ഥാന തലത്തിൽ കെട്ടിടനിർമാണ ക്ഷേമനിധി സമിതികൾ

## പുതിയ കോഡ് ആരെയെല്ലാമാണ് അസംഘടിത മേഖലാ തൊഴിലാളികളായി പരിഗണിക്കുന്നത്

- കോഡിൽ നിരവധി അവ്യക്തമായ നിർവചനങ്ങളുണ്ട്.
- പദ്ധതി തൊഴിലാളികൾ, ഭാഗിക സമയ തൊഴിലാളികൾ, സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ, കാർഷിക തൊഴിലാളികൾ നിരവധി തൊഴിലാളികൾ കോഡിന്റെ പരിധിക്കുള്ളിൽ വരുന്നില്ല.
- പത്തിൽ താഴെ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയാണ് "അസംഘടിത മേഖലയെ" നിർവചിച്ചിരിക്കുന്നത്. എന്നാൽ കോഡിൽ എന്താണ് സ്ഥാപനം എന്നതിനെക്കുറിച്ച് നിർവചനം നൽകിട്ടില്ല.
- 1947 ലെ തൊഴിൽ തർക്ക നിയമത്തിന്റെയോ അല്ലെങ്കിൽ കോഡിന്റെ 3 മുതൽ 7 വരെ യുള്ള വകുപ്പുകളുടെയോ പരിധിയിൽ വരാത്ത സംഘടിത മേഖലയിലെ തൊഴിലാളികളേയും അസംഘടിത മേഖലാ തൊഴിലാളികളുടെ നിർവചനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് തീർത്തും അവ്യക്തവും ഭാവിയിൽ നിരവധി പ്രശ്നങ്ങളുണ്ടാക്കുന്നതുമാണ്.













- കോഡിന്റെ 3 മുതൽ 7 വരെയുള്ള വകുപ്പുകൾക്ക് കീഴിൽ വരാത്ത സംഘടിത മേഖലാ തൊഴിലാളികളെ അസംഘടിത മേഖലാ തൊഴിലാളികളായി പരിഗണിക്കുകയും അതേ സമയം അവർക്ക് അസംഘടിത മേഖലാ തൊഴിലാളികൾക്കായുള്ള പദ്ധതികളുടെ ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്യുന്നത് വലിയ ക്രൂരത തന്നെയാണ്. ഫലത്തിൽ ഇവർക്ക് സംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ നഷ്ടമാകുകയും അസംഘടിത മേഖലാ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുകയാണ്. ഇത് വലിയൊരു വിരോധാഭാസം തന്നെയാണ്.

നിശ്ചിതകാല തൊഴിലാളികൾ, ഗിഗ് തൊഴിലാളികൾ, സ്വന്തം ഭവനങ്ങളിരുന്ന് പണിയെടുക്കുന്ന തൊഴിലാളികൾ, പാതയോര തൊഴിലാളികൾ തുടങ്ങിയ പുതിയ വിഭാഗം തൊഴിലാളികളെ കോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എങ്കിലും ഇവരുടെ പ്രത്യേക തൊഴിൽ സാഹചര്യങ്ങൾക്ക് അനുസൃതമായ പുതിയ ആനുകൂല്യങ്ങളൊന്നും തന്നെ കോഡിൽ വിഭാവന ചെയ്യപ്പെട്ടിട്ടില്ല. നിലവിലുള്ള ആനുകൂല്യങ്ങൾക്ക് ഉപരിയായി തൊഴിലാളിക്ക് നന്മ ചെയ്യുവാനുള്ള ഒരു ആലോചനയും കോഡിലില്ല.

### അസംഘടിത മേഖലാ തൊഴിലാളികൾക്കായി കോഡിൽ ഫലപ്രദമായ നിർദേശങ്ങളൊന്നുമില്ല

- ജീവൻ, അംഗ പരിമിതി, ആരോഗ്യം, പ്രസവം, വാർധക്യം എന്നിവയുമായി ബന്ധപ്പെട്ട് അസംഘടിത മേഖലാ തൊഴിലാളികൾക്ക് നിർബന്ധമായും ക്ഷേമ പദ്ധതികൾ രൂപീകരിക്കണമെന്ന് കോഡിന്റെ 9 ാം അധ്യായത്തിൽ കേന്ദ്ര സർക്കാരിന് നിർദേശം നൽകുന്നുണ്ട്.
- പ്രോവിഡന്റ് ഫണ്ട്, ജോലി സ്ഥലത്ത് സംഭവിക്കുന്ന പരിക്കുകൾക്കുള്ള നഷ്ടപരിഹാരം, പാർപ്പിടം, തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം, തൊഴിലാളികളുടെ നൈപുണ്യ വികസനം, മരണാനന്തര ചടങ്ങുകൾക്കുള്ള സഹായം, തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാന സർക്കാരുകൾ ക്ഷേമ പദ്ധതികൾ ആവിഷ്കരിക്കണമെന്ന് 109ാം വകുപ്പിനു കീഴിൽ കോഡ് ആവശ്യപ്പെടുന്നുമുണ്ട്.
- അസംഘടിത മേഖലാ തൊഴിലാളികൾക്കായി വിജ്ഞാപനം ചെയ്തിട്ടുള്ള പദ്ധതികൾക്ക് വേണ്ടി വരുന്ന പണം കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരുകളോ സ്വന്തം നിലയിലോ അല്ലെങ്കിൽ യോജിച്ചോ കണ്ടെത്തണമെന്ന് കോഡിൽ സൂചിപ്പിക്കുന്നുണ്ട്.
- എന്നാൽ കോഡിൽ പദ്ധതികൾക്കു വേണ്ടി ഫണ്ട് കണ്ടെത്തുന്നതിനെക്കുറിച്ച് വകുപ്പ് 59 ന് കീഴിൽ ഫണ്ടിന്റെ തുടക്ക സംഭാവനക്കും തുടർന്നുള്ള കൂട്ടിച്ചേർക്കലുകൾക്കും വേണ്ടി വരുന്ന തുക കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ കണ്ടെത്തണം എന്ന ഒഴുക്കൻ മട്ടിലുള്ള പരാമർശം മാത്രമേയുള്ളൂ.
- കൃത്യമായ പദ്ധതികളെക്കുറിച്ചും അവയ്ക്കു വേണ്ടി വരുന്ന

ഫണ്ട് എങ്ങനെ ഫലപ്രദമായി സ്വരൂപിക്കാം എന്നതിനെക്കുറിച്ചും ഒന്നും പറയാതെയാണ് കോഡിന്റെ കരട്. കരടിൽ ഫണ്ടിന്റെ നിർവഹണത്തെപ്പറ്റി വിശദീകരണം നടത്തിയിരിക്കുന്നത്.

- ഇത്തരം പൊള്ളയായ വാചകമടികളുടെ ആവർത്തനം മാത്രമാണ് പുതിയ കോഡിൽ കാണുന്നത്. എന്നിട്ടും അത് ഗിഗ് തൊഴിലാളികൾക്കും പാതയോര തൊഴിലാളികൾക്കും സാമൂഹ്യ സുരക്ഷയൊരുക്കുമെന്ന് മേനി നടിക്കുകയാണ്.

## തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട്

- ഫണ്ടിന്റെ ഏക ധനസ്രോതസ് സംഭാവനയാണ്. അതാകട്ടെ 12% ൽ നിന്ന് 10 % ആയി കുറച്ചിരിക്കുകയാണ്. "വേതന"ത്തിന്റെ നിർവചനത്തിലും മാറ്റം വരുത്തിയിരിക്കുന്നു. ഇത് ഇപിഎഫ്ഒ ഫണ്ടിലേക്ക് സ്വരൂപിക്കപ്പെടുന്ന തുകയിൽ ഇടിവുണ്ടാക്കും. മാത്രവുമല്ല വ്യത്യസ്ത വിഭാഗം തൊഴിലാളികളുടെ സംഭാവനാ നിരക്ക് എപ്പോൾ വേണമെങ്കിലും മാറ്റിക്കൊണ്ട് ഉത്തരവിറക്കാൻ കേന്ദ്ര സർക്കാരിന് അധികാരവും നൽകിയിരിക്കുന്നു.
- പെൻഷൻ പദ്ധതികളേയും ഇൻഷുറൻസ് പദ്ധതികളേയും പോലെ നിരവധി വിഭാഗം തൊഴിലാളികളുടെ കാര്യത്തിൽ പ്രോവിഡന്റ് ഫണ്ട് പദ്ധതി ഇനിയും വിജ്ഞാപനം ചെയ്തിട്ടില്ല.
- നിലവിലുള്ള പദ്ധതികൾക്കൊപ്പം തൊഴിൽ ചെയ്യുന്നവർക്കും അതുപോലെ തന്നെ മറ്റ് എന്തെങ്കിലും വിഭാഗം തൊഴിലാളികൾക്കും സാമൂഹ്യ സുരക്ഷ ലഭ്യമാക്കുന്നതിന് കോഡ് കേന്ദ്ര സർക്കാരിനെ അധികാരപ്പെടുത്തുന്നു.
- പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ പരിധി ഇരുപതോ അതിലധികമോ ആയി കോഡ് നിലനിർത്തുന്നു.

## തൊഴിലാളി സ്റ്റേറ്റ് ഇൻഷുറൻസ് പദ്ധതി

- നടപ്പാക്കുന്ന അധികാര സമിതിയുടെ പ്രതിബദ്ധതയെ കോഡ് ദുർബലപ്പെടുത്തുന്നു.
- 125-ാം വകുപ്പിന്റെ ലംഘനത്തിന് കുറഞ്ഞ പിഴപ്പലിശ നിശ്ചയിച്ചതു പോലെ പദ്ധതിയുടെ ഫലപ്രദമായി നടപ്പിലാക്കലിനെ ദുർബലപ്പെടുത്തുന്ന തരത്തിൽ നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട നിരവധി വകുപ്പുകളിൽ കോഡ് വെള്ളം ചേർത്തിരിക്കുന്നു.
- കരാറുകാരൻ തൊളിലാളികളുടെ ഇഎസ്ഐ സംഭാവന വിഹിതം അടക്കുന്നതിൽ വീഴ്ച വരുത്തുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിനുള്ള ചുമതല പ്രധാന തൊഴിൽ ദാതാവിൽ നിക്ഷിപ്തമാക്കുന്ന നിലവിലുള്ള ഇഎസ്ഐ ആക്ടിന്റെ 40









(1) വകുപ്പ് ഒഴിവാക്കിയത് തൊഴിലാളികളുടെ ഇഎസ്ഐ വിഹിതത്തിന്റെ അടവിനെ പ്രതികൂലമായി ബാധിക്കും.

- സ്വരൂപിക്കപ്പെടുന്ന ഫണ്ട് ഉപയോഗിച്ചുകൊണ്ട് ആരോഗ്യ സേവന സൗകര്യങ്ങൾ, അപകട ആനുകൂല്യങ്ങൾ, തൊഴിൽപരമായ അസുഖങ്ങൾക്കുള്ള സഹായം എന്നിവയും അതുപോലെ തന്നെ നിയമ പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങളും കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു പകരം കോഡ് തൊഴിലാളികളുടെ നിലവിലുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും പരിമിതപ്പെടുത്തുന്നതിനാണ് ശ്രമിക്കുന്നത്.

### കെട്ടിട/ ഇതര നിർമാണ തൊഴിലാളികൾ

- പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ എന്ന പരിധി നിലനിർത്തിയിരിക്കുന്നത് വലിയൊരു ഭാഗം തൊഴിലാളികൾ ഒഴിവാക്കപ്പെടുന്നതിന് ഇടയാക്കും.
- കെട്ടിട/ ഇതര നിർമാണ തൊഴിലാളി നിയമത്തിന്റെ കീഴിൽ വിവിധ മേഖലകളുടെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളെ നിർവചിച്ചിരുന്നത്. എന്നാൽ കോഡിൽ അവലംബിച്ചിട്ടുള്ള പൊതുവായ ഒരു നിർവചനം നിരവധി തൊഴിലാളികൾ ഒഴിവാക്കപ്പെടുന്നതിലേക്ക് നിയിക്കും.
- അതിന്റെ തനത് പ്രത്യേകത കാരണം നിർമ്മാണ മേഖലയിൽ സ്ഥാപനങ്ങൾക്ക് നൽകിട്ടുള്ള നിർവചനം സാധാരണ സ്ഥാപനങ്ങളുടെ നിർവചനത്തിൽ നിന്ന് അടിസ്ഥാനപരമായി വ്യത്യസ്ഥമാണ്. അതുകൊണ്ടു തന്നെ നിർമാണ മേഖലയുമായി ബന്ധപ്പെട്ട് നിലവിലുള്ള 1996 ലെ സെസ് ആക്ടിന്റെ 4ാം വകുപ്പു പ്രകാരം സമർപ്പിക്കപ്പെടുന്ന റിട്ടേണിനും വ്യത്യസ്തമായ മാനമുണ്ട്. ഈ റിട്ടേണിന്റെ അടിസ്ഥാനത്തിലാണ് നിർമാണ സെസ് കണക്കു കൂട്ടുന്നതും ഈടാക്കുന്നതും. എന്നാൽ ഇത്തരത്തിൽ റിട്ടേൺ സമർപ്പിക്കുന്ന സമ്പ്രദായം പുതിയ കോഡിൽ ഇടം പിടിച്ചിട്ടില്ല.

സെസ് പിടിച്ച ശേഷം തൊഴിലുടമ നിർദിഷ്ട സമയത്തിനുള്ളിൽ ഫണ്ടിലേക്ക് അടക്കണം. ഇതിൽ താമസമുണ്ടായാൽ സെസ് ആക്ടിന്റെ വകുപ്പ് 3 (3) അനുസരിച്ച് പ്രതിമാസം 2% എന്ന നിരക്കിൽ ഒരു വർഷത്തേക്ക് 24% പലിശ പിഴയായി നൽകണം. പുതിയ കോഡിൽ പിഴപ്പലിശ 12% ആയി കുറച്ചിരിക്കുന്നു. അതുപോലെ തന്നെ പിഴയടക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ദുർബലപ്പെടുത്തയിരിക്കുകയുമാണ്.

## മറ്റ് മേഖലകൾ

- പ്രസവാനുകൂല്യം പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങൾക്കു മാത്രം ബാധകം.
- പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ പണിയെ

ടുക്കുന്നുണ്ടെങ്കിൽ മാത്രം ഗ്രാറ്റുവിറ്റി നൽകിയാൽ മതി എന്ന നിബന്ധന തുടരുന്നു.

- വകുപ്പ് 125 അനുസരിച്ച് തൊഴിലുടമയിൽ നിന്നുള്ള ആനുകൂല്യങ്ങൾ 5 വർഷത്തിനുള്ളിൽ കൈപ്പറ്റിയിരിക്കണം. ഈ നിബന്ധനയും തൊഴിലാളികളുടെ വിഹിതം കൃത്യ സമയത്ത് അടക്കാത്ത തൊഴിലുടമകൾക്ക് അനുകൂലമാണ്.

### പദ്ധതി നിർവഹണത്തിൽ സ്വകാര്യ മേഖലയുടെ സാന്നിധ്യം.

- കോഡിന്റെ കീഴിൽ രൂപീകരിക്കപ്പെടുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സ്വകാര്യ മേഖലയേയും പങ്കെടുപ്പിക്കാമെന്ന് കോഡിലെ ചില വകുപ്പുകൾ സൂചിപ്പിക്കുന്നു.
- വകുപ്പ് 40 (8) പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വകുപ്പ് 43 (9) നു കീഴിൽ മൂന്നാം കക്ഷിയുടെ സഹായത്തോടെ ആശുപത്രികൾ നടത്തുന്നതിനും സ്വകാര്യ മേഖലയെ പങ്കാളിയാക്കണമെന്ന് കോഡ് നിർദേശിക്കുന്നു.

തൊഴിലാളികളോട് പ്രതിബദ്ധത ഒട്ടുമില്ലാത്ത സ്വകാര്യ മേഖലയുടെ പങ്കാളിത്തം സ്വീകരിക്കുന്നത് തീർത്തും അനാവശ്യമാണ്. ഇത് തൊഴിലാളികളുടെ ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തുന്നതിലേക്കായിരിക്കും നയിക്കുക.

### കേന്ദ്ര സർക്കാർ യാതൊരു സാമ്പത്തിക ഉത്തരവാദിത്തവും ഏറ്റെടുക്കുന്നില്ല.

- രാജ്യത്ത് സാമൂഹ്യ സുരക്ഷ വിപുലീകരിക്കുന്നതിനായി കേന്ദ്ര സർക്കാർ യാതൊരു സാമ്പത്തിക ഉത്തരവാദിത്തവും ഏറ്റെടുക്കാൻ തയാറാവുന്നില്ല.
- സാമൂഹ്യ സുരക്ഷാ ബില്ലുമായി ബന്ധപ്പെട്ട സാമ്പത്തിക മെമ്മോറാണ്ടത്തിൽ ബില്ലിലെ ഇപ്പോഴത്തെ വ്യവസ്ഥകൾ കേന്ദ്ര സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ട് ഓഫ് ഇന്ത്യ ക്ക് യാതൊരു ബാധ്യതയും ഉണ്ടാക്കുകയില്ല എന്ന് വ്യക്തമാക്കുന്നുണ്ട്.

### പരിശോധനയും നിർവഹണവും

- വകുപ്പ് 122 പ്രകാരം പരിശോധനക്ക് ഒരേ സമയം പരിശോധകന്റെയും സഹായിയുടെയും ഇരട്ട വേഷം കെട്ടുന്ന ഉദ്യോഗസ്ഥരെ നിയമിക്കണമെന്ന് കോഡ് നിർദേശിക്കുന്നുണ്ട്.
- നേരിട്ടല്ലാതെ ഓൺലൈൻ സംവിധാനത്തിലൂടെയായിരിക്കും പരിശോധന നടത്തുക. മാനദണ്ഡങ്ങളൊന്നുമില്ലാതെ തോന്നും പോലെ തിരഞ്ഞെടുക്കപ്പെടുന്ന വളരെ ചുരുക്കം സ്ഥാപനങ്ങളിൽ മാത്രമേ പരിശോധന നടക്കുകയുള്ളൂ.







- തൊഴിൽ ശാലകളിലെ പരിശോധനയുമായി ബന്ധപ്പെട്ട ഐഎൽഒ നിർദേശങ്ങൾ പാലിക്കാതെയായിരിക്കും പരിശോധനകൾ നടക്കുക.
- പ്രത്യക്ഷത്തിലുള്ളതും പരാതികൾ സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ഉള്ളതുമായ പരിശോധനാ സംവിധാനമില്ലെങ്കിൽ ഒരു നിയമവും ഫലപ്രദമായി നടപ്പിലാക്കുവാനാകില്ല.
- തൊഴിലാളിയും ഉടമയും കേന്ദ്ര സർക്കാരും ഉൾപ്പെടുന്ന ത്രികക്ഷി തല ചർച്ചയിലൂടെ പരിശോധനാ സംവിധാനം ചിട്ടപ്പെടുത്താമായിരുന്നു. എന്നാൽ കോഡിലെ വകുപ്പുകൾ ഐഎൽഒ നിർദേശങ്ങളെ പൂർണമായും നിരാകരിക്കുന്നവയാണ്.

### എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെ കോഡിൽ മാറ്റങ്ങൾ വരുത്തുന്നതിന് കേന്ദ്ര സർക്കാരിന് പരിധിയില്ലാത്ത അധികാരം



ലേബർ കോഡുകൾ
തൊഴിലാളികളെ
എങ്ങനെ ബാധിക്കുന്നു



- സാമൂഹ്യ സുരക്ഷാ കോഡിൽ "കേന്ദ്ര സർക്കാർ നിർദേശിക്കുന്നതുപോലെ / പ്രത്യേകം പരാമർശിക്കുന്നതുപോലെ/ രൂപീകരിക്കുന്നതുപോലെ" തുടങ്ങിയ പ്രയോഗങ്ങളിലൂടെ 94 വിഷയങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിന് നൽകിയിരിക്കുന്നു. മറ്റ് 30 വിഷയങ്ങളുടെ കാര്യത്തിൽ "ബന്ധപ്പെട്ട സർക്കാരിന്" മാറ്റം വരുത്താമെന്ന് പറയുന്നുണ്ട്. ചുരുക്കത്തിൽ 128 വിഷയങ്ങളിൽ ഉടമകൾക്ക് അനുകൂലമായ തീരുമാനമെടുക്കാൻ കേന്ദ്ര സർക്കാരിന് അധികാരം നൽകിയിരിക്കുകയാണ്.
- വിവിധ ഫണ്ടുകളിലേക്കും ക്ഷേമനിധികളിലേക്കും ഉടമ നൽകേണ്ട വിഹിതത്തിന്റെ അളവ്, സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ രൂപീകരണം, പദ്ധതികളുടെ പരിധിയിൽ നിന്ന് സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുള്ള തീരുമാനമെടുക്കൽ, വിവിധ അധികാരികളുടെ നിയമനം തുടങ്ങിയ എല്ലാ വിഷയങ്ങളിലും കേന്ദ്ര സർക്കാരിന് അനിയന്ത്രിതമായ അധികാരമാണ് നൽകപ്പെട്ടിരിക്കുന്നത്.

## ഉപസംഹാരം

തൊഴിലാളി പ്രോവിഡന്റ് ഫണ്ട്, തൊഴിലാളി സംസ്ഥാന ഇൻഷുറൻസ് തുടങ്ങിയ സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങൾ ലഭിക്കുന്നത് സംഘടിത മേഖലയിലെ ചെറിയൊരു ശതമാനം തൊഴിലാളികൾക്ക് മാത്രമാണ്. പുതിയ കോഡിലൂടെ നിലിവുള്ള പദ്ധതികളും ഇല്ലാതാക്കാനാണ് ലക്ഷ്യമിടുന്നത്, അസംഘടിത മേഖലക്കാകട്ടെ കാര്യമായ ഒന്നും തന്നെ പ്രഖ്യാപിച്ചിട്ടുമില്ല.



## വാരണസി സിവിൽ കോടതി വിധി

# വർഗീയവൽക്കരണം തീവ്രമാക്കും

**വാരണസി ജ്ഞാൻവാപി മുസ്ലിം പള്ളി സ്ഥിതിചെയ്യുന്നിടത്ത് മുമ്പ് ക്ഷേത്രമായിരുന്നോ എന്ന് പരിശോധിക്കാൻ ആർക്കിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയോട് പര്യവേക്ഷണത്തിനു ഉത്തരവിട്ട വാരണസി സിവിൽ കോടതി നടപടി രാജ്യത്തിന്റെ നിയമവ്യവസ്ഥയെ തന്നെയാണ് ചോദ്യം ചെയ്യുന്നത്. ബാബറി മസ്ജിദ് തകർത്തത് അന്വേഷിച്ച ജസ്റ്റിസ് ലിബറഹാൻ കമീഷൻ ചൂണ്ടിക്കാട്ടിയത് പോലെ രാജ്യത്തെ സാമുദായിക ധ്രുവീകരണത്തിന്റെ തീരത്തേക്ക് നയിക്കുകയും വർഗീയ കലാപങ്ങളുടെ ചോരപ്പുഴകൾ തീർക്കുകയുമാണ് ദേവാലയ തർക്കങ്ങളിലൂടെ സംഘപരിവാർ ചെയ്തു കൊണ്ടിരിക്കുന്നത്.**



കെ ടി കുഞ്ഞിക്കണ്ണൻ

രാജ്യത്തിന്റെ ഭരണഘടനയും നിയമങ്ങളുമനുസരിച്ചാണോ അല്ല സംഘപരിവാർ അജണ്ടയനുസരിച്ചാണോ പ്രവർത്തിക്കുന്നതെന്ന ചോദ്യമാണുയരുന്നത് ... വാരണസി ജ്ഞാൻവാപി മുസ്ലിം പള്ളി സ്ഥിതിചെയ്യുന്നിടത്ത് മുമ്പ് ക്ഷേത്രമായിരുന്നോ എന്ന് പരിശോധിക്കാൻ ആർക്കിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയോട്  പര്യവേക്ഷണത്തിനു ഉത്തരവിട്ട വാരണസി സിവിൽ കോടതി നടപടി രാജ്യത്തിന്റെ നിയമവ്യവസ്ഥയെ തന്നെയാണ് ചോദ്യം ചെയ്യുന്നത്.

രാജ്യത്തെ എല്ലാ ആരാധനാലയങ്ങളുടെയും തൽസ്ഥിതി സംരക്ഷിക്കാൻ ആരാധനാലയ (പ്രത്യേക വ്യവസ്ഥ) നിയമം നിലനില്ക്കുമ്പോഴാണ് ഇങ്ങനെയൊരു വിധി പ്രസ്താവിച്ചിരിക്കുന്നത് എന്നത് രാജ്യമെത്തപ്പെട്ട ഫാസിസ്റ്റ് ഭീഷണിയുടെ ആപത്ഘട്ടത്തെയാണ് കാണിക്കുന്നത്. 1991ലാണ് ബാബറി മസ്ജിദ് തർക്കത്തിന്റെ പശ്ചാത്തലത്തിൽ ആരാധനാലയങ്ങളുടെ തൽസ്ഥിതി നിലനിർത്താനുള്ള നിയമം രാജ്യ മംഗീകരിച്ചത്.രാജ്യത്തിന്റെ നിയമങ്ങളെ തന്നെ ചോദ്യം ചെയ്യുന്ന ഉത്തരവാണ് വാരാണസി ഡിവിഷൻ സിവിൽ കോടതി ജഡ്ജി അശുതോഷ് തിവാരി

പുറപ്പെടുവിച്ചത്. കാശി വിശ്വനാഥ ക്ഷേത്രത്തി നടുത്ത് ഇപ്പോഴുള്ള ജ്ഞാൻ മാപി മസ്ജിദ് നിലനില്ക്കുന്ന സ്ഥലത്ത് ക്ഷേത്രമുണ്ടായിരുന്നോ, അതിന്റെ കാലപ്പഴക്കം, വലുപ്പം,രൂപകല്പന, പ്രതി ഷ്ഠ എന്നിവയെ കുറിച്ചെല്ലാം ഉൽഖനനം നടത്തി വിവരമെടുക്കാനാണ് കോടതി നിർദ്ദേശിച്ചിരി ക്കുന്നത്. ഇതിനായി അഞ്ചംഗ സംഘത്തെയും കോടതി നിയോഗിച്ചിരിക്കുന്നു. കാശി വിശ്വനാഥ ക്ഷേത്രം പൊളിച്ചാണ് മുഗൾ രാജാവ് ഔറംഗ സാഹേബ് മസ്ജിദ് പണിതതെന്ന ആരോപണ ത്തിന് വഴങ്ങിയാണ് കോടതി ആരാധനാലയ തൽസ്ഥിതി നിലനിർത്തൽ നിയമത്തിന് വിരുദ്ധ മായി ഇങ്ങനെയൊരു വിധി പുറപ്പെടുവിച്ചിരിക്കു ന്നത്.

ഈ ഉത്തരവ് റദ്ദാക്കാൻ ഉന്നത നീതിപീഠം ഉടൻ ഇടപെടണമെന്നാണ് നീതിന്യായ വ്യവ സ്ഥയിൽ വിശ്വസിക്കുന്ന ജനാധിപത്യവാദികൾ ആവശ്യപ്പെടുന്നത് ... ചീഫ് ജസ്റ്റീസ് എസ് എ ബോബ് സെയും ജസ്റ്റീസ് ബൊപണ്ണയും അടങ്ങു ന്ന ബെഞ്ച് പുനപരിശോധന ഹരജി അംഗീകരി ച്ചിട്ടുണ്ട്.

1981ൽ വാംഷിംഗ്ടണിൽ നടന്ന വി എച്ച് പി ആഗോള സമ്മേളനത്തിൽ വെച്ചാണ് ചരി ത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഹിന്ദുക്കൾക്ക് നഷ്ടപ്പെട്ടു പോയതെന്ന വ്യാജേന 3000 മുസ്ലിം ദേവാലയങ്ങൾ പിടിച്ചെടുക്കാനുള്ള അടിയന്തിര പദ്ധതി സംഘപരിവാർ പ്രഖ്യാപിക്കുന്നത്.

ബാബറി മസ്ജിദ്, കാശിയിലെ ഗ്യാങ്മാപി മസ്ജിദ് ,മഥുരയിലെ ഷാഹി ഈദ് ഗാഹ് തുടങ്ങി 3000 പള്ളികൾ .... ഇപ്പോൾ സംഘപരിവാർ സംഘങ്ങൾ 40,000 ഓളം ആരാധനാലയങ്ങൾ തർക്കഭൂമിയാക്കി വികസിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്.

1981ൽ 3000 ന്യൂനപക്ഷ ആരാധനാലയങ്ങൾ തർക്കഭൂമിയാക്കി ലിസ്റ്റ് തയ്യാറാക്കി കൊടുത്തത് അമേരിക്കൻ കുത്തക സ്ഥാപനമായ കാർണഗി എൻഡോവ്മെന്റ് ഫോർ ഇൻറർനാഷണൽ പീസ് ആയിരുന്നു. ഇന്ത്യയെ ആരാധനാലയ തർക്കങ്ങൾ ഉയർത്തി മതവൽക്കരിച്ച് കല്ലോട് കല്ല് ചേരാതെ ബാൾക്കനൈസ് ചെയ്യുക എന്ന സാമ്രാജ്യത്വ അജണ്ടയാണ് ഈ പ്രഖ്യാപനത്തി ന് പിറകിലുള്ളത്. അതനുസരിച്ചാണ് സംഘപരി വാർ സംഘടനകളെ കൂട്ടി ചേർത്തുകൊണ്ടുള്ള ഹിന്ദുത്വ വർഗീയവൽക്കരണം തീവ്രഗതിയിലാ യത്.രാജീവ് ഗാന്ധി, നരസിംഹറാവു സർക്കാ റുകളുടെ സഹായത്തോടെ ശക്തി പ്രാപിച്ച സംഘിസ്ഥാൻ കാമ്പയിന് ബി ജെ പി ദേശീയ അധികാരം കയ്യടക്കിയോടെ ഗതിവേഗം കൂടി.... ബാബറി മസ്ജിദ് തകർത്തത് അന്വേഷിച്ച ജസ്റ്റീസ് ലിബറഹാൻ കമീഷൻ ചൂണ്ടിക്കാട്ടിയത് പോലെ രാജ്യത്തെ സാമുദായിക ധ്രുവീകരണ ത്തിന്റെ തീരത്തേക്ക് നയിക്കുകയും വർഗീയ കലാപങ്ങളുടെ ചോരപ്പുഴകൾ തീർക്കുകയുമാ ണ് ദേവാലയ തർക്കങ്ങളിലൂടെ സംഘപരിവാർ ചെയത് കൊണ്ടിരിക്കുന്നത്. ●

# വംശീയത, അസമത്വം, മഹാമാരി യുഎസിനെ തുറന്നുകാട്ടി ചൈന

അമേരിക്ക 2020 ൽ കോവിഡിനെയും വംശീയതയെയും നേരിടുന്നതിൽ ഒരുപോലെ പരാജ യപ്പെട്ടെന്ന് ചൈന, മന്ത്രിസഭ അംഗീകരിച്ച റിപ്പോർട്ടിലാണ് കുറ്റപ്പെടുത്തൽ.

'മഹാമാരിയെ ചെറുക്കുന്നതിൽ കൂട്ടായ പരിശ്രമം വേണം. എന്നാൽ, തങ്ങളെ മറ്റുള്ളവർ ക്ക് ഒരു പടി മുകളിൽ പ്രതിഷ്ഠിക്കുന്ന അമേരിക്കയിൽ കോവിഡ് അനിയന്ത്രിതമായി പടർന്നു.

വംശീയ അസമത്വങ്ങളാലും വിവിധ വിഭാഗങ്ങൾക്കിടയിലുള്ള പ്രശ്നങ്ങളാലും സാമൂഹ്യ ജീവിതം കലുഷിതമായി. സാമ്പത്തിക രംഗം താറുമാറായ വർഷവുമാണ് കടന്നുപോയത് റി പ്പോർട്ടിൽ പറയുന്നു. അമേരിക്കയിലെ രാഷ്ട്രീയ അരാജകത്വത്തിന്റെ ഫലമാണ് പുതുവർഷത്തി ലുണ്ടായ ക്യാപിറ്റോൾ ആക്രമണമെന്നും റിപ്പോർട്ടിലുണ്ട്.

സ്റ്റേറ്റ് കൗൺസിൽ ഓഫ് ഇൻഫർമേഷനാണ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചത്. അമേരിക്കയുടെ നുണ പ്രചരണങ്ങൾക്ക് തിരിച്ചടിയായി അമേരിക്കയിലെ സംഭവ വികാസങ്ങളെപ്പറ്റി തങ്ങളുടെ കാഴ്ചപ്പാട് ചൈനീസ് സർക്കാർ എല്ലാവർഷവും പുറത്തിറക്കാറുണ്ട്. അമേരിക്കൻ സർക്കാരിന്റെ കെടുകാര്യസ്ഥതയുടെ ഫലമായി രാജ്യത്തെ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ കൂടുതലായി കോവിഡിന് ഇരയായി. സ്ഥാനപതികളുടെ റിപ്പോർട്ടുകൾ വിവിധയിടങ്ങളിൽ പ്ര സിദ്ധീകരിച്ച ലേഖനങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് റിപ്പോർട്ട്.




സി പി ചന്ദ്രശേഖർ / ജയതി ഘോഷ്

# ലോകത്താകെ കൂലി വരുമാനത്തിന്റെ അവസ്ഥ കൂടുതൽ മോശമാകുന്നു




കോവിഡ് മഹാമാരി ആഘാതം ഏല്പിക്കുന്നതിനു മുൻപ് തന്നെ ആഗോള സമ്പദ്ഘടന ചേതന നഷ്ടപ്പെട്ടതും ദുർബലവും ആയിത്തീർന്നിരുന്നു. വേതനത്തിലെ വർധനവാകട്ടെ പ്രത്യേകിച്ചും വളരെ മന്ദഗതിയിലുമായിരുന്നു.

ഉത്പാദന ക്ഷമതയുടെ വളർച്ചക്ക് അനുസൃതമായി ലോകത്തൊരിടത്തും വേതനത്തിൽ വർധനവ് ഉണ്ടാകാത്തതിനാൽ ദേശീയ വരുമാനത്തിൽ വേതനത്തിന്റെ പങ്ക് സമസ്ത മേഖലകളിലും വലിയ തോതിൽ ഇടിയുകയായിരുന്നു.

ചൈനയിൽ മാത്രമാണ് യഥാർത്ഥ കൂലിയിൽ കാര്യമായ ഉയർച്ച കാണുവാനായത്. കണക്കു കൂട്ടലുകളിൽ നിന്ന് ചൈനയെ മാറ്റി നിർത്തുകയാണെങ്കിൽ 2006 നും 2019 നും ഇടക്ക് ലോകത്താകെ യഥാർത്ഥ വേതനത്തിലെ വർധനവ് വളരെ കുറഞ്ഞ തോതിലായിരുന്നു എന്ന് വ്യക്തമാകും.

ലോകത്തിലെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കൂലി വർധനവിന്റെ കാര്യത്തിൽ ഉൾപ്പെടെ ഏഷ്യൻ മേഖല കൂടുതൽ ഊർജസ്വലമായിരുന്നു എന്നാണ് പലപ്പോഴും കരുതപ്പെട്ടിരുന്നത്. എന്നാൽ വസ്തുതകൾ ഈ ധാരണയെ അനുകൂലിക്കുന്നില്ല. ഏഷ്യൻ മേഖലയിലെ രാജ്യങ്ങളിൽ പോലും ദേശീയ വരുമാനത്തിൽ കൂലിയുടെ പങ്ക് ഇടിയുന്നതായി സൂചന നൽകുന്ന തരത്തിൽ യഥാർത്ഥ വേതനത്തിന്റെ വളർച്ച താരതമ്യേന പതുക്കെയായിരുന്നു.

### ഏറ്റവും രൂക്ഷമായ ആഘാതം ആദ്യപകുതിയിൽ

കഴിഞ്ഞ ഖണ്ഡികയിൽ സൂചിപ്പിച്ചത് ആരോഗ്യ മേഖലയിലും സമ്പദ്ഘടനകളിലും സർവനാശം വിതച്ചുകൊണ്ട് കോവിഡ് 19 ലോകത്താകെ ആഞ്ഞടിക്കുന്നതിന് മുൻപുള്ള സാഹചര്യമായിരുന്നു. മഹാമാരിയുടെ വ്യാപനവും അതിനെ നേരിടാനായി നടപ്പിലാക്കപ്പെട്ട അടച്ചുപൂട്ടൽ ഉൾപ്പെടെയുള്ള കഠിനമായ നിയന്ത്രണങ്ങളും കാരണം തൊഴിലവസരങ്ങളിൽ ഗണ്യമായ ഇടിവു വന്ന 2020 ന്റെ ആദ്യപകുതിയായിരുന്നു ഏറ്റവും രൂക്ഷമായി ബാധിക്കപ്പെട്ടത്.

2020 ന്റെ ആദ്യപാദത്തിലാണ് ഏഷ്യയിലാകെ ഏറ്റവും അധികം തൊഴിൽ നഷ്ടമുണ്ടായത്. ഈ അവസ്ഥയിലും ചൈന ഉൾപ്പെടെയുള്ള കിഴക്കൻ ഏഷ്യൻ പ്രദേശങ്ങളിൽ താരതമ്യേന ചെറിയ തോതിലുള്ള തൊഴിൽ നഷ്ടവും വളരെ വേഗത്തിലുള്ള വീണ്ടെടുപ്പാണ് ദൃശ്യമായത് എന്നത് ഏറെ ശ്രദ്ധേയമാണ്. ഇത് സാധ്യമായത് ഇടക്കിടെ രോഗവ്യാപനമുണ്ടായി എങ്കിലും ഈ പ്രദേശങ്ങളിൽ മഹാമാരിയെ ഫലപ്രദമായി നിയന്ത്രിക്കാനായതിനാലാണ്.

ഏഷ്യൻ മേഖലയിൽ ഏറ്റവും മോശമായി ബാധിക്കപ്പെട്ടത് തെക്കൻ ഏഷ്യയായിരുന്നു. വലിയ അളവിൽ തൊഴിൽ നഷ്ടം സംഭവിച്ചു, പ്രത്യേകിച്ച് അടച്ചുപൂട്ടിലനെ തുടർന്ന് ഇന്ത്യയായിരുന്നു തെക്കൻ ഏഷ്യയിലെ മോശപ്പെട്ട അവസ്ഥക്കു പിന്നിലെ പ്രധാന ഘടകം.

എന്നാൽ ഇന്ത്യയിൽ ദേശീയ ലോക്ക്ഡൗൺ ആരംഭിച്ചത് മാർച്ച് മാസത്തിലായതിനാൽ 2020 ന്റെ രണ്ടാം പാദത്തിലായിരുന്നു യഥാർത്ഥത്തിൽ ഏറ്റവും വലിയ തൊഴിൽ നഷ്ടം സംഭവിച്ചത്. അതുകൊണ്ട് തെക്കനേഷ്യയിൽ ഒന്നാം പാദത്തിലാണ് ഏറ്റവും കൂടുതൽ തൊഴിൽ നഷ്ടമുണ്ടായതെന്ന കണക്ക് അല്പം അമ്പരപ്പിന് ഇടയാക്കുന്നുണ്ട്.

എന്നിരുന്നാലും അന്തർദേശീയ തൊഴിലാളി സംഘടനകളും കണക്കുകൾ പ്രകാരം തെക്കനേഷ്യ തന്നെയാണ് തൊഴിൽ നഷ്ടത്തിന്റെ കാര്യത്തിൽ ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ടിരിക്കുന്നത്.

ലോക ജനസംഖ്യയുടെ 25% അധിവസിക്കുന്ന തെക്കൻ ഏഷ്യയിലാണ് മൊത്തം തൊഴിൽ നഷ്ടത്തിന്റെ മൂന്നിലൊന്നും സംഭവിച്ചത്. അതേ സമയം ഈ മേഖലയിൽ 38 ദശലക്ഷം തൊഴിലുകൾ നഷ്ടപ്പെട്ടു എന്ന കണക്ക് വാസ്തവത്തിൽ യഥാർത്ഥ നഷ്ടത്തെ കുറച്ചു കാണിക്കുന്നതാണ്. പ്രത്യേകിച്ച് ഇന്ത്യയിൽ നിന്നുള്ള സമീപകാലത്തെ തൊഴിൽ ശക്തിയുടെ സ്ഥിതി വിവരക്കണക്കുകൾ ലഭിക്കാത്തത് കൂടുതൽ കൃത്യമായ പ്രവചനങ്ങളെ തടസപ്പെടുത്തുന്ന സാഹചര്യത്തിൽ.

നിരവധി വികസ്വര രാജ്യങ്ങളിൽ പ്രത്യേകിച്ച് (ചൈന ഒഴികെയുള്ള) വികസ്വര ഏഷ്യയിൽ, ബഹുഭൂരിപക്ഷം തൊഴിലുകൾ അനൗപചാരിക മേഖലയിലാണ്. ഇവിടങ്ങളിൽ കൂലി വരുമാനത്തിൽ തിരിച്ചടിയുണ്ടായതിന് തൊഴിലവസരങ്ങളുടെ ഇടിവിനോടൊപ്പം സ്വയം തൊഴിൽ സംരംഭകരുടെ കൂലിയും വരുമാനവും കീഴ്പ്പോട്ടു പോയതും കാരണമായിട്ടുണ്ട്.

വളരെ സമീപകാലത്തെ സ്ഥിതി വിവരക്കണക്കുകൾ ലഭ്യമായിട്ടുള്ള മൂന്നിൽ രണ്ട് രാജ്യങ്ങളിലും വേതനം കുറയുന്നതോ അല്ലെങ്കിൽ വളരെ ചെറിയ അളവിൽ മാത്രം വർധിക്കുന്നതോ ആയ സ്ഥിതിയാണുള്ളതെന്നാണ് ഐഎൽഒ യുടെ 2021 ജനുവരിയിലെ ഒരു പഠനം വെളിപ്പെടുത്തുന്നത്.

നിരവധി രാജ്യങ്ങളിലെ തൊഴിലാളികൾക്ക് വേതനം വെട്ടിക്കുറക്കപ്പെടുന്നതിനെയോ ജോലി സമയം ചുരുങ്ങുന്നതിനാൽ മൊത്തം വേതനത്തിൽ ഇടിവുണ്ടാകുന്നതിനെയോ ചില സന്ദർഭങ്ങളിൽ ഇവ രണ്ടിനെയും ഒരുമിച്ചോ നേരിടേണ്ടി വന്നു എന്നും വിവിധ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ഐഎൽഒ വിലയിരുത്തുകയുണ്ടായി. ഉദാഹരണത്തിന് ഇന്ത്യയിലെ ഔപചാരിക തൊഴിൽ മേഖലയിൽ വേതനം 3.6% വെട്ടിക്കുറക്കപ്പെട്ടു എന്ന് ഒരു ഐഎൽഒ പഠനം കണ്ടെത്തുകയുണ്ടായി. അതേ സമയം അനൗപചാരിക മേഖലയിൽ 22.6% കൂലി നഷ്ടമാണ് ഉണ്ടായത്.

## സമ്പദ്ഘടനയിലും പ്രതിഫലിക്കും

വേതന വരുമാനം കുറയുന്നത് ദോഷകരമാകുന്നത് അത് തൊഴിലാളി ക്ഷേമത്തെ എതിർക്കുന്നതുകൊണ്ടു മാത്രമല്ല അതിന്റെ പ്രതിഫലനം സമ്പദ്ഘടനയെ മൊത്തത്തിൽ പ്രതികൂലമായി ബാധിക്കും എന്നതു കൊണ്ടു കൂടിയാണ്.

തീർച്ചയായും വേതനം ഇടിയുന്നത് ഉപഭോഗ വർധനവിന് തടസമാകുന്നു. ഇത് തദ്ദേശീയ ചോദനത്തെ ദുർബലപ്പെടുത്തുകയും നിക്ഷേപം നടത്തുന്നതിനുള്ള താൽപര്യത്തെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നു. ആത്യന്തികമായി ഇതുകാരണം സാമ്പത്തിക പുറകോട്ടടി മഹാമാരിയുടെ കാലത്തിനു ശേഷവും തുടരുന്ന അവസ്ഥയിലേക്കായിരിക്കും നയിക്കുക.

സർക്കാരുകൾ പ്രത്യേകിച്ച് തെക്കേ ഏഷ്യയിലുള്ളവ ചിലവുകൾ കൃത്യമായി പറയുകയാണെങ്കിൽ പാവപ്പെട്ടവരുടെ വരുമാനത്തെ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള ചിലവുകൾ വർധിപ്പിച്ചുകൊണ്ട് ഇതിന് പ്രതിവിധി കണ്ടില്ലെങ്കിൽ ഈ മേഖലയിലെ സാമ്പത്തിക സാധ്യതകൾ കൂടുതൽ ഇരുളടഞ്ഞതാകും. ●

# മനുഷ്യത്വരഹിത മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ കാലം അസ്തമിക്കാറായി

# പോരാട്ടം തുടരുക



എൻ. പത്മലോചനൻ



**ഇന്ത്യയിലെ പത്ത് ശതമാനം വരുന്ന അതിസമ്പന്നരുടെ ജീവിതം എല്ലാവിധ സുഖസൗകര്യങ്ങൾ ഉള്ളതും അതീവ സന്തോഷപ്രദവുമാണ്. അവരുടെ വ്യക്തിഗത ആഡംബര ചെലവുകളുടെ നിലവാരം അവിശ്വസനീയമാംവിധം ഉയർന്നതാണ്. എന്നാൽ പട്ടിണിയും ദാരിദ്ര്യവും രോഗബാധയും മൂലം ദുരിതം അനുഭവിക്കുന്നവരാണ് മഹാഭൂരിപക്ഷം പേരും. തൊഴിലും വരുമാനവും കിടപ്പാടവും ഇല്ലാത്ത ഇവരുടെ മുന്നിലാണ് ഈ ആഡംബര ധൂർത്ത് അതിസമ്പന്നർ കാണിക്കുന്നത്.**

ലോക ജനസംഖ്യ 790 കോടിയാണ്. ഇന്ത്യൻ ജനസംഖ്യ 137 കോടിയാണ്. ചൈനയുടെ ജനസംഖ്യ 139 കോടിയാണ്. ഇന്ത്യ ജനസംഖ്യയിൽ ലോകത്ത് രണ്ടാം സ്ഥാനത്താണ്. ഇന്ത്യൻ ജനസംഖ്യയിൽ മഹാഭൂരിപക്ഷം തൊഴിലും വരുമാനവും സ്വന്തമായ കിടപ്പാടവും സ്ഥിരമായി ലഭിക്കാത്തവരാണ്. പട്ടിണിയും ദാരിദ്ര്യവും രോഗാബാധയും മൂലം ദുരിതം അനുഭവിക്കുന്നവരാണ്. എന്നാൽ പത്ത് ശതമാനം വരുന്ന അതിസമ്പന്നരുടെ ജീവിതം എല്ലാവിധ സുഖസൗകര്യങ്ങൾ ഉള്ളതും അതീവ സന്തോഷപ്രദവുമാണ്. അവരിൽ ചിലരുടെ വ്യക്തിഗത ആഡംബര ചെലവുകളുടെ നിലവാരം അവിശ്വസനീയമാംവിധം ഉയർന്നതാണ്. ചിലതു പരിശോധിക്കാം ഇന്ത്യയിലെ അതിസമ്പന്നരിൽ ഒന്നാം സ്ഥാനത്തുള്ള മുകേഷ് അമ്പാനിയുടെ കിടപ്പാട നിർമ്മാണ ചിത്രം ഒന്നു പരിശോധിക്കാം : 6 അംഗങ്ങൾ മാത്രമുള്ള അദ്ദേഹത്തിന്റെ കുടുംബത്തിന് താമസിക്കുവാൻ 4000 കോടി രൂപ ചെലവിലാണ് ഭവനനിർമ്മാണം നടത്തിയിട്ടുള്ളത്. പ്രസ്തുത ഭവനത്തിൽ ശമ്പളവും കൂലിയും പറ്റി ജീവിക്കുന്ന 600 ജീവനക്കാരുണ്ട്. പ്രഥമ മാസത്തെ മാത്രം വൈദ്യുതി ബിൽ തുക 70.69 ലക്ഷം രൂപയാണ്. കൃത്യമായി ബിൽ തുക അടയ്ക്കുന്നതുകൊണ്ട് ഇലക്ട്രിസിറ്റി നൽകുന്ന കമ്പനി നൽകുന്ന സൗജന്യം 48354 രൂപയാണ്. ഹെലികോപ്റ്റർ ഇറക്കാൻ സൗകര്യമുള്ള മൂന്ന് ഹെലിപ്പാഡുകളുണ്ട്. കെട്ടിടത്തിന്റെ എല്ലാ നിലകളിലും എത്തിച്ചേരാൻ സഹായി

ക്കുന്ന 9 എലിവേറ്ററുകളുണ്ട്. 160 വാഹനങ്ങൾ പാർക്ക് ചെയ്യാൻ കഴിയുന്ന പാർക്കിങ് സൗകര്യവും ഉണ്ട്. നെറിടേക്ക് കമ്പനി നിർമ്മിച്ച 25000 ക്രോക്കറി സെറ്റ് (കളിമൺപാത്രങ്ങൾ) ഉണ്ട്.

സമ്പന്നർക്ക് ഉന്നത സുഖജീവിതം ഉറപ്പുവരുന്നുവാൻ വേണ്ട സുഖഭോഗ വസ്തുക്കളുടെ (ലക്ഷ്വറി മാർക്കറ്റ്) ഇന്ത്യൻ കമ്പോളത്തിലെ മുതൽമുടക്ക് 37,500 കോടി രൂപയുടേതാണ്. ഇവിടങ്ങളിൽ വിൽപ്പന നടത്തിയിരുന്ന റിസ്റ്റ് വാച്ചുകളുടെ വില 50,000 രൂപ മുതൽ 1.5 ലക്ഷം രൂപ വരെ ആയിരുന്നു. എന്നാൽ ഇപ്പോൾ മൂന്ന് ലക്ഷം രൂപയ്ക്ക് മുകളിൽ വിലയുള്ള വാച്ചുകൾക്കാണ് പ്രിയം. പോർഷെ കാറുകൾ 312 എണ്ണം 2011-ൽ ഇവിടെ വിറ്റിരുന്നു. റോൾസ് റോയിസ്, മേബാക്ക് തുടങ്ങിയ കാറുകൾ വിപണിയിൽ പിന്തള്ളപ്പെട്ടു. ബുഗാട്ടി വേറോൺ 16.4 ഗ്രാന്റ് സ്പോർട്സിന് ഇന്ത്യൻ മാർക്കറ്റിൽ ഒരു കാറിന് 16 കോടി രൂപാ വിലയ്ക്ക് വിറ്റു തുടങ്ങി. ആഡംബര വികാസ നൗക 2020-ൽ 5000 കോടി വിലയിൽ കമ്പോളത്തിൽ എത്തും. ദി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ലക്ഷ്വറി മാനേജ്മെന്റ് എന്ന പേരിൽ ഒരു കോഴ്സ് തന്നെ ആരംഭിച്ചിരിക്കുകയാണ്.

ഇതിനൊക്കെ പുറമേ 'ദി വേൾഡ് എക്കണോമിക് ഫോറം' പറയുന്നത് താഴ്ന്ന വരുമാനമുള്ള കുടുംബങ്ങളിലെ ഇന്ത്യാക്കാരൻ ഏഴു തലമുറകൾ പിന്നിട്ടാൽ പോലും രാജ്യത്തിന്റെ താഴ്ന്ന വരുമാന നിരക്കിൽ എത്തിപ്പേടാൻ സാധിക്കയില്ല എന്നാണ്.

ഈ പശ്ചാത്തലത്തെപ്പറ്റി ശ്രീമാൻ സൽമാൻ റുഷ്ദി വിവരിക്കുന്നത് 'ഇന്ത്യ ഒരു സാങ്കൽപ്പികമായ പണത്തിന്റെയും ദൈവത്തിന്റെയും ലോകത്താണെന്നാണ്.' എന്നാൽ ഈ പണക്കാർക്ക് പണം ഒരു സ്വപ്ന വസ്തുവല്ല. ഉദാഹരണത്തിന് നവീൻ ജിൻഡാലിന്റെ സ്റ്റീൽ കമ്പനി അദ്ദേഹത്തിന് 2011 വർഷത്തിൽ കൊടുത്ത പ്രതിഫലം 67.12 കോടി രൂപയാണ്. അപ്പോഴും ഇന്ത്യൻ ജനകോടികൾ ജീവിത ദുരുതങ്ങൾ അനുഭവിച്ചുകൊണ്ടേ ഇരിക്കുന്നു എന്ന് കാണേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ഓട്ടോമൊബൈൽ സംഭരണം റോൾസ് റോയിസ്, ഫാൻന്തം മുതൽ ഫെറാറി വരെയും, ഒരു ഫാൽക്കൺ 2000 ട്രാൻസ്കോണ്ടിനന്റൽ ജറ്റും, ആഡംബര നൗക 8.5 ദശലക്ഷം യൂറോ (യൂറോപ്യൻ നാണയം) വില വരുന്ന ഫെറ്റി 881 എന്ന ആഡംബര നൗകയും ഉണ്ടായിരുന്നു. അദ്ദേഹം ഈ സമ്പത്തിന്റെ എല്ലാം ഉടമയാകുമ്പോൾ പ്രായം വെറും 32 വയസ് മാത്രമാണ്.

2004ൽ സഹാറാ എമ്പയേഴ്സ് മാനേജിങ് വർക്കർ, സുബ്രദറോയി രണ്ട് ആൺമക്കളുടെ വിവാഹം ആഘോഷിച്ചു. 200 മെഴ്സിഡസ് ബെൻസ് ലിമോഡിനസിൽ വന്ന 10000 അതിഥികൾ ചടങ്ങിൽ പങ്കെടുത്തു. വിവാഹ ചടങ്ങിന് ബ്രിട്ടണിൽ നിന്നും 110 പേരടങ്ങിയ ഓർക്കസ്ട്രാ സെറ്റിനെ വിമാനമാർഗം വരുത്തി. പ്രസ് റിപ്പോർട്ട് അനുസരിച്ച് ഈ ചടങ്ങിന്റെ ചെലവ് 140 കോടി രൂപയാണ്.

സ്റ്റീൽ ടൈക്കൂൺ ലക്ഷ്മി മിത്തൽ 2004ൽ അദ്ദേഹത്തിന്റെ മകളുടെ വിവാഹത്തിന് ചെലവഴിച്ച പണം 60 ദശലക്ഷം അമേരിക്കൻ ഡോളറാണ്. ഫോർബ്സ് മാഗസിൻ ഈ വിവാഹ ചടങ്ങിനെ വിശേഷിപ്പിച്ചത് പ്രസ്തുത നൂറ്റാണ്ടിലെ ഏറ്റവും വലിയ അഴിമതി ചെലവായിട്ടാണ്. വിവാഹ ക്ഷണക്കത്ത് തന്നെ 20 പേജ് ഉണ്ടായിരുന്നു. അതാകട്ടെ വെള്ളി കൊണ്ട് ഉണ്ടാക്കിയ പെട്ടികളിലാണ് ക്ഷണിക്കപ്പെട്ടവർക്ക് എത്തിച്ചുകൊടുത്തത്. വിവാഹം നടത്തിയത് ഫ്രാൻസിലെ ഏറ്റവും പ്രസിദ്ധമായ ഛത്തീസ് പാലസിലും വെർസെയിൽസിലുമാണ്. 1000 അതിഥികൾക്ക് വിമാന ടിക്കറ്റ് അയച്ചുകൊടുത്തിരുന്നു. വില കൂടിയ 5000 കുപ്പി ഷാംപെയിൻ മദ്യം ചെലവഴിച്ചു.

ബോംബെയിലെ റിയൽ എസ്റ്റേറ്റ് വ്യാപാരി പ്രമുഖൻ അദ്ദേഹത്തിന്റെ മകളുടെ പ്രഥമ ജന്മദിനത്തിൽ ആഘോഷത്തിന് പ്രത്യേക വിമാനത്തിൽ അമേരിക്കയിൽ നിന്നും ചൈനയിൽ നിന്നും ഇമ്പീരിയൽ സർക്കസ് കമ്പനിയെ വരുത്തി. അദ്ദേഹത്തിന് റോൾസ് റോയിസ് പാന്റെം മുതൽ ഫെറാരി വരെ ഉള്ള വാഹനവ്യൂഹമുണ്ട്. അദ്ദേഹത്തിന് ഫാൽക്കൺ 2000 ട്രാൻസ്കോണ്ടിനെന്റൽ ജെറ്റ് പ്ലെയിൻ ഉണ്ട്.

ഉല്ലാസജീവിതം നയിക്കുന്ന ഒരാൾ ഡൽഹിയിലെ ഒരു ഹോട്ടലിൽ നിന്നും 15 ലക്ഷം രൂപ വില നല്കി ഒരു കുപ്പി ഗ്ലെൻ ഫിഡിക്ക് എന്ന പേരുള്ള 50 വർഷം പഴക്കമുള്ള വിസ്കിക്ക് ചെലവഴിച്ചു. അപ്പോഴും ഇന്ത്യൻ ജനകോടികൾ ജീവിതദുരിതങ്ങൾ അനുഭവിച്ചുകൊണ്ടേ ഇരിക്കുന്നു എന്ന് കാണേണ്ടതുണ്ട്.

ഫിലിം സ്റ്റാറിന്റെ അമിതാബച്ചന്റെ സ്യൂട്ടുകൾ തയ്ച്ച് കൊണ്ടിരുന്നത് ബോംബെയിലുള്ള ഒരു തയ്യൽക്കാരനാണ്. അതാകട്ടെ സ്യൂട്ടിനുള്ള തുണി ഇറ്റലിയിൽ നിന്നും ബട്ടൺസ് ഇംഗ്ലണ്ടിൽ നിന്നും തയ്ക്കാനുള്ള നൂല് ഫ്രാൻസിൽ നിന്നും വരുത്തിയതാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് പ്രസ്തുത തയ്യൽക്കാരൻ സ്യൂട്ട് തയ്ക്കുന്നത്. ഇത് സ്വന്തം ഇഷ്ടത്തിന് വേണ്ടി ആണോ അതോ മറ്റുള്ളവരെ ബോധിപ്പിക്കാ

നാണോ എന്നറിയില്ല. ഇറ്റലിയിൽ ഉണ്ടായിരുന്ന 1200 തയ്യൽക്കാർക്ക് ഒരു വർഷം 7,000 സ്യൂട്ടുകൾ മാത്രമേ തയ്ക്കാൻ കഴിയുമായിരുന്നുള്ളു. അവരുടെ വിലപ്പെട്ട ഉപഭോക്താക്കൾ ഇന്ത്യൻ കമ്പനികളിലെ ചീഫ് എക്സിക്യൂട്ടുകളായിരുന്നു.

അതിനുശേഷം വന്ന ഏറ്റവും പ്രമുഖനായ ഫാഷൻ ഡിസൈനർ ലണ്ടൻകാരനായ അലക്സാണ്ടർ അമോസു ആണ്. അദ്ദേഹമാകട്ടെ വിദേശീയ പരദേശീയ തുണിത്തരങ്ങൾ കൂട്ടിയോജിപ്പിക്കുന്ന ഒരു രീതി ആയിരുന്നു അനുവർത്തിച്ചിരുന്നത്. അതിന് വലിയ മതിപ്പുണ്ടായിരുന്നു.

മേൽപ്പറഞ്ഞ സ്യൂട്ടുകൾ തുന്നാൽ ഉപയോഗിച്ചിരുന്നത് സ്വർണവും പ്ലാറ്റിനും കൊണ്ടുള്ള നൂലുകളും കാരറ്റ് ഡയമണ്ട് പതിപ്പിച്ച ബട്ടൺസുകളുമാണ്. അതിലോരോ സ്യൂട്ടിനും 57 ലക്ഷം രൂപയാണ് വില മതിച്ചിരുന്നത്. അതിൽ യാതൊരു അതിശയോക്തിയുമില്ല. നമ്മുടെ രാജ്യത്തുള്ള ജയ്പൂരിലെ രാജ്പാലസ് ഹോട്ടലിൽ പ്രസിഡൻഷ്യൽ സ്യൂട്ടിൽ ഒരു രാത്രി താമസിക്കുന്നതിന് 20 ലക്ഷം രൂപയ്ക്ക് മേൽ നൽകണം.

ഇത്തരത്തിലുള്ള ആഡംബരത്തിനെ ചിലരെങ്കിലും ആഭാസം എന്നുപറയും. അന്തസ് പോലെ തന്നെ ആഭാസവും മാനസിക വികാരങ്ങളാണ്. കമലാദാസ് എന്ന പ്രസിദ്ധ ഇന്ത്യൻ സാഹിത്യ രത്നം രചിച്ച അവസാന കാവ്യത്തിൽ പറഞ്ഞതിപ്രകാരമാണ് ഞാൻ മരിക്കുമ്പോൾ എന്റെ മാംസവും അസ്ഥികളും എറിഞ്ഞുകളയാതെ അവയെ അടുക്കി വയ്ക്കുക. അവ പറയട്ടെ ഈ ഭൂമിയിൽ ജീവിതം എത്ര ധന്യമായിരുന്നു എന്ന് ഒടുവിൽ സ്നേഹം എത്ര വിലപ്പെട്ടതായിരുന്നു എന്ന്..

2021ലെ ദി ന്യൂ സൺഡേ എക്സ്പ്രസ് പത്രത്തിൽ എട്ടാം പേജിൽ 'സ്ട്രഗിൾ, സ്ട്രഗിൾ ആന്റ് സ്ട്രഗിൾ എഗൈൻ' എന്ന തലക്കെട്ടിൽ പോയിന്റ് ഓഫ് വ്യൂസ് എന്ന ഉപതലക്കെട്ടിൽ ശ്രീമാൻ ടി.ജെ.എസ്. ജോർജ് എഴുതിയ ലേഖനത്തിന്റെ ഉള്ളടക്ക പരിഭാഷയാണ് ഞാൻ മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇതാകട്ടെ ലോകത്ത് പൊതുവിൽ മുതലാളിത്ത സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക ജീവിതത്തിൽ ഒരു ചെറു ന്യൂനപക്ഷം എല്ലാത്തിന്റെയും ഉടമകൾ എന്ന നിലയിൽ നടത്തുന്ന ജീവിതാഭാസത്തിന്റെ ദയസ്പർശിയായ പ്രതികരണമാണ് ശ്രീ. ജോർജ് പ്രതികരിച്ചിരിക്കുന്നത്.. ഇതിന്റെ മറുഭാഗം നൂറുകണക്കിന് കോടി നിരാശ്രയരായ മനുഷ്യജീവിതങ്ങൾ ദുരിത പൂർണമായ ജീവിതം സഹിച്ച് മണ്ണടിഞ്ഞു കൊണ്ടിരിക്കുന്നു.

ഈ നീച വ്യവസ്ഥിതിക്കെതിരായ ശബ്ദമുയർത്തുന്ന സമരം നടത്തുന്ന ഒരു സമൂലമാറ്റത്തിന് വേണ്ടി, ഒരു സമത്വാധിഷ്ഠിത, ചൂഷണരഹിത സാമൂഹ്യ ക്രമത്തിന് വേണ്ടി, സോഷ്യലിസ്റ്റ് സാമൂഹ്യ വ്യവസ്ഥക്കും കമ്യൂണിസ്റ്റ് ജീവിതക്രമത്തിനും വേണ്ടി പോരാടുന്ന ചെറുതെങ്കിലും തൊഴിലാളി വർഗ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്ന ജനലക്ഷങ്ങൾ ലോകത്തിന്റെ എല്ലാ കോണിലും ഉണ്ട്. ഫ്യൂഡൽ വ്യവസ്ഥ തൂത്തെറിഞ്ഞ് മുതലാളിത്ത വ്യവസ്ഥ സ്ഥാപിതമായതുപോലെ ഇന്ന് ജീർണിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്ത വ്യവസ്ഥയെ തകർത്തെറിഞ്ഞു സോഷ്യലിസ്റ്റ് വ്യവസ്ഥയിലേക്ക് നയിക്കാൻ തൊഴിലാളി വർഗ കാഴ്ചപ്പാടിനും സംഘടിതശക്തികൾക്കും കഴിയും. ഈ വഴിക്ക് നീങ്ങുന്ന വമ്പൻ ദേശീയ ശക്തികൾ നിലവിലുണ്ട് എന്ന വസ്തുത വിസ്മരിക്കണ്ട. പ്രതീക്ഷയോടെ പ്രവർത്തിക്കാം, കാത്തിരിക്കാം.

ജീർണിച്ചു കൊണ്ടിരിക്കുന്ന മുതലാളിത്ത വ്യവസ്ഥയുടെ കിരീടം പേറുന്ന രാഷ്ട്രമാണ് അമേരിക്ക. ഒരുകാലത്ത് അതീവസമ്പന്നമായിരുന്ന അമേരിക്ക ഇന്ന് കടുത്ത സാമ്പത്തിക തകർച്ചയിലാണ്. കര കയറാൻ കഴിയുന്നില്ല.

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ലോക മഹായുദ്ധാന്തര കാലഘട്ടത്തിൽ ലോകത്താകെ ഉള്ള സാമ്പത്തിക ശേഷിയെ കവച്ചുവയ്ക്കുന്ന സാമ്പത്തിക ശേഷി അമേരിക്കയ്ക്ക് ഉണ്ടായിരുന്നു. എന്നാൽ 21ാം നൂറ്റാണ്ടിൽ 2008 മുതൽ തുടങ്ങിയ മുതലാളിത്ത സാമ്പത്തിക കുഴപ്പം അമേരിക്കയുടെ കഴുത്തിൽ ചുറ്റിയ സാമ്പത്തിക കുരുക്ക് മുറുകി കൊണ്ടിരിക്കുന്നു എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

1960ൽ അമേരിക്കൻ ജിഡിപി ആഗോള ജിഡിപിയുടെ 40 ശതമാനമായിരുന്നു. അതു കുറഞ്ഞ് കുറഞ്ഞ് 22 ശതമാനത്തിനും താഴേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. 2020 ജൂലൈയിൽ അമേരിക്കയുടെ കടം 26.5 ട്രില്യൺ ഡോളറായിരുന്നു. അതേ സമയം ആസ്തി 21.44 ട്രില്യൻ ഡോളറാണ്. ഈ ചുഴിയിൽ നിന്നും കര കയറാൻ അമേരിക്കയ്ക്ക് കഴിയില്ല. അതേ സമയം ജനകീയ ചൈന ഇലക്ട്രോണിക് വസ്തുക്കളുടെയും കമ്പ്യൂട്ടറുകളുടെയും വിവരസാങ്കേതിക വിദ്യയുടെയും ഉപഭോഗ വസ്തുക്കളുടെയും ഉൽപ്പാദനത്തിനും വിതരണത്തിലും എല്ലാം ആഗോള രംഗത്ത് വലിയ മേൽക്കൈ നേടിക്കൊണ്ടിരിക്കുന്നു. അതോടൊപ്പം സാമ്പത്തിക രംഗത്തും സൈനിക രംഗത്തും ചൈന മുന്നേറുകയാണ്. ചൈനയുടെ ഈ മുന്നേറ്റം ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷകൾക്ക് വക നൽകുന്നു. ●

# സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിൽ ഇന്ത്യ എന്ത് ആഘോഷിക്കും

2022 -ൽ കേന്ദ്ര ബിജെപി സർക്കാർ ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയതിന്റെ 75-ാം വാർഷികം വലിയ രൂപത്തിൽ ആഘോഷിക്കാൻ തീരുമാന മെടുത്തിരിക്കുകയാണ്. സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയ മഹാത്മഗാന്ധിയെ കൊല ചെയ്ത ആർഎസ്എസ് പരിവാരത്തിൽപെട്ട ബിജെപി സർക്കാരിന്റെ നേതൃത്വത്തിലാണ് ഈ ആഘോഷം നടക്കുന്നത് എന്നത് ഇന്ത്യാ ചരിത്ര ത്തിലെ ഒരു കറുത്ത അധ്യായം തന്നെയാണ്. ആ വിഷയം അവിടെ നിൽക്കട്ടെ. സ്വാതന്ത്ര്യം കിട്ടി



75 വർഷത്തിനു ശേഷം എന്താണ് ആഘോഷിക്കാ നുള്ളത് എന്നു പരിശോധിച്ചാൽ ഇന്ത്യയിലെ ബഹു ഭൂരിപക്ഷം ജനങ്ങ ളുടെ ദയനീയമായ ചിത്രമാണ് നമ്മുടെ മുന്നിൽ തെളിഞ്ഞു വരുന്നത്.

ആഗോള വിശപ്പ് സൂചികയിൽ 107 രാജ്യങ്ങ ളിലെ 97ാം സ്ഥാനമാണ് ഇന്ത്യയുടേത്. ഇതിനെ കുറിച്ച് ഒരു കേന്ദ്ര മന്ത്രിയുടെ പ്രസ്താവന രസക രമാണ്. ഇന്ത്യയിലെ ജനങ്ങൾ പട്ടികൾക്കു വരെ മധുരം കൊടുക്കുന്ന ദയാഹൃദയരാണ് എന്ന് പറഞ്ഞ് ആ റിപ്പോർട്ട് തള്ളികളഞ്ഞു. അസമത്വ ത്തിന്റെ വിഷയമെടുത്താൽ ലോകത്തെ ഏറ്റവും മോശമായ സ്ഥിതിയാണ് ഇന്ത്യയിലേത്. മഹാമാ രിയുടെ കാലത്ത് ഇന്ത്യയിലെ ധനികർ സമ്പത്ത് കുന്നുകൂട്ടിയപ്പോൾ ഇന്ത്യയിലെ പട്ടിണിക്കാരുടെ എണ്ണം 7.5 കോടി വർധിച്ചു എന്നാണ് ലോക ബാങ്കിന്റെ കണക്കുകൾ പറയുന്നത്. മഹാമാരി കാലത്ത് ലോകത്തെ പട്ടിണിക്കാരുടെ എണ്ണ ത്തിലുണ്ടായ വർധനവിന്റെ 60% ഇന്ത്യയിലാണ്. മഹാമാരിക്കാലത്ത് കുടിയേറ്റ തൊഴിലാളികളോ ട് ഏറ്റവും ക്രൂരമായി പെരുമാറിയ ഒരു രാജ്യമാണ് ഇന്ത്യ. കുടിയേറ്റ തൊഴിലാളികളുടെ ജീവിതം എളുപ്പത്തിലുള്ളതാക്കാൻ ശ്രമിക്കുന്നതിനു പകരം കുത്തകകളുടെ ബിസിനസ് എളുപ്പത്തി ലാക്കാൻ വേണ്ടി തൊഴിലാളികളുടെ ജീവിതം ദുരിതത്തിലാക്കി. 2021 മാർച്ച് 7 ന് ഫോബ്സ് മാഗസീൻ പുറത്തുവിട്ട കണക്കനുസരിച്ച് ലോകത്ത് ഇന്ത്യ കോടീശ്വരന്മാരുടെ എണ്ണത്തിൽ മൂന്നാം സ്ഥാനത്താണ്. 2020 ൽ ഇന്ത്യയിൽ 102 കോടീശ്വരന്മാരാണ് ഉണ്ടായിരുന്നത്. 2021 ൽ അത് 140 ആയി ഉയർന്നു.

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിൽ ഇന്ത്യയിലെ കോടീശ്വരന്മാർക്ക് മാത്രമാണ് ആഘോഷിക്കാൻ വകയുള്ളത്.

## ലിംഗസമത്വം ഇന്ത്യ 140-ാം സ്ഥാനത്ത്

ലിംഗസമത്വത്തിന്റെ അടിസ്ഥാനത്തിൽ ലോക സാമ്പത്തിക ഫോറം തയാറാക്കിയ 156 രാജ്യത്തിന്റെ ഈ വർഷത്തെ പട്ടികയിൽ ഇന്ത്യ 140ാം സ്ഥാനത്ത്. കഴിഞ്ഞ വർഷത്തെ അപേ ക്ഷിച്ച് ഇന്ത്യ 28 സ്ഥാനം പിന്നിലായി. ഐസ്‌ല ന്റാണ് ലിംഗവിവേചനം ഏറ്റവും കുറവുള്ള രാജ്യം. പട്ടികയിൽ ഏറ്റവും പിന്നിൽ അഫ്ഗാനി സ്ഥാൻ. ദക്ഷിണേഷ്യയിൽ ഏറ്റവും മെച്ചപ്പെട്ട സ്ഥിതി ബംഗ്ലാദേശിൽ.

സാമ്പത്തിക മേഖലയിലെ പങ്കാളിത്തവും അവസരങ്ങളും വിദ്യാഭ്യാസ ലഭ്യത, രാഷ്ട്രീയ ശാക്തീകരണം, ആരോഗ്യക്ഷേമം എന്നീ ഘടക ങ്ങൾ പരിഗണിച്ചാണ് റിപ്പോർട്ട് തയാറാക്കിയത്. സ്ത്രീകളുടെ രാഷ്ട്രീയ ശാക്തീകരണ രംഗത്ത് ഇന്ത്യ ഗണ്യമായി പിന്നോട്ടു പോയി. പ്രൊഫഷണൽ, സാങ്കേതിക മേഖലകളിലും സ്ത്രീ പ്രാതിനിധ്യം ഇടിഞ്ഞു. സീനിയർ മാനേജ്മെന്റ് തലത്തിൽ സ്ത്രീകളുടെ പങ്ക് 15 ശതമാനത്തിൽ താഴെ.



## സ്ത്രീകളുടെ വരുമാനത്തിൽ ഇന്ത്യ പിന്നിൽ

ഇന്ത്യയിൽ സ്ത്രീകളുടെ വരുമാനം പുരുഷന്മാരുടെ വരുമാനത്തിന്റെ അഞ്ചിലൊന്ന് മാത്രം. ഈ ഉപസൂചികയിൽ ലോകത്തെ ഏറ്റവും മോശം 10 രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ആരോഗ്യക്ഷേമത്തിൽ സ്ത്രീകളോടുള്ള വിവേചനം ഏറ്റവും മോശമായ അഞ്ചു രാജ്യങ്ങളിൽ ഇന്ത്യയുണ്ട്. ഇന്ത്യൻ സ്ത്രീകളിൽ 34.2 ശതമാനം നിരക്ഷരരാണ്. പുരുഷന്മാരിൽ 17.6 ശതമാനവും.



പട്ടികയിൽ ബംഗ്ലാദേശ് 65, നേപ്പാൾ 106, ശ്രീലങ്ക 116, പാകിസ്ഥാൻ 153, അഫ്ഗാനിസ്ഥാൻ 156 എന്നിങ്ങനെയാണ് ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ സ്ഥാനം. ഐസ്‌ലന്റിനു പിന്നാലെ ഫിൻലന്റ്, നോർവെ എന്നിവയാണ് രണ്ടും മൂന്നും സ്ഥാനത്ത്. ബ്രിട്ടൻ 23ാം സ്ഥാനത്തും അമേരിക്ക 30ാം സ്ഥാനത്തും.

## ഇന്ത്യക്കാർക്ക് സന്തോഷമില്ല

ലോകത്തിൽ ഏറ്റവും സന്തോഷമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ വളരെ പിന്നിൽ. ഐക്യരാഷ്ട്ര സംഘടനയുടെ സുസ്ഥിര വികസന പരിഹാര ശൃംഖല പുറത്തിറക്കിയ പട്ടികയിൽ ഒന്നാമത് ഫിൻലന്റ് ആണ്.

ആകെ 153 രാജ്യമാണ് പട്ടികയിൽ ഉള്ളത്. ഇന്ത്യ 144-ാം സ്ഥാനത്താണ്. പാകിസ്ഥാൻ 105 ാം സ്ഥാനത്തും ബംഗ്ലാദേശ് 101ാം സ്ഥാനത്തുമാണ്. കോവിഡ് കാലത്തെ പ്രതിഫലനങ്ങളെ മുൻനിർത്തിയാണ് പട്ടിക തയാറാക്കിയത്. ജിഡിപി, സാമൂഹ്യ സുരക്ഷ തുടങ്ങിയവയാണ് മുഖ്യ മാനദണ്ഡങ്ങൾ. ലോകത്ത് മഹാമാരിയിൽ തളർന്ന ജനതയെ സഹായിക്കാൻ വിവിധ രാജ്യങ്ങൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിലയിരുത്തി. ഐസ്‌ലന്റ് ആണ് രണ്ടാമത്. ഡെന്മാർക്ക്, സ്വിറ്റ്സർലന്റ്, നെതർലന്റ്, സ്വീഡൻ, ജർമനി, നോർവെ തുടങ്ങിയവയാണ് തൊട്ടു പിന്നിൽ.

## ഇന്ത്യയിൽ മാതൃശിശു മരണം കുതിച്ചുയരും : ഡബ്ല്യൂ.എച്ച്.ഒ

ദക്ഷിണേഷ്യയിൽ 2020 ഒക്ടോബർ മുതൽ 2021 സെപ്തംബർ വരെയുള്ള കാലയളവിൽ മാതൃ ശിശുമരണത്തിൽ ഏറ്റവും വലിയ വർധനയുണ്ടാകുക ഇന്ത്യയിലായിരിക്കുമെന്ന് ലോകാരോഗ്യ സംഘടന. കോവിഡ് കാലത്ത് മറ്റ് ആരോഗ്യ പരിചരണത്തിലുണ്ടായ കുറവാണ് കാരണമെന്നും ഡബ്ല്യൂഎച്ച്ഒ, യുണിസെഫ്, യുഎൻ പോപ്പുലേഷൻ ഫണ്ട് എന്നിവ നടത്തിയ സംയുക്ത പഠനം നിരീക്ഷിക്കുന്നു.

ഈ കാലയളവിൽ ദക്ഷിണേഷ്യയിലാകെ അഞ്ചുലക്ഷം അധിക മരണം ഉണ്ടാകും. ഇതിൽ 4,91,117 ഇന്ത്യയിൽ മാത്രമായിരിക്കും. സമയോചിത നടപടിയെടുത്താൽ ഇത് 85,821 ആയി കുറയ്ക്കാനാകും. ആശുപത്രിയിലും ഐസിയുവിലും പ്രവേശിപ്പിക്കപ്പെടുന്നവരുടെ എണ്ണത്തിലും ഇന്ത്യ തന്നെയായിരിക്കും മുന്നിൽ.

ദക്ഷിണേഷ്യയിൽ അഞ്ചുവയസിൽ താഴെയുള്ള കുട്ടികളുടെ മരണത്തിൽ 2.29 ലക്ഷത്തിന്റെ വർധനയുണ്ടാകും. ഇന്ത്യയിൽ മാത്രം 1,54,020 കുഞ്ഞുങ്ങൾ കൂടുതലായി മരിക്കും. മുൻ വർഷത്തെ അപേക്ഷിച്ച് 15 ശതമാനം വർധന. പാകിസ്ഥാനിൽ ശിശുമരണം 14 ശതമാനം കൂടും.

ദക്ഷിണേഷ്യയിൽ ചാപിള്ളകളുടെ എണ്ണ



ത്തിൽ 89,434 ന്റെ വർധനയുണ്ടാകും. ഇതിലും ഇന്ത്യയാകും മുന്നിൽ. 60,179 ന്റെ വർധന (10 ശതമാനം) പാകിസ്ഥാനിൽ 11 ഉം ബംഗ്ലാദേശിൽ മൂന്നും ശതമാനം കൂടും. ഈ കാലയളവിൽ ഇന്ത്യയിൽ 7,750 ഉം (18 ശതമാനം) പാകിസ്ഥാനിൽ 2069 ഉം (21) അമ്മമാർ അധികമായി പ്രസവത്തോടെ മരിക്കും. അപ്രതീക്ഷിത ഗർഭധാരണവും കൂടും. ദക്ഷിണേഷ്യയിൽ 35 ലക്ഷം. ഇതിൽ 30 ലക്ഷവും ഇന്ത്യയിൽ 1519 പ്രായവിഭാഗത്തിലുള്ള മാതൃമരണവും പകർച്ചവ്യാധികൾ മൂലമുണ്ടാകുന്ന മരണവും കൂടും. കോവിഡ് കാരണം പഠന സൗകര്യങ്ങൾ ലഭിക്കാതെ വന്നത് വിദ്യാർത്ഥികളുടെ ഭാവി വരുമാനത്തിൽ ഇത് 15 23 ശതമാനം കുറവുണ്ടാക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു.

# കോടീശ്വരന്മാർ -ഇന്ത്യ മൂന്നാമത്

## ജാക്ക് മായെ പിന്തള്ളി ഏഷ്യയിൽ മുകേഷ് അംബാനി ഒന്നാമതെത്തി

കോടീശ്വരന്മാരുടെ എണ്ണത്തിൽ ഇന്ത്യ മൂന്നാം സ്ഥാനത്ത്. യുഎസും ചൈനയുമാണ് ഒന്നും രണ്ടും സ്ഥാനത്ത്. ആലിബാബ വ്യാപാര ശൃംഖലയുടെ ഉടമ ജാക്ക് മായെ പിന്തള്ളി ഏഷ്യയിലെ സമ്പന്നരുടെ പട്ടികയിൽ റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനി ഒന്നാമതെത്തി.

ഫോബ്സ് മാസിക പുറത്തിറക്കിയ ലോകത്തിലെ സമ്പന്നരുടെ പട്ടികയിൽ ഒന്നാം സ്ഥാനത്ത് ആഗോള ഇ കൊമേഴ്സ് സ്ഥാപനമായ ആമസോണിന്റെ സ്ഥാപകൻ ജെഫ് ബെസോസാണ്. ആസ്തി 17700 കോടി ഡോളർ. രണ്ടാം സ്ഥാനത്ത് സ്പേസ് എക്സ് ടെസ്ല തുടങ്ങിയ കമ്പനികളുടെ മേധാവി ഇലോൺ മസ്കാണ്. ആസ്തി 15100 കോടി ഡോളർ. കമ്പനി ഓഹരികളിൽ 705 ശതമാനം വർധന ഉണ്ടായതാണ് കാരണം. ഏഷ്യയിൽ

**യുഎസിൽ 724, ചൈനയിൽ 698**

**ഇന്ത്യയിൽ കഴിഞ്ഞ വർഷം 102**
**ഈ വർഷം 140 പേർ**

ഒന്നാം സ്ഥാനത്തുള്ള അംബാനിയുടെ ആസ്തി 8450 കോടി ഡോളറാണ്. പട്ടികയിലെ സ്ഥാനം 10. ഇന്ത്യയിൽ ഒന്നാമൻ. 17ാം സ്ഥാനത്തു നിന്ന് 26ാം സ്ഥാനത്തേക്ക് തള്ളപ്പെട്ട ജാക്ക് മായുടെ ആസ്തി 4840 കോടി ഡോളറാണ്. അദാനി ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനിയാണ് ഇന്ത്യയിൽ രണ്ടാമത്. ആസ്തി 5050 കോടി ഡോളർ. എച്ച്സിഎൽ ടെക്നോളജീസ് സ്ഥാപകൻ ശിവ് നാടാരാണ് മൂന്നാമത്. ആസ്തി 2350 കോടി ഡോളർ. ഇന്ത്യയിൽ ആകെ 140 ശതകോടീശ്വരന്മാരാണ് ഉള്ളത്.

# ഭാരത് ബന്ദിൽ രാജ്യം നിശ്ചലം

മോഡി സർക്കാർ കോർപറേറ്റുകൾക്കായി കൊണ്ടുവന്ന കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ട്രേഡ് യൂണിയനുകളുടെ പിന്തുണയോടെ കർഷക സംഘടനകൾ മാർച്ച് 26 ന് ആഹ്വാനം ചെയ്ത 12 മണിക്കൂർ ഭാരത് ബന്ദ് പൂർണം. രാജ്യത്ത് റെയിൽ റോഡ് ഗതാഗതം സ്തംഭിച്ചു. ഭൂരിഭാഗം സംസ്ഥാനങ്ങളിലും കമ്പോളങ്ങൾ അടഞ്ഞു. വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാർ ഓഫീസുകളും പ്രവർത്തിച്ചില്ല. ഡൽഹി അതിർത്തിയിലെ കർഷക സമരം നാലു മാസം പിന്നിടുന്നത് മുൻനിർത്തിയാണ് ഭാരത് ബന്ദിന് ആഹ്വാനം ചെയ്തത്. കേരളം ഉൾപ്പെടെ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളെ ബന്ദിൽ നിന്നൊഴിവാക്കി. ഈ സംസ്ഥാനങ്ങളിൽ പ്രകടനങ്ങളും പ്രതിഷേധ യോഗങ്ങളും സംഘടിപ്പിച്ചു. ബന്ദ് വിജയമാക്കിയ കർഷകരെയും തൊഴിലാളികളെയും കർഷക സംഘടനകളുടെ സംയുക്ത കിസാൻ മോർച്ചയും ബിഎംഎസ് ഒഴികെയുള്ള കേന്ദ്ര ട്രേഡ് യൂണിയനുകളും അഭിനന്ദിച്ചു. ബിജെപി ഭരണമുള്ള യുപി, മധ്യപ്രദേശ്, ഗുജറാത്ത്, ഹരിയാന, ഉത്തരാഖണ്ഡ്, ഹിമാചൽ, കർണാടക, എൻഡിഎ ഭരിക്കുന്ന ബീഹാർ എന്നിവിടങ്ങളിൽ പോലീസിനെയും അർധസേനയെയും വിപുലമായി വിന്യസിച്ച് ബന്ദിനെ അട്ടിമറിക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. യുപി അടക്കമുള്ള സംസ്ഥാനങ്ങളിൽ കർഷകരും തൊഴിലാളികളും റോഡുകളും റെയിലുകളും ഉപരോധിച്ചു. ഇവിടങ്ങളിൽ നൂറുകണക്കിന് കർഷകർ പ്രകടനങ്ങളിലും ഉപരോധങ്ങളിലും പങ്കെടുത്ത് അറസ്റ്റു വരിച്ചു.

സംസ്ഥാന സർക്കാരും പിന്തുണയുമായി രംഗത്തുവന്നതോടെ ആന്ധ്ര പൂർണമായും നിശ്ചലമായി. വിശാഖപട്ടണം സ്റ്റീൽ പ്ലാന്റ് സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര നീക്കത്തിൽ പ്രതിഷേധിച്ചാണ് വൈഎസ്ആർ കോൺഗ്രസ് സർക്കാർ ബന്ധിന് പിന്തുണ പ്രഖ്യാപിച്ചത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ഓഫീസുകൾക്കും വെള്ളിയാഴ്ച ഒരു മണിവരെ സർക്കാർ അവധി പ്രഖ്യാപിച്ചിരുന്നു. ഇടതുപക്ഷ പാർടികൾക്ക് പുറമെ എഎപി, അകാലിദൾ തുടങ്ങിയ പാർടികൾ കർഷക ബന്ദിന് പിന്തുണ പ്രഖ്യാപിച്ചിരുന്നു. ഡൽഹി അതിർത്തിയിലെ സമര കേന്ദ്രങ്ങളിൽ കർഷകർ ബന്ദിന് പിന്തുണയുമായി പ്രകടനവും പ്രതിഷേധ യോഗവും സംഘടിപ്പിച്ചു. നൂറു കണക്കിന് കേന്ദ്രങ്ങളിൽ കർഷകരും തൊഴിലാളികളും ദേശീയ പാതകളടക്കം ഉപരോധിച്ചു.